# മലയിലെ ആകർഷണം എന്താണ്?

വിശ്വസിക്കു, വിശ്വസിക്കു
വിശ്വസിക്കു, സകലതും സാദ്ധ്യമാണ്.

നമുക്കിപ്പോൾ നമ്മുടെ തലകളെ വണക്കാം.

പിതാവായ ദൈവമേ, ഇന്നു രാത്രിയിലെ ഞങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന അതാണ്, ഈ ദിവസത്തു നീ ജനങ്ങൾക്കായി ചെയ്യുന്നതെല്ലാം കാണുമ്പോൾ. കർത്താവെ, ഞങ്ങൾക്കു നിന്നെ വിശ്വസിക്കാൻ മാത്രം കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞങ്ങൾ നിന്നോടു ചോദിക്കുന്നു. എഴുതപ്പെട്ടിരിക്കുന്ന തിരുവെഴുത്തു ഞങ്ങൾക്കു പ്രത്യക്ഷമായി വന്നിരിക്കുന്നു, അതു സത്യമാണെന്നു വിശ്വസിക്കാനായെങ്കിൽ. ഈ കാര്യങ്ങളെ അനുവദിച്ചാലും, പിതാവെ.

2 ഇന്നു രാവിലെ നേരം തിരുവെഴുത്തിന്മേൽ നീ ചൊരിഞ്ഞ ആ—ആ വെളിച്ചത്തിനായി ഇന്നു രാത്രിയിൽ ഞങ്ങൾ അങ്ങേയ്ക്കു നന്ദിയർപ്പിക്കാൻ ആഗ്രഹിക്കുന്നു. കർത്താവെ, ഇന്നു രാത്രിയിലെ പ്രാർത്ഥന നിരയിൽ, നിന്റെ വചനം സത്യമാണെന്നു നീ തന്നെ സമർത്ഥിച്ചു കാണിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3 രാജ്യത്തിൽ എമ്പാടുമായി, ഈ ചെറിയ ഉച്ചഭാഷിണിയുടെ ശബ്ദത്തിൻ കീഴിൽ, കൂടിവന്നിരിക്കുന്ന സകല സഭകൾക്കും കൂട്ടായ്മകൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു, പടിഞ്ഞാറേ തീരം തുടങ്ങി, അരിസോണയിലെ പർവ്വതങ്ങൾ വരെയും, ടെക്സാസിന്റെ നിരന്ന പ്രദേശങ്ങൾ തുടങ്ങി, കിഴക്കേ തീരം വരെയും, രാജ്യമെമ്പാടുമായി, കർത്താവെ, അവർ എവിടെ കൂടിവന്നാലും ശരി, സമയത്തിൽ മണിക്കൂറുകൾ വ്യത്യാസമുണ്ട്, ഞങ്ങൾ സമയത്തിലായിരിക്കുന്നു, എന്നാൽ, കർത്താവെ, വിശ്വാസികളായി, ഇന്നു രാത്രിയിൽ ഞങ്ങൾ ഒരു ഘടകമായി, മശീഹായുടെ വരവിനെ നോക്കിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗീയ പിതാവെ, സഭയ്ക്കായി നീ അവനെ വേഗത്തിൽ അയയ്ക്കേണം എന്നു, ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇതു ഞങ്ങൾ അവന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

4 നിങ്ങൾക്ക് ഇരിക്കാം. ഇന്നു രാത്രിയിൽ ഇവിടെ ആയിരിക്കുന്ന ഏവർക്കും ക്രിസ്തീയ ആശംസകൾ. നാം തിങ്ങി നിറഞ്ഞിട്ട് ശ്വാസം എടുക്കാൻ പോലും സ്ഥലം ഇല്ലാതിരിക്കുന്നതിനാൽ ഞാൻ ഖേദിക്കുന്നു. എയർ കണ്ടിഷനുകൾ ഉണ്ടായിരുന്നിട്ട്, അതു നന്നേ

ശീതീകരിക്കുന്നെങ്കിലും, ജനങ്ങൾ കൂട്ടതലായിരിക്കുന്നതിനാൽ, അതു നന്നായി അനുഭവപ്പെടുന്നില്ല. സാധാരണ ഒരു ആലയത്തിൽ ഉണ്ടായിരിക്കേണ്ട ജനങ്ങളാണ് നിറയെ ഇരുന്നിരുന്നു എങ്കിൽ, അവ നിങ്ങളെ തണുപ്പിച്ച് നിശ്ചലമാക്കി കളയുമായിരുന്നു. ഇപ്പോൾ എയർ കണ്ടിഷൻ അതിന്റെ കഴിവിന്റെ പരമാവധി പ്രവർത്തിച്ചിട്ടും, എല്ലാവർക്കും ഒരു വീശറിയുണ്ടായിട്ട്, അതുകൊണ്ടു വീശുകയാണ്.

5 പടിഞ്ഞാറേ തീരം മുതൽ കിഴക്കെ തീരം വരെ, കേട്ടുകൊണ്ടിരിക്കുന്ന, ക്രിസ്തുവിലുള്ള നമ്മുടെ എല്ലാ സുഹൃത്തുക്കൾക്കും ഞങ്ങൾ ആശംസകൾ അയയ്ക്കുന്നു. സാൻ ജോസിലെ, സഹോദരൻ ബോർഡേർസിനും, അവിടെയുള്ള കൂട്ടർക്കും, ഞങ്ങൾ ആശംസകൾ അയയ്ക്കുന്നു. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന അരിസോണയിലെ, പ്രിസ്കോർട്ടിലുള്ള പർവ്വതങ്ങളിലെ, സഹോദരൻ ലിയോ മേർസിയറിയും അദ്ദേഹത്തിന്റെ കൂട്ടർക്കും, ഞങ്ങൾ ആശംസകൾ അയയ്ക്കുന്നു. കർത്താവിന്റെ വരവിനായി കാത്തിരുന്നു, ഇന്നു രാത്രിയിൽ, ട്യൂസണിൽ കൂടിവന്നവർക്കും, ഞങ്ങൾ ആശംസകൾ അയയ്ക്കുന്നു. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന, ഹ്യൂസ്റ്റൻ ടെക്സാസിന്റെ താഴ്വാരത്തുള്ളവർക്കും, ഞങ്ങൾ ആശംസകൾ അയയ്ക്കുന്നു. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന, ചിക്കാഗോയിൽ ഉള്ളവർക്കും, കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന, ന്യൂ യോർക്കിലും കണക്ടിക്കട്ടിന്റെ പടിഞ്ഞാറേ തീരത്ത്, അവിടെയുള്ള വലിയ കൂട്ടർക്കും, അവരെ ഇവിടെ ഇരുത്താനുള്ള സ്ഥലം ഞങ്ങൾക്കില്ല, അതുകൊണ്ട് നാം അവർക്കു ടെലിഫോണിന്റെ മാദ്ധ്യമത്തിലൂടെ വചനത്തെ അയയ്ക്കുകയാണ്. ക്ലാക്ക്സ്വിലെ, ജൂനിയിൽ ജാക്സനും അദ്ദേഹത്തിന്റെ കൂട്ടർക്കും നാം ആശംസകൾ അയയ്ക്കുന്നു. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്ന, അറുപത്തി-രണ്ടിലുള്ള സഹോദരൻ റൂഡേലിനും അദ്ദേഹത്തിന്റെ കൂട്ടർക്കും. പിന്നെ കർത്താവിന്റെ വരവിനായി കാത്തുകൊണ്ടു, നമ്മുടെ സ്വന്ത ആലയത്തിൽ ഇന്നു രാത്രിയിൽ കൂടിവന്നവർക്കും അയയ്ക്കുന്നു.

6 ഇപ്പോൾ, ഒരുപക്ഷേ നിങ്ങളിൽ അനേകരും ഇന്നു രാവിലത്തെ യോഗത്തിൽ ഉണ്ടായിരുന്നില്ലെന്നു വരാം. ഇല്ലാതിരുന്ന ഓരോരുത്തരും, ആ ടേപ്പ് വാങ്ങുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു, കാരണം, *സാറന്മാരെ, ഈ സമയം ഏതാണ്?* എന്ന സന്ദേശത്തിനു ശേഷം സഭയോടു നേരിട്ടു സംസാരിച്ച ഏറ്റവും ശ്രേഷ്ഠമായ സന്ദേശം അതാണെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു ആത്മാവിന്റെ അഭിഷേകം അനുഭവപ്പെട്ടു, ഞാൻ ചെയ്തതിനെ പറയാനായി

എനിക്ക് പ്രേരണയുണ്ടായി. അതു ദൈർഘ്യമേറിയാതായിരുന്നിട്ടും, അതു ചെയ്യുന്നതിനു ഞാൻ നയിക്കപ്പെട്ടതു പോലെ അനുഭവപ്പെട്ടു. കർത്താവ്, തന്റെ വചനത്താൽ, നാം ഏതു മണിക്കൂറിലാണ് ജീവിക്കുന്നത് എന്നു കാണിച്ചു തന്നു, എന്നു ഞാൻ വിചാരിക്കുന്നു. സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ നിഗൂഢമായ കാര്യങ്ങളെ നാം മനസ്സിലാക്കുന്നു എന്നു തീർച്ചപ്പെടുത്തുക. "ബുദ്ധിമാന്മാർ അതു ഗ്രഹിക്കും," എന്നു ബൈബിൾ പറയുന്നു, എന്നു നിങ്ങൾക്കറിയാം.

7 എന്നാൽ രാജ്യങ്ങളും ജനങ്ങളും "ബലഹീനനും ബുദ്ധിമാനുമായി," വളരും. ഇത്രയും ചിന്തിക്കു, ഇപ്പോൾ ഏകദേശമുള്ള അമേരിക്കക്കാർ, അവരുടെ മദ്ധ്യ വയസ്സിൽ, ഏകദേശം ഇരുപതു വയസ്സാകുമ്പോൾ, ബലഹീനരാകുന്നു എന്നാൽ ബുദ്ധിമാന്മാരാണ്. ആ ദിവസങ്ങളിൽ അവർക്കു ജെറ്റു വിമാനങ്ങളോ, പിന്നെ—പിന്നെ അണ്വായുധത്തിന്റെ യുദ്ധ സാമഗ്രികളോ മറ്റോ ഉണ്ടായിരുന്നില്ല, എന്നാൽ അവർ ദീർഘകാലം ജീവിച്ചിരുന്നു. നമ്മൾ ബലഹീനപ്പെട്ടും ബുദ്ധിമാന്മാരും ആയിക്കൊണ്ടിരിക്കുന്നു, നമ്മുടെ ജ്ഞാനം തന്നെ നമ്മെ നശിപ്പിക്കാൻ പോകുന്നതും. നമ്മൾ നമ്മെ സ്വയം നശിപ്പിക്കും. ദൈവം നമ്മെ നശിപ്പിക്കുകയില്ല; നമ്മുടെ ജ്ഞാനം നമ്മെ നശിപ്പിക്കും. അതു എപ്പോഴും ആ വിധത്തിലായിരുന്നു, അങ്ങനെ തന്നെ വീണ്ടും സംഭവിക്കും.

8 ഇപ്പോൾ, കർത്താവിന്റെ ഇഷ്ടമെങ്കിൽ, അടുത്ത ഞായറാഴ്ച രാവിലെ, എന്തിനെക്കുറിച്ചാണ് ഞാൻ സംസാരിക്കാൻ പോകുന്നതെന്നു അറിയാതെ, ഞാൻ കർത്താവിൽ വിശ്വാസം വെയ്ക്കുന്നു, ഒന്നും സംഭവിക്കാതെ അവൻ നമ്മെ ജീവിച്ചിരിക്കാൻ അനുവദിച്ചാൽ, അതു അവന്റെ ഇഷ്ടമാണ്. അടുത്ത ഞായറാഴ്ച രാവിലെ നേരം, നാം മറ്റൊരു സന്ദേശം സംസാരിക്കാൻ ഉന്നമിടുന്നു, അടുത്ത ഞായറാഴ്ച രാത്രി രോഗികൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. അതുകഴിയുമ്പോൾ എനിക്ക് തിരികെ വീട്ടിലേക്ക് പോയി അരിസോണയിൽ നിന്നും കുടുംബത്തെ കൂട്ടിക്കൊണ്ടു വന്ന് കുട്ടികളെ പള്ളിക്കൂടത്തിലേക്ക് തിരികെ അയയ്ക്കാൻ രജിസ്റ്റർ ചെയ്യാനുള്ള നറുക്കു വീഴും. പിന്നെ നിങ്ങൾ...ഞങ്ങൾക്കു കഴിയുന്നതിലും വേഗത്തിൽ, യോഗങ്ങൾ തയ്യാറായി കഴിയുമ്പോഴോ, അതല്ല അതിന്റെ സമയം നാം...നമ്മൾ അതു ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലമായാലും, അതു നിങ്ങളെ അറിയിക്കുന്നതാണ്. അതിനാൽ, ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

9 ഇപ്പോൾ ഇന്നു രാത്രിയിൽ, അതു ഇതാണെന്നു അറിയാനിടയായിട്ട്...തുടക്കത്തിൽ തന്നെ, ഞാൻ പതിനഞ്ചു മിനിട്ടു താമസിച്ചിരിക്കുന്നു, ഇവിടെ ജെഫെർസൺവില്ലെയിൽ

ഏഴേമുക്കാൽ ആയിരിക്കുന്നു; അതു കിഴക്കേ തീരത്തു ഏകദേശം എട്ടേമുക്കാലാണ്. പിന്നെ പടിഞ്ഞാറേ തീരത്തു ഏകദേശം അഞ്ചു മണിയായിരിക്കുന്നു. അങ്ങനെ നമുക്ക് ഇവിടെ ഏകദേശം സൂര്യസ്ഥമനസമയം ആയിരിക്കുന്നു. ഞാൻ നിങ്ങളോടു ഒരു ചുരുങ്ങിയ സമയം സംസാരിക്കാൻ ആഗ്രഹിച്ചിട്ട്, ആത്മാവിന്റെ അഭിഷേകത്തിനായി ശ്രമിക്കുകയും, അതുകഴിഞ്ഞയുടൻ തന്നെ പ്രാർത്ഥന നിര വിളിക്കുകയും ചെയ്യുന്നതാണ്.

10 ഇവിടെയും, മറ്റുള്ള എല്ലാ ഇടങ്ങളിലും കൂടിവന്നിരിക്കുന്ന കൂട്ടായ്മകളെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു പുരുഷനെ, ഒരു സഹോദരനെ കണ്ടുപിടിക്കുക, നാം രോഗികൾക്കായി പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ, നിങ്ങളുടെ കൂട്ടായ്മയിൽ രോഗികളായിട്ടുള്ളവരുടെ മേൽ കൈകളെ വെച്ചു പ്രാർത്ഥിക്കുക. ഓർക്കു, ദൈവം സർവ്വവ്യാപിയാണ്; അവൻ എല്ലായിടത്തുമുണ്ട്. അതുകൊണ്ട്, ടെക്സാസിലോ, കാലിഫോർണിയായിലോ, അരിസോണയിലോ, നിങ്ങൾ എവിടെ ആയിരുന്നാലും ശരി, ഞങ്ങൾ രോഗികൾക്കായി പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ, രോഗികളുടെ മേൽ കൈകളെ വെയ്ക്കുക. ദൈവം കേട്ട് പ്രാർത്ഥനയ്ക്കു ഉത്തരമരുളും എന്നു എനിക്കു തീർച്ചയാണ്.

11 അസാധാരണമായ കാര്യം, കഴിഞ്ഞ ഞായറാഴ്ച രാത്രി, പരിശുദ്ധാത്മ അഭിഷേകത്തിന്മേൽ ആയിരുന്നപ്പോൾ, പരിശുദ്ധാത്മാവ്...അതു വളരെ വാസ്തവമായ ഒരു കാര്യമായിരുന്നു. കഴിഞ്ഞ തവണ ഞാൻ ഇവിടെ ആയിരുന്നതു മുതൽ, മാസങ്ങൾ മാസങ്ങൾ കൊണ്ടു എനിക്ക് ഒരു—ഒരു ഹൃദയ വിവേചനം കിട്ടിയിരുന്നില്ല. പിന്നെ ഒരു വാഗ്ദാനത്തിന്റെ കീഴിൽ അവിടെയ്ക്ക് നടന്നു ചെല്ലുമ്പോൾ...അവൻ അതു ചെയ്യുമെന്നു നിങ്ങൾക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. അവൻ അതു ചെയ്യുമെന്നും നിങ്ങൾക്ക് പറയാൻ കഴിയില്ല. നിങ്ങൾക്ക് അവിടേയ്ക്ക് നടന്നു ചെന്ന് അതിനായി കാത്തിരിക്കേണ്ടതുണ്ട്. അവൻ പരമാധികാരിയാണ്. അവൻ ആഗ്രഹിക്കുന്നതു എന്തും അവൻ ചെയ്യുന്നു. അവൻ എന്തു ചെയ്യുന്നു എന്നറിയാൻ അവിടെ പോയി കാത്തിനില്ക്കുക, അപ്പോൾ അതു നിങ്ങളിലൂടെ ഭേദിച്ചുകൊണ്ടു വരുന്നതുപോലെ നിങ്ങൾക്കു അനുഭവപ്പെടുന്നു.

12 ആ—ആ യോഗത്തിന്റെ അവസാനം, അതു ആരായിരുന്നു എന്നു പോലും അറിയാനായില്ല, നിരയിൽ എവിടെയോ ഒരു—ഒരു

പൊക്കമുള്ള മനുഷ്യൻ ഉണ്ടായിരുന്നു, അദ്ദേഹം കഷണ്ടിയായിരുന്നിട്ട്, വളരെ രോഗിയും ആയിരുന്നു.

13 ഏറ്റവും ഒടുവിലായി, ഇവിടെ പ്രസംഗവേദിയിൽ ഒരു മനുഷ്യൻ കാഴ്ചയിൽ വന്നു, അവന്റെ തല താഴ്ത്തിയിരുന്നിട്ട്, അവൻ കഷ്ടപ്പെടുന്നതുപോലെ തോന്നിയിട്ട്, തന്റെ വയറിനു ചുറ്റിനും പിടിച്ചിരിക്കുകയും ചെയ്തിരുന്നു. അതു ഒന്നാമതോ രണ്ടാമതോ ആയിരുന്ന മനുഷ്യനായിരിക്കാം എന്നു ഞാൻ വിചാരിച്ചു, അതു എപ്പോഴോ ഒരിക്കൽ ഞാൻ പ്രാർത്ഥിച്ചരിക്കുകയും ചെയ്തിരുന്നു, കാരണം അവന്റെ തല കഷണ്ടിയായിരുന്നിട്ട് അവന്റെ തല താഴ്ത്തി പിടിച്ചിരുന്നു; ഒരു വലിയ മനുഷ്യൻ, കുനിഞ്ഞിരിക്കുകയായിരുന്നു. എന്നാൽ ഞാൻ ചുറ്റിനും നോക്കുമ്പോൾ ആ മാന്യ വ്യക്തി അവിടെ ഇരുന്നു, അയാൾ ആനന്ദിക്കുകയായിരുന്നു. ഞാൻ ചിന്തിച്ചു, "അതു എവിടെയാണ്?" അതു എവിടെയായിരുന്നു എന്നു എനിക്ക് തീരുമാനിക്കാൻ കഴിഞ്ഞില്ല. എനിക്ക് അതു അനുഭവിക്കാൻ കഴിഞ്ഞിട്ട് ആ മനുഷ്യനെ എന്റെ മുന്നിൽ കാണാൻ കഴിഞ്ഞിരുന്നു.

അത് എന്നെ ഈ വശത്തേക്ക് വലിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു, അതു പുറകിൽ നിന്നു വന്നിരുന്നു. ഞാൻ സഹോദരൻ നേവിലിനെയും അവിടെ ഇരിക്കുന്ന രണ്ടുപേരെയും കണ്ടു, അതു അവർ ആയിരുന്നില്ല. ഞാൻ പറഞ്ഞു, "ആ മനുഷ്യൻ അവിടെ പിന്നിലായി അവിടെ സ്നാനം കഴിപ്പിക്കുന്ന സ്ഥലത്തിനുള്ളിലാകുന്നു." അത് ആരായിരുന്നു എന്നു നിങ്ങൾക്കറിയാമോ? സഹോദരൻ ഷെഫേർഡ്. അവൻ അവിടെ ഏറ്റവും പിന്നിലായി തന്റെ തല കുമ്പിട്ടുകൊണ്ടു, പ്രാർത്ഥിച്ചു കൊണ്ടിരുന്നതിനാൽ, എനിക്ക് അവനെ തിരിച്ചറിയാനായില്ല.

14 അവൻ മരിക്കാൻ പോകുന്നു എന്നാണ് അവൻ വിചാരിച്ചിരുന്നതു, അതു കഴിഞ്ഞ കുറച്ചു ആഴ്ചകളായി ചിന്തിച്ചിരുന്നു. അവന്റെ ഭാര്യ അവനോടു പോയി ഒരു ജോഡി പുതിയ ഷൂസുകൾ വാങ്ങാൻ പറഞ്ഞു, അപ്പോൾ അവൻ പറഞ്ഞു, "എനിക്ക് അതിന്റെ ആവശ്യമില്ല, ഞാൻ ഇവിടെ വളരെ കാലം ഉണ്ടായിരിക്കില്ല."

15 ദൈവത്തെ പുകഴ്ത്തുകയും ആർപ്പിട്ടു കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ...അവൻ എന്നെ കഴിഞ്ഞ ദിവസം സഹോദരൻ വുഡിന്റെ അങ്കണത്തിൽ വെച്ചു കണ്ടു. പറഞ്ഞു, "ഉപ്പിട്ടുണക്കിയ പന്നിയിറച്ചിയോ, മുട്ടയോ, തക്കാളി പഴമോ, ആഗ്രഹമുള്ളതു എന്തും എനിക്കു കഴിക്കാനാകുന്നു."

16 താഴ്മയോടെ തന്റെ ഇരുപ്പിടം വിട്ടുകൊടുത്തിട്ട്, അവിടെ നിന്നും മാറി, പുറകിലേക്ക് കടന്നുപോയി, പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നോക്കു,

നിങ്ങൾക്ക് ഒരു പ്രാർത്ഥനാ കാർഡിന്റെയും ആവശ്യമില്ല, നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത് വിശ്വാസം മാത്രമാണ്. കാണുന്നോ?

ഇപ്പോൾ, അവൻ സൌഖ്യം പ്രാപിച്ചുവോ ഇല്ലയോ എന്നെനിക്ക് അറിയില്ലായിരുന്നു, ഞാൻ പറഞ്ഞതേയുള്ളൂ, “ഒരു—ഒരു മനുഷ്യൻ പ്രാർത്ഥിക്കുന്നു, അവനു എന്തോ കുഴപ്പമുണ്ട്,” അതിനെ വിളിക്കുന്നതു ഇങ്ങനെയാണെന്നു ഞാൻ കരുതുന്നു, “വയറിന്റെ കുഴപ്പം, ഇവിടെ പിന്നിലിരുന്നു പ്രാർത്ഥിക്കുന്നു. കർത്താവായ യേശു നിങ്ങളെ സുഖമാക്കുന്നു.” ഇപ്പോൾ, അതു മാത്രമേ എനിക്ക് പറയാനാകൂ. ആ വലിയുണ്ടായതു അവൻ പ്രാർത്ഥിച്ചു കൊണ്ടിരുന്നതാനാലാണ്. എനിക്കതു കാണാൻ കഴിഞ്ഞിരുന്നു, പിന്നെ എന്തു സംഭവിച്ചെന്നു എനിക്കറിയില്ല. കാണുന്നോ?

17 എന്നാൽ അതു തിരികെ വരുന്നതു നിങ്ങൾ കേൾക്കുമ്പോൾ, എല്ലാവരും ജാഗ്രതയുള്ളവരാണ്, “കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു,” എന്നു അതു പറയുമ്പോൾ, നോക്കൂ, അതു അപ്പോൾ മുതൽ പറയുന്നതു ഞാൻ അല്ല; അതു അവനാണ്.

18 എന്നാൽ ഞാൻ എപ്പോഴും പറയാറുണ്ട്, “യേശുക്രിസ്തു നിന്നെ സൌഖ്യമാക്കുന്നു,” അതു കൃത്യമായും ശരിയാണ്. “അവൻ നമ്മുടെ അതിക്രമങ്ങൾക്കായി മുറിവേറ്റു, അവന്റെ അടിപ്പിണരിനാൽ നാം സൌഖ്യം പ്രാപിച്ചിരിക്കുന്നു.” കാണുന്നോ? കാണുന്നോ?

19 എന്നാൽ, “കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു,” എന്നു പറയുകയും, നിങ്ങൾ എന്തു ചെയ്യേണം എന്നും, എന്തു സംഭവിക്കാൻ പോകുന്നു എന്നും പറഞ്ഞാൽ, അതു ശ്രദ്ധിച്ചുകൊള്ളുക, അതു ആ വിധത്തിൽ തന്നെ ആയിരിക്കും.

20 എന്നാൽ, “യേശുക്രിസ്തു നിങ്ങളെ സൌഖ്യമാക്കി, നിങ്ങളെ സുഖമാക്കുന്നു,” എന്നു ഞാൻ പറഞ്ഞാൽ, നിങ്ങൾ അതു വിശ്വസിക്കേണം, കാരണം അവൻ അതു മുന്നമേ തന്നെ പറഞ്ഞിരിക്കുന്നു. അവൻ പറഞ്ഞിരിക്കുന്നതിനെ ഞാൻ ആവർത്തിക്കുന്നതാണ്.

21 ഒരു ദർശനം എന്നാൽ അവൻ കാണിച്ചു തരുന്നതിനെ ഞാൻ ആവർത്തിക്കുന്നതാണ്. നിങ്ങൾ മനസ്സിലാക്കിയോ?

22 ഇപ്പോൾ നമുക്ക് ധൃതിയിലാക്കി നേരെ വചനത്തിലേയ്ക്ക് കടക്കാം, കാരണം ഇവിടിരിക്കുന്ന നിങ്ങളിൽപ്പെട്ട അനേകർക്ക്, ഇന്നു രാത്രിയിൽ തന്നെ വളരെയധികം മൈലുകൾ യാത്ര ചെയ്യേണ്ടതുണ്ടെന്നു, എനിക്കറിയാം. ദൈവം നിങ്ങളെ സഹായിക്കുകയും, യാത്രയിലുടനീളം നിങ്ങളെ സംരക്ഷിക്കുകയും

ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇന്നു രാത്രിയിൽ വിശുദ്ധ മത്തായിയിലേക്ക് തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, ഞാൻ വിശുദ്ധ മത്തായി, 21-ാം അദ്ധ്യായം, 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ, വിശുദ്ധ മത്തായിയിൽ നിന്നും. ഇപ്പോൾ, നിങ്ങൾക്കു നിങ്ങളുടെ ബൈബിൾ ഇല്ലാതിരുന്നിട്ട്, നിങ്ങൾ തിരുവെഴുത്തു എഴുതിയെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അതും നല്ലതു തന്നെ.

23 ഇപ്പോൾ ഇന്നു രാവിലത്തെ സന്ദേശം കേൾക്കാൻ കഴിയാത്ത, നിങ്ങൾക്ക് ഒരു ടേപ്പ് റിക്കോർഡർ ഉണ്ടായിരുന്നാൽ; ഞങ്ങൾ ഒരിക്കലും, ടേപ്പുകൾ വില്ക്കാൻ, ഇടനിലക്കാരാറാകില്ല. വില്ക്കുന്ന ഒന്നിനു വേണ്ടിയും, ഞങ്ങൾ ഇടനിലക്കാർ ആകാറില്ല. ചിലപ്പോഴെല്ലാം ചില വലിയ യോഗങ്ങളിൽ അവരുടെ കുറച്ചു പുസ്തകങ്ങൾ പിന്നിലുണ്ടെന്നു അവർ വിളിച്ചറിയിക്കാറുണ്ട്. അവയിൽ നിന്നു ഞങ്ങൾ ഒന്നും സമ്പാദിക്കാറില്ല. അതിന്റെ എഴുത്തുകാരൻ സഹോദരൻ വെയിലാണ്. ടേപ്പുകൾ, ടേപ്പിന്റെ ക്രയവിക്രയം ചെയ്യുന്നയാൾ നിങ്ങളോടു അതു പറയും, ഞങ്ങൾ ടേപ്പിൽ നിന്നും പണം സ്വരൂപിക്കാറില്ല. ഞങ്ങൾ ചെയ്യാറില്ല...അതു "ടേപ്പുകളല്ല," ഉദ്ദേശം സന്ദേശമാണ്. അതു കാശാണ് എന്നു ഒരുവന്റെ മനസ്സിൽ തോന്നിച്ചാൽ, പിന്നെ അവൻ ഒരിക്കലും ടേപ്പുണ്ടാക്കില്ല. അതു ശരിയാണ്. ഞാൻ അതിനെപ്പറ്റി ചോദിച്ചിരുന്നു, ഞങ്ങളുടെ ടേപ്പുകൾ അഞ്ചു ഡോളറിനു താഴെയാണ് വിൽക്കുന്നതു, ചിലപ്പോൾ, മൂന്നിനും അഞ്ചിനും ഇടയിലായിരിക്കും, അതോ അങ്ങനെയോ മറ്റോ ആകുന്നു. പറഞ്ഞതു എന്താണ്? മൂന്നും; വലുതും ദൈർഘ്യമേറിയവയ്ക്കു നാലും ആകുന്നു.

24 ഒരു പ്രത്യേക ശുശ്രൂഷകൻ, ഞാൻ അദ്ദേഹത്തിന്റെ ടേപ്പുകളിൽ ഒന്നിനെപ്പറ്റി ചോദിച്ചു, അതു ഒമ്പതു ഡോളറുകൾക്ക് ഉള്ളതായിരുന്നു. അതു ഏകദേശം ഇരുപതോ മുപ്പതോ മിനിട്ടുകൾക്കുള്ളതായിരുന്നു.

25 അതുകൊണ്ട് അവിടെ പിന്നിലായിരിക്കുന്ന നമ്മുടെ സഹോദരൻ സോത്മാനോ, അവരിൽ ആരെങ്കിലുമോ, അവർ—അവർ ഉണ്ടാക്കുന്ന ഈ ടേപ്പുകളിൽ നിന്നും ധനവാന്മാരായി തീരാതെ ഞാൻ നോക്കുന്നതാണ്. നോക്കൂ, അവർ അതിനാൽ കഴിച്ചുകൂട്ടാൻ വേണ്ടി മാത്രം വാങ്ങുകയാണ്. സൗജന്യമായി തരാൻ അവരോടു ചോദിക്കരുത്, കാരണം അവർക്കു ടേപ്പും മറ്റുള്ള സാധനങ്ങളുമെല്ലാം വിലയ്ക്കു വാങ്ങേണ്ടതുണ്ട്. അതിന്റെ യന്ത്രസാമഗ്രികൾ വളരെ വിലപിടിപ്പുള്ളതായി, ആരംഭത്തിൽ തന്നെ, ആ ടേപ്പുകളെ ടേപ്പു ചെയ്യാനായിട്ടു ആ വക സാധനങ്ങൾ വാങ്ങാൻ തന്നെ പതിനായിരം ഡോളറുകളുടെ ചിലവുണ്ടായി.

26 ഇപ്പോൾ, ഞാൻ മനസ്സിലാക്കിയിരിക്കുന്നത് ഉടൻ തന്നെ ഞാൻ... ഞാൻ ഇതുവരെയും അതു വിളിച്ചറിയിച്ചിട്ടില്ല. ടേപ്പിനെക്കുറിച്ചുള്ളതു ഓരോ തവണയും കേൾക്കാറുണ്ട്. സാധാരണയായി...ട്രസ്റ്റിമാർ, എനിക്കു അതുമായി ഒരിക്കലും ഒന്നും ചെയ്യാനില്ല. ഞാൻ ഒരിക്കലും ഇല്ല...ഈ ഒരു യോഗങ്ങളിലും ഉണ്ടായിരുന്നിട്ടില്ല. അതിൽ ഒരിക്കലും അനുകൂലമായോ പ്രതികൂലമായോ ആയിരുന്നിട്ടുമില്ല. അവർ അവരുടെ അപേക്ഷ നൽകുമ്പോൾ; ടേപ്പുണ്ടാക്കേണ്ട അട്ടുത്തയാൾ ആരെന്നു ട്രസ്റ്റിമാർ തീരുമാനിക്കും, അവർ അവനു ഒരു കത്തയയ്ക്കും. അതിനെപ്പറ്റി എനിക്ക് അത്രയേ അറിയൂ. അതിനെ കൈകാര്യം ചെയ്യുന്നതു അവരാണ്, കാരണം, കുഞ്ഞുങ്ങളെ സമർപ്പിക്കാനോ, ടേപ്പുകളുടെ കാര്യം നോക്കാനോ, സ്നാനം കഴിപ്പിക്കാനോ, എനിക്ക് ഒറ്റയ്ക്കു കഴിയില്ല.

27 അതുകൊണ്ട് എനിക്കു എന്റെ മനസ്സിനെ ഈ സന്ദേശത്തിലേക്ക് കേന്ദ്രീകരിച്ചിട്ട്, അതാണ് മൂന്നാം വലി, അതിനോടു മാത്രമാണ് എനിക്കു തികച്ചും വിശ്വസ്തനും വിനമ്രതനും ആയിരിക്കേണ്ടത്.

28 മത്തായി 21:1 മുതൽ 11. തിരുവെഴുത്തുകളെ തിരിച്ചുകൊണ്ടിരിക്കു, ഞാൻ അതു പറഞ്ഞതു നിങ്ങൾ ശ്രദ്ധയോടിരുന്നു...

*അനന്തരം അവർ യെരുശലേമിനോടു സമീപിച്ചു ഒലീവ് മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ,...യേശു രണ്ടു ശിഷ്യന്മാരെ അയച്ചു;*

*നിങ്ങൾക്ക് എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചുകൊണ്ടുവരുവിൻ.*

*നിങ്ങളോടു ആരാനും വല്ലതും പറഞ്ഞാൽ: കർത്താവിനു ഇവയെക്കൊണ്ടു ആവശ്യമുണ്ടെന്നു പറവിൻ; തൽക്ഷണം അവർ അവയെ അയക്കും എന്നു പറഞ്ഞു.*

*പ്രവാചകൻ മുഖാന്തരം അരുളി ചെയ്തതിന്നു നിവൃത്തി വരുവാൻ വേണ്ടിയാണ് ഇതു സംഭവിച്ചത്,*

*സീയോൻ പുത്രിയോടു: ഇതാ, നിന്റെ രാജാവു സൌമ്യനായി...കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ*

*ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതുപോലെ ചെയ്തു.*

*കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു; അവൻ കയറി ഇരുന്നു.*

*പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു; മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്നും കൊമ്പു വെട്ടി വഴിയിൽ വിതറി.*

*മുന്നും പിന്നും നടന്ന പുരുഷാരം; ദാവീദു പുത്രന്നു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊണ്ടിരുന്നു.*

*അവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി; ഇവൻ ആർ എന്നു പറഞ്ഞു?*

*ഇവൻ ഗലീലയിലെ നസറെത്തിൽ നിന്നുള്ള പ്രവാചകനായ യേശു, എന്നു പുരുഷാരം പറഞ്ഞു.*

29 ഇപ്പോൾ ഞാൻ ഇതിൽ നിന്നും ഒരു വിഷയം എടുത്താൽ, അതു പ്രാർത്ഥന നിര തുടങ്ങുന്നതിനു മുമ്പു ഏകദേശം മുപ്പതു നിമിഷങ്ങൾക്ക് ആയിട്ടാണ്, ഞാൻ ഇതിനെ ഇങ്ങനെയുള്ള ഒരു വിഷയമായി എടുക്കാൻ ആഗ്രഹിക്കുന്നു: *മലയിലെ ആകർഷണം എന്താണ്?*

30 ഇപ്പോൾ, അതൊരു വളരെ ക്ലേശകരമായ, വികാരഭരിതമായ അസാധാരണമായ ദിവസമായിരുന്നു. പെസഹാ ആചരിക്കുന്നതിനു തയ്യാറായി, യേശു ഇവിടെ യെരൂശലേമിലേയ്ക്കു വരുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നതു. പെസഹാ എന്നാൽ പെസഹാ കുഞ്ഞാടു അറുക്കപ്പെട്ട്, ജനങ്ങളുടെ പ്രായശ്ചിത്തത്തിനായി, ആ—ആ കൃപാസനത്തിന്റെ മേൽ രക്തം തളിക്കുന്നതാണ്. അതിനായി അവനു ബേത്ത്ഫഗയിൽ നിന്നും ഒലീവ് മലയുടെ മുകളിലേയ്ക്ക് വരേണ്ടിയിരുന്നു, അവിടെ നിന്നാൽ താഴ്വാരത്തു മറ്റൊരു ചെറിയ മല കാണാം അവിടെ യെരൂശലേം പണിതിരുന്നു. അങ്ങനെ അവൻ നോക്കിയപ്പോൾ, അതു അവന്റെ അവസാന സന്ദർശനം ആയിരുന്നെന്നു അവനു അറിയാമായിരുന്നു.

31 അവൻ പാപികളായ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെട്ട് കൊല്ലപ്പെടേണ്ട സമയം ഇതായിരുന്നു. ഒരു മനുഷ്യൻ എപ്പോഴെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും ദാരുണമായി അവനെ കൊല ചെയ്ത്, അടക്കം ചെയ്തു. അവൻ അവന്റെ സ്വന്തക്കാരാൽ, അവനോടൊപ്പം നിന്നിരുന്ന ഒരുവനാൽ ഒറ്റിക്കൊടുക്കപ്പെടേണം. അവൻ, ദൈവമായിരിക്കെ, അവരുടെ ഹൃദയങ്ങളിൽ എന്തുണ്ടെന്നു അറിഞ്ഞിരിക്കുകയും, ആരംഭം മുതലേ അവനെ ആർ ഒറ്റിക്കൊടുക്കും എന്നു അവൻ അറിയുകയും ചെയ്തിരുന്നു. ആ മനുഷ്യൻ അവനോടൊപ്പം അവന്റെ വശത്തായിരുന്ന അവന്റെ കാശ് എത്രയുണ്ടെന്നു എണ്ണി അവനോടു പറയുകയും മറ്റും ചെയ്യുമായിരുന്നു.

ആ മനുഷ്യൻ അവനെ ഒറ്റിക്കൊടുക്കും എന്നവൻ അറിഞ്ഞിരുന്നു. അവനായി റോമക്കാരന്റെ ഒരു ക്രൂരമായ കുരിശ് അവിടെ കാത്തിരിക്കുന്നു എന്നവൻ അറിഞ്ഞിരുന്നു. അവന്റെ ശരീരത്തിലെ ജലവും അവന്റെ ശരീരത്തിലെ രക്തവും തമ്മിൽ വേർപിരിയും എന്നവൻ അറിഞ്ഞിരുന്നു, അവന്റെ നെറ്റിയിൽ നിന്നും രക്തം വലിയ വിയർപ്പ് തുള്ളികൾ പോലെ ഇറ്റുവീഴുമെന്നു അവൻ അറിഞ്ഞിരുന്നു, അവന്റെ മുന്നിലുള്ളതെല്ലാം അവൻ അറിഞ്ഞിരുന്നു. അവൻ മലമേൽ നിന്നുകൊണ്ട്, യെരുശലേമിലേക്ക് നോക്കി.

32 ആ ദിവസത്തെ ജനങ്ങൾ, ആ...ആ ദിവസത്തിൽ വിളിച്ചിരുന്നതു എന്താണ്, "ഒരു നല്ല മതവിഭാഗത്തിൽപ്പെട്ട ജനങ്ങൾ," അവനെ വെറുത്തിരുന്നു. അന്നുള്ള സഭകൾ അവനെ വെറുത്തിട്ട് അവനെ അപലപിച്ചിരുന്നു, അവനെ കേട്ടിരുന്ന എല്ലാവരെയും നിന്ദിച്ചിരുന്നു. അവർ പോയി അവന്റെ യോഗങ്ങളിൽ സംബന്ധിക്കുമെങ്കിൽ, ഉടൻതന്നെ അവരെ സഭയുടെ കൂട്ടായ്മയിൽ നിന്നും പുറത്താക്കി കളയുമായിരുന്നു. "അവൻ തന്റെ സ്വന്തത്തിലേക്ക് വന്നു, അവന്റെ സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല," എന്നു തിരുവെഴുത്തു പറയുന്നതിൽ ഒരു അതിശയവുമില്ല. അവനെ സ്നേഹിക്കേണ്ടവർ, അവനു വേണ്ടി ആയിരിക്കേണ്ടവർ, അവനു തിക്തരായി തീർന്നു, കൊടിയ ശത്രുക്കളായി തീർന്നു.

33 ഒരു കൂട്ടം പാവപ്പെട്ട ജനങ്ങൾ, മീൻ പിടിക്കുന്നവരും, ചുങ്കക്കാരും, വിദ്യാഭ്യാസം ഇല്ലാത്തവരിൽ നിന്നും അവൻ തന്റെ കൂട്ടരെ തിരഞ്ഞെടുത്തു. അവരിൽ ചിലർ "പഠിപ്പില്ലാത്തവരും സാമാന്യ ജനവും ആയിരുന്നു," എന്നു ബൈബിൾ പറയുന്നു. ചിലർക്ക് അവരുടെ പേർ എഴുതി ഒപ്പിടാൻ പോലും അറിയില്ലായിരുന്നു. അവന്റെ ജനങ്ങളെ എടുക്കാനായി അവൻ ഒരിക്കലും ആലയങ്ങളിലേയ്ക്ക് പോയിരുന്നില്ല.

34 ഒരു സഭാദ്ധ്യക്ഷനുമായും അവൻ ഒരിക്കലും യോജിച്ചിരുന്നില്ല. മാത്രമല്ല, അതിനും പുറമെ, അവൻ ഒരു പ്രവാചകന്റെ ചായ്‌വിലാണ് നടന്നിരുന്നതും. അവനു അവന്റെ മുന്നിൽ കിട്ടിയിരുന്നവരെയും, അവർ ചെയ്തിരുന്ന സകലത്തെയും കുറ്റപ്പെടുത്തിയിരുന്നു, കാരണം അവർ വചനത്തിന്റെ ഒരു ഭാഗവും, അവൻ വചനമായി അതിന്റെ പൂർണ്ണതയും ആയിരുന്നു.

35 എന്നാൽ അതിന്റെ എല്ലാറ്റിന്റെയും നടുവിലും, ഉണ്ടായിരുന്നതായാലും വരാൻ പോകുന്നതായാലും ഓരോ കാലത്തിലും, സകല പ്രവാചകന്മാർക്കും, ഒരുകൂട്ടം മുൻകുറിക്കപ്പെട്ട ജനങ്ങൾ ആ സന്ദേശം കേൾക്കാൻ ഉണ്ടായിരിക്കുകയും, അവർ അതിനെ പിൻപറ്റുകയും ചെയ്യും. അവർ വലിയ കൂട്ടത്തെ

ശ്രദ്ധിക്കുകയില്ല. അവർ അവിശ്വാസികളുടെ വിമർശനത്തെ ചെവിക്കൊള്ളില്ല. അവർ—അവർ അവരുമായി ഒരു വാദപ്രതിവാദവും ചെയ്യില്ല. അവർക്ക് ചെയ്യാനായിട്ട് ഒരു കാര്യമുണ്ട്, അതിന്റെ ഓരോ അംശത്തെയും വിശ്വസിച്ചുകൊണ്ട് അവർക്ക് എടുക്കാൻ കഴിയുന്നതെല്ലാം എടുക്കുക എന്നതാകുന്നു, യേശുവിന്റെ പാദത്തിലിരുന്ന് മറിയ ചെയ്തതു പോലെ അതിനെ സാന്ദ്രീകരിക്കുന്നു.

36 മർത്താ അവന്റെ അത്താഴം തയ്യാറാക്കുകയായിരുന്നു, യേശു അവളോടു പറഞ്ഞു, "മാർത്താ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും കലങ്ങിയുമിരിക്കുന്നു, എന്നാൽ മറിയയോ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു," നോക്കു, നിത്യജീവന്റെ അംശം.

37 ഇപ്പോൾ, നാം കണ്ടുപിടിച്ചതു അതു മനസ്സിലാക്കാൻ കഴിഞ്ഞിരുന്ന അവരിൽപ്പെട്ട അനേകർക്ക്...ഇന്നു നമുക്കുള്ള അത്രയും ഗ്രന്ഥസഞ്ചയം അവർക്ക് അന്നുണ്ടായിരുന്നില്ല, ആ ദിവസത്തിൽ, അവർക്ക് ടെലിവിഷനോ, ടെലിഫോണോ, യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല, എന്നാൽ അവൻ പെസഹാ പെരുന്നാളിനു പോകുന്നു എന്നുള്ള ഒരു മന്ദമാരുതൻ അവർക്കു ചുറ്റിനുമായി കിട്ടിയിരുന്നു. കാരണം ജനങ്ങളിൽ അനേകരും, ആത്മീയ-മനസ്സുള്ളവരായിരുന്നിട്ട്, ആ പെസഹാ കുഞ്ഞാട് അവനാണെന്ന് അറിഞ്ഞിരുന്നു, കാരണം എന്തു സംഭവിക്കാൻ പോകുന്നു എന്നു അവൻ ആദ്യമേ അവരോടു പറഞ്ഞിരുന്നു.

38 പിന്നെ, തീർച്ചയായും, അവൻ അവിടെ ഉണ്ടായിരിക്കും എന്നറിഞ്ഞിട്ട്, അവർ ചെയ്തിരുന്നതുപോലെ തന്നെ അവനെ സ്നേഹിച്ചുകൊണ്ട്, അവർ അവനായി അവിടെ കാത്തിരുന്നു. അവിടെ ഒരു വലിയ ജനക്കൂട്ടം ഒരു ഗേറ്റു മുതൽ മറ്റേതുവരെ തിക്കിതിരക്കിക്കൊണ്ടിരുന്നു എന്നു വരാം, ഓരോ വഴിയിലേയ്ക്കും നോക്കിക്കൊണ്ടിരുന്നു, കാരണം ഈ മണിക്കൂറുകളിൽ ഒന്നിൽ അവൻ കാഴ്ചയിൽ വരാൻ പോകുന്നു. അവർ നോക്കിക്കൊണ്ടിരുന്നു.

39 ഒരു ഗേറ്റ് മുതൽ മറ്റെ ഗേറ്റ് വരെ ഇവർ ഓടുന്നതു എന്തുകൊണ്ടെന്നു മറ്റുള്ളവർ അതിശയപ്പെട്ടു കൊണ്ടിരുന്നു. "ആകർഷണം എന്താണ്?"

40 കണ്ടുപിടിക്കുന്നതിനായി അവർ *ഈ* വഴിയിലൂടെ നോക്കും *ആ* വഴിയിലൂടെ നോക്കും. എന്തോ സംഭവിക്കാൻ പോകുന്നു എന്ന ആകാംഷയോടെ, അവർ എന്തിനോ നോക്കുന്നതുപോലെ കാണപ്പെട്ടിരുന്നു.

41 ഓ, അതാണ് ഇന്നത്തെ വിഷമതയെന്നു പറയാനായി, എന്റെ വിഷയത്തെ ഒരു ചില നിമിഷത്തേക്ക് ഞാൻ മാറ്റാൻ ആഗ്രഹിക്കുകയാണ്. അവന്റെ വരവിനായി പ്രതീക്ഷയോടും ആകാംക്ഷയോടും കൂടെ ജനങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. നമുക്ക് അതിന്റെ സമ്മർദ്ദം, അനുഭവിക്കാനാകുന്നു. അവർ അന്വേഷിക്കുന്നു, ഓരോ അടയാളത്തെയും ഓരോ ചലനത്തെയും, തിരുവെഴുത്തുമായി താരതമ്യം ചെയ്തുകൊണ്ടു ശ്രദ്ധിക്കുന്നു.

42 അവനെക്കുറിച്ച് മുൻകൂട്ടി പറഞ്ഞിരുന്ന ആ കാര്യങ്ങളെല്ലാം, അതിന്റെ ഏറ്റവും അവസാനം വരെ, അവർ കണ്ടപ്പോൾ, അവസാനം അടുത്തു എന്നു അവർ അറിഞ്ഞു. അതിനാൽ അതു കാണാനായി, അവർ അവിടെ ഉണ്ടായിരിക്കാൻ ആഗ്രഹിച്ചു. ജനക്കൂട്ടത്തിന്റെ കുറച്ചു പേർ, കുറഞ്ഞ പക്ഷം അവനെ അനുകൂലിച്ചിരുന്നു. ചിലർ അവനു എതിരായിരുന്നു, കൂടുതൽ പേരും, തൊണ്ണൂറു ശതമാനം പേരും അവനു എതിരായിരുന്നു.

43 അതേ വിധത്തിൽ തന്നെ ഇന്നും ആയിരിക്കുന്നു, മതപരമായ ജനക്കൂട്ടത്തിൽ, ക്രിസ്തുവിന്റെ വചനത്തിലേക്ക് ഇറങ്ങി വാസ്തവമായും വരുമ്പോൾ, അതു വിശ്വസിക്കാനായി അവിടെ ഏകദേശം ഒരു ശതമാനം പേരേ കാണുകയുള്ളൂ. എന്തു ചെയ്തിരുന്നാലും കാര്യമില്ല, മറ്റെ ഭാഗം ഒരു ശ്രദ്ധയും കൊടുക്കില്ല. അതിനെപ്പറ്റി ഒരു തരത്തിലെ തമാശ പൊട്ടിച്ചുകൊണ്ട്, അതിനെ നിശിതമായി വിമർശിച്ചുകളയും. അതേ വിധത്തിൽ തന്നെയാകുന്നു. സമയത്തിലും, കാര്യങ്ങളിലും അത്രയേറെ മാറ്റം വന്നിട്ടില്ല, ചരിത്രം സ്വയം പുനഃരാവർത്തിക്കുന്നു.

44 അതെ, ഒരു വികാരവിവശമാക്കുന്ന പിരിമുറുക്കം കടന്നു വന്നിരുന്നതായി നാം കണ്ടു. അതിനു അതുണ്ടാകണം. അതു തീർത്തും ഉണ്ടാകണം. അവർ കാത്തു നില്ക്കുകയായിരുന്നു, അവൻ അവിടെ എത്തുമ്പോൾ അവൻ എന്തു ചെയ്യുമെന്ന് അവർ ആശ്ചര്യപ്പെട്ടിരുന്നു. അവൻ ചെയ്യുന്ന എന്തിലും അവർ ഉണ്ടായിരിക്കാൻ ആഗ്രഹിച്ചിരുന്നു, അവർ അത് ആഗ്രഹിച്ചിരുന്നു. അവർ അതു കാണാൻ ആഗ്രഹിച്ചിരുന്നു. അവർ അവനെ വിശ്വസിച്ചിരുന്നു. അവൻ വരുന്നു എന്നു മറ്റുള്ളവർ കേട്ടിരുന്നിട്ട്, അവനെ കളിയാക്കാനായി അവരും അവിടെ മുകളിലേക്ക് പോയി. അങ്ങനെ സകല വികാര വിവശമാക്കുന്ന പിരിമുറുക്കത്തിനു ശേഷം, ഒരു അസാധാരണ ദിവസത്തിൽ, അസാധാരണ സമയത്ത്, സഭകൾ ഉറങ്ങിക്കൊണ്ടിരുന്നു, ജനങ്ങളുടെ പ്രതീക്ഷ ഉച്ചസ്ഥിതിയിൽ ആയിരുന്നിട്ട്, അവിടെ അനേക ജനങ്ങളുണ്ടായിരുന്നു, അതു കഴിഞ്ഞിപ്പോൾ അതു സംഭവിച്ചു!

45 ഒലീവ് മലയുടെ മുകളിൽ നിന്നും, കുന്നിന്റെ താഴ്വാരത്തേയ്ക്കു, വെളുത്ത നിറത്തിലെ ഒരു കഴുത നടന്നുവരുന്നു, ഒരു കൂട്ടം ജനം മതഭ്രാന്തു പിടിച്ചതുപോലെ അലറി വിളിക്കുകയും, മരത്തിൽ നിന്നും കൈകൾ നീട്ടി ഇല പറച്ച് നിലത്തിടുകയും, വഴിയിൽ തങ്ങളുടെ വസ്ത്രങ്ങളെ വിരിക്കുകയും ചെയ്തിട്ട്, "ദാവീദു പുത്രന്നു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!" എന്നു ഉച്ചത്തിൽ ആർപ്പിടുന്നു, ആ...ഈ ചെറിയ കോവർ കഴുത, അവന്റെ സവാരിക്കാരൻ ആ മണിക്കൂറിലേയ്ക്ക് അഭിഷേകം ചെയ്യപ്പെട്ടിരുന്ന മശീഹായല്ലാതെ മറ്റാരും ആയിരുന്നില്ല.

46 ദൈവം, അപ്പോൾ, അവൻ എന്തു ചെയ്യുകയായിരുന്നു? അവിടെ ആ മലമുകളിലെ ആകർഷണം എന്തായിരുന്നു? അതു ദൈവം ചരിത്രം രചിക്കുകയും, ദൈവം പ്രവചനം നിറവേറ്റുന്നതും ആയിരുന്നു. അതു എപ്പോഴും ശ്രദ്ധയെ ആകർഷിക്കുന്നു. അതു (ഇന്നു രാവിലത്തെ സന്ദേശമായ) എല്ലാ ശവംതീനി പരുന്തുകളെയും, സകല വിമർശകരെയും, മാത്രമല്ല സകല കഴുകന്മാരെയും കൂട്ടിവരുത്തി. കാണുന്നോ? അവിടെ എന്തു സംഭവിക്കുന്നു എന്നു കാണാനായി അവർ എല്ലാവരും കൂടി വന്നു. ചിലർ അറിയാനുള്ള ജിജ്ഞാസയോടെ വരുന്നു, ചിലർ കുറ്റം കണ്ടുപിടിക്കാൻ വരുന്നു, മറ്റുചിലർ വിമർശിക്കാനായി വരുന്നു. ഇന്നു രാവിലെ നേരം നാം പറഞ്ഞതുപോലെ, അവിടെ എല്ലാ തരത്തിലുമുള്ളവരും കൂടിവന്നു: വിശ്വാസികൾ, നാട്യ-വിശ്വാസികൾ, അവിശ്വാസികൾ. മലയിൽ എന്താണ്? പ്രവചനം നിറവേറുന്നു. ഇപ്പോൾ എന്തു സംഭവിക്കുന്നു എന്നു നാം കാണാൻ പോകുന്നു.

47 ഇപ്പോൾ, സെഖര്യാവിന്റെ പുസ്തകം, 9-ാം അദ്ധ്യായം 9-ാം വാക്യം. പ്രവാചകന്മാരിൽ ഒരുവനായിരുന്ന, സെഖര്യാവ്, ആത്മാവിലായി സംസാരിച്ചുകൊണ്ടു, ഇതു പറഞ്ഞിരിക്കുന്നു.

*സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു.*

48 ഇപ്പോൾ, ആ ശാസ്ത്രിമാരുടെ കുഴപ്പമെന്താണ്? ആ പുരോഹിതന്മാർക്കു സംഭവിച്ചതു എന്താണ്? മതപരമായ ആ ജനങ്ങൾക്ക് പറ്റിയത് എന്താണ്? ഒരു സമർത്ഥിക്കപ്പെട്ട പ്രവാചകനാൽ, അതു സംഭവിക്കും എന്നു നാനൂറ്റി എണ്പത്തിയേഴ് വർഷങ്ങൾക്കു മുമ്പാണ് ഇതു എഴുതപ്പെട്ടിരുന്നതു, അതു മുന്നമേ തന്നെ

എഴുതപ്പെട്ടിരുന്നിട്ട് ബൈബിൾ എന്നു വിളിച്ചിരുന്ന, പഴയ നിയമ ചുരുളുകൾ. അതു ആ പ്രവചനത്തിന്റെ നിറവേറലാണെന്നു അവർക്കു മനസ്സിലാക്കാൻ കഴിയാത്തതു എന്തുകൊണ്ടാണ്? അവർക്കു ഇതു ഇന്നും കാണാൻ കഴിയാത്തതിന്റെ കാരണം അതു തന്നെ. അവർ ദൈവത്തിന്റെ വചനം എടുത്തു ജനങ്ങൾക്ക് (സമ്പ്രദായത്തിന്റേതായ) മാനുഷ കല്പനകളെ ഉപദേശിക്കുന്നതിനാൽ, അതു ജനങ്ങൾക്കു പ്രയോജനപ്പെടുന്നില്ല.

49 ശാസ്ത്രിമാരും, പുരോഹിതന്മാരും, ധർമ്മോപദേശികളും, ആത്മീയ മനുഷ്യർ (എന്നു വിളിച്ചു പോരുന്നവർ), അഭിഷിക്തരും, ബൈബിൾ മാത്രം ഒന്നു വായിച്ചിരുന്നെങ്കിൽ, എന്തു സംഭവിക്കുന്നു എന്നു അവർ അതിശയിച്ചു പോകില്ലായിരുന്നു, അതു എന്താണെന്നു അവർക്ക് അറിയാനാകുമായിരുന്നു. ദൈവം തന്റെ വചനം നിറവേറ്റുന്നു!

50 ചരിത്രം സൃഷ്ടിക്കുന്നു, പ്രവചനം നിറവേറുന്നു. ലോകത്തിന്റെ രക്ഷ കടന്നു വരികയായിരുന്നു, എല്ലാ പ്രവാചകന്മാരും മുന്നിലേക്ക് നോക്കിക്കൊണ്ടിരുന്ന ആ മഹത്തായ ദിനം. ആ ദിവസത്തിനായി കല്ലറയിലായിരുന്ന എല്ലാവരും കാത്തുകൊണ്ടിരുന്നു. (എന്റെ, അതിനെപ്പറ്റി ചിന്തിച്ചു നോക്കു), മരിച്ച എല്ലാവരും, എല്ലാ നീതിമാന്മാരുടെയും രക്തസാക്ഷികളുടെയും രക്തവും പ്രവാചകന്മാരും.

51 അതുകൊണ്ടു, അവനു നിലവിളിക്കേണ്ടി വന്നു, "യെരുശലേമേ, ഓ യെരുശലേമേ, പ്രവാചകന്മാരെ കല്ലെറിയുകയും, ഞാൻ നിന്റെ അടുക്കൽ അയച്ച, നീതിമാന്മാരെ കൊല്ലുകയും ചെയ്തവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്ര വട്ടം മനസ്സായിരുന്നു, നിങ്ങൾക്കോ മനസ്സായിരുന്നില്ല. എന്നാൽ ആ സമയം ഇപ്പോൾ സമാഗതമായിരിക്കുന്നു."

52 കല്ലറയിൽ ഉണ്ടായിരുന്ന സകലരും, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്, സകല പ്രവാചകന്മാരും, ഈ മണിക്കൂറിനായി കാത്തിരുന്നിരുന്നു.

53 സഭയോ അതിൽ നിന്നും അന്ധമായിരിക്കുന്നു. "ഈ ശബ്ദകോലാഹലം എല്ലാം ഉണ്ടാക്കാൻ കാരണക്കാരൻ ആരാണ്? ആ വ്യക്തി ആരാണ്?" അവർ ഒരിക്കൽ ചോദിച്ചു, "അതു ഇവിടെയുള്ള ആ തച്ചന്റെ മകനല്ലേ? അവനെ ഞങ്ങൾക്കറിയാം. അവനു ഈ ജ്ഞാനം കിട്ടിയതു എവിടെ നിന്നാണ്? എന്താ, നമ്മുടെ സ്കൂളുകളിൽ ഒന്നുമായി അവൻ ബന്ധപ്പെടുന്നതു ഞങ്ങൾ കണ്ടിട്ടില്ല. അവൻ

ഏതെങ്കിലും പുസ്തകത്തിൽ നിന്നും അതു പഠിച്ചതായി നമുക്കറിയില്ല. അത് ആരാണ്?"

54 അവൻ ആ പ്രവാചകന്റെ പ്രവചനത്തിന്റെ ഉത്തരമായിരുന്നു. ഇവിടെ ഇതാ അവൻ, ഒരു കഴുതക്കുട്ടിയുടെ മേൽ സവാരി ചെയ്തു വരുന്നു. എന്തൊരു ആകർഷണം. ദൈവം തന്റെ വാഗ്ദത്ത വചനം നിറവേറ്റുന്നു, നാലായിരം വർഷങ്ങൾകൊണ്ടു കാത്തിരുന്ന ആ മണിക്കൂർ. ഉല്പത്തി, 3-ാം അദ്ധ്യായം 15-ാം വാക്യത്തിൽ, ദൈവം ആ മുൻകുട്ടി പറച്ചിൽ നടത്തിയിരുന്നു, "സ്ത്രീയുടെ സന്തതി പാമ്പിന്റെ തലയെ തകർക്കും, അവന്റെ സന്തതി അവളുടെ കുതികാൽ തകർക്കും!" ആ പ്രവചനം ഈ മനുഷ്യൻ കടന്നു വരുന്നു എന്നുള്ള മുൻകുട്ടി പറച്ചിലായി ബൈബിളിലുടനീളം വന്നു കൊണ്ടിരുന്നു.

55 ഇവിടെ ഇതാ ഒരു പ്രവാചകൻ അവരുടെ ഇടയിൽ എഴുന്നേറ്റു പറയുന്നു, അതൊരു സമർത്ഥിക്കപ്പെട്ട പ്രവാചകനായിരുന്നു, സെഖര്യാവ്, അവൻ അതു പറഞ്ഞു, "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! കാരണം നിന്റെ രാജാവു നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി അവൻ കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടികഴുതപ്പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു."

56 ദിവസം തോറും, ആ തിരുവെഴുത്തു വായിച്ചിരുന്ന ജനങ്ങൾ, അവൻ കയറി വരുന്നതു കാണാനായി കാത്തിരുന്നിട്ട്, ഉറക്കെ ചോദിക്കുകയാണ്, "ഇതു ആരാണ്?" കാണുന്നോ? അതു എന്തായിരുന്നു എന്നു അറിയേണ്ടിയിരുന്ന ജനങ്ങൾക്ക് ദൈവം തന്റെ വചനത്തെ നിറവേറ്റുന്നു, എന്നാൽ അവർക്ക് അതു അറിയാനായില്ല.

57 ദൈവം തന്റെ വചനത്തെ നിറവേറ്റുമ്പോൾ, അതു എപ്പോഴും ഒരു ആകർഷണത്തെ ഉളവാക്കുന്നു, എല്ലായ്പ്പോഴും ചെയ്യുന്നു. ഒരു ആകർഷണത്തിന്റെ കാരണമായി തീരുന്നതു, അതൊരു അസാധാരണ കാര്യമായതിനാലാകുന്നു. അവന്റെ വചനത്തെ ദിവസത്തിന്റെ നൂതന പ്രവണതയിൽ നിറവേറുമ്പോൾ, തീരെ അസാധാരണമായി തീരുന്നു, കാരണം ദിവസത്തിന്റെ നൂതന പ്രവണത അതു വിശ്വസിക്കുകയില്ല. അവർക്കു അവരുടേതായ രീതികളുണ്ട്.

58 ഇപ്പോൾ, ഒരല്പം നിമിഷങ്ങൾ, നമുക്ക് തിരുവെഴുത്തിൽ പുറകിലേക്ക് പോയി ചില അസാധാരണ സംഭവ വികാസങ്ങളെ എടുത്ത്, ദൈവം തന്റെ പ്രവചനം നിറവേറ്റുന്നു, എന്നതിനെ നമുക്കു നോക്കാം. ദൈവം എന്തെങ്കിലും പറയുമ്പോൾ, അവൻ അതു ചെയ്യാൻ പോകുകയാണ്. ആകാശവും ഭൂമിയും നീങ്ങിപ്പോകും, എന്നാൽ ആ

വചനത്തിനു ഒരിക്കലും നീക്കം വരില്ല. അതുകൊണ്ട് അതു സാധാരണ ഒരു ദൃശ്യത്തിനു കാരണമാക്കി, ഒരു അസാധാരണ സംഭവമായി തീരുന്നു.

59 ദൈവത്തിന്റെ വചനം വിശ്വസിക്കേണ്ട ഒരു—ഒരു ജനത്തിനു അതു ദൈവ വചനം എത്ര ഹാസ്യജനകമായ കാര്യമായിരിക്കുന്നു എന്നു നോക്കുവിൻ, അതു അത്രയേറെ അസാധാരണമായിരുന്നിട്ടും അവർ ചോദിക്കുന്നു, "അതെ, ഇത് എന്താണ്? നിങ്ങൾക്ക് ആ നിസ്സാര വസ്തു എവിടെ നിന്നാണ് കിട്ടിയത്? ആരാണ് ഇത്? എന്താണ് ഇത്?"

"കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവിന്നു ഓശാന!" എന്നു അവർ ആർത്തു വിളിക്കേണ്ടതായിരുന്നു. അവിടെ ഒരു ചെറിയ കൂട്ടരേ അതു ചെയ്തിരുന്നുള്ളൂ, ഒരു ചെറിയ കൂട്ടം ജനങ്ങൾ.

നാലായിരം വർഷത്തെ പ്രവചനത്താൽ, രാജ്യത്തിനു സംഭവിക്കാൻ ഉണ്ടായിരുന്ന ഏറ്റവും മഹത്തായ കാര്യം, കാരണം മരിച്ചിരുന്ന എല്ലാവരുടെ പ്രതീക്ഷയും അതിന്മേലാണ് വിശ്രമം കൊണ്ടിരുന്നതു, ഭാവി മുഴുവനും അതിന്മേൽ ഇട്ടിരുന്നു; മതാനുഷ്ഠാനികളായ ജനങ്ങൾ, അവർ അതു വിശ്വസിക്കുന്നു എന്നു അവകാശപ്പെട്ടിരുന്നവർ, ആർപ്പിട്ടുകൊണ്ടു ചോദിക്കുന്നു, "ഇത് ആരാണ്? ഈ ആകർഷണം എന്താണ്?" അസാധാരണമായ എന്തോ ചിലതു! ഏകദേശം അതുപോലെ തന്നെ, അതിനു മാറ്റപ്പെടാനാകില്ല, ഇപ്പോൾ അസാധാരണമായിരിക്കുന്നു.

60 അല്പം മുമ്പു ഞാൻ പറഞ്ഞതുപോലെ, നമുക്ക് ചില അസാധാരണമായ കാര്യങ്ങളിലേക്ക് നോക്കാം. ഭൂമിയെ വെള്ളം കൊണ്ടു നശിപ്പിച്ച് ന്യായവിധി അതിന്മേൽ വരുത്തുന്നതിനു തൊട്ടു മുമ്പുണ്ടായിരുന്ന ആകർഷണം എന്തായിരുന്നു? ഒരു വൃദ്ധനായ മനുഷ്യൻ, ഏകദേശം നൂറ്റിയിരുപതു വയസ്സു വരും, അതിനു പൊങ്ങിയൊഴുകാൻ വെള്ളം ഇല്ലാതിരിക്കുമ്പോൾ, ഒരു ബോട്ടുണ്ടാക്കുന്നു. വർഷങ്ങളോളം അവിടെ മുകളിലായി, വാതില്ക്കൽ നിന്നുകൊണ്ട്, അതിന്റെ ഏറ്റവും ഉൾവശം പണിയുകയും, അതിന്റെ അകവശത്തു നിന്നു, അകത്തും പുറത്തുമായി അതിനെ ഉറപ്പിക്കുകയും ചെയ്യുന്നു, ആ മഹത്തായ ശാസ്ത്രീയ കാലത്തിൽ, "വെള്ളം കൊണ്ടു ലോകത്തെ മുക്കിക്കളയാൻ പോകുന്നു," എന്നു പറയുകയും ചെയ്യുന്നു.

61 "അവിടെ മലയുടെ മുകളിൽ ഇടിച്ചുപതംവരുത്തി കൊണ്ടിരിക്കുന്നതു എന്താണ്?" "എന്താ, അതു നോഹ എന്നു പേരോടു കൂടിയ ഒരു വൃദ്ധനായ മനുഷ്യൻ, അവൻ അവിടെ മുകളിലായി, ഒരു വയസ്സനായ മതഭ്രാന്തൻ. ആ വയസ്സൻ സൂര്യവെളിച്ചത്തിൽ

വളരെ നേരമായി നില്ക്കുന്നു. അവനു ഒരു സൂര്യാഘാതമുണ്ടായി. അവനു തന്റെ മനോനില തെറ്റിപ്പോയി. അവൻ 'പെട്ടകം,' എന്നു വിളിക്കുന്ന ഒന്നിനെ ഉണ്ടാക്കുകയാണ്, മുകളിൽ വെള്ളം ഇല്ലാതിരിക്കെ അവിടെ നിന്നും വെള്ളം വരാൻ പോകുന്നു എന്നവൻ പറയുന്നു, അത് പൊങ്ങിക്കിടന്നു സകല ജനങ്ങളെയും എല്ലായിടത്തും കൂടെ ഒഴുക്കിക്കൊണ്ടുപോകും; അവന്റെ സന്ദേശം കേൾക്കാത്ത സകലരും, പെട്ടകത്തിലേക്ക് കടക്കാത്ത സകലരും, മുങ്ങിപ്പോകാൻ പോകുന്നു. നിങ്ങൾ എപ്പോഴെങ്കിലും അങ്ങനെ ഒരു കാര്യം കേട്ടിട്ടുണ്ടോ?" അതൊരു അസാധാരണമായ ആകർഷണമായിരുന്നു!

62 ജനങ്ങൾക്ക് നല്ലപോലൊന്നു ചിരിക്കേണം എന്ന് ആഗ്രഹിക്കുമ്പോൾ, അവർ പെട്ടകത്തിന്റെ വാതിലിനു മുന്നിൽ പോയി നിന്നുകൊണ്ടു ചിരിച്ചിരിക്കാം, എന്നു ഞാൻ ഊഹിക്കുന്നു. "എന്താണ്, മഴ വരാൻ പോകുന്നു എന്നു നീ നൂറു വർഷം കൊണ്ടു പറയുന്നു! മഴയുണ്ടാകാൻ പോകുന്നു എന്നു നീ പറയുന്നതായി എന്റെ അപ്പൂപ്പൻ കേട്ടിരുന്നു എന്നു അവൻ എന്നോടു പറഞ്ഞു, നീ ഇപ്പോഴും ഇവിടെ ഈ പഴയ തടിക്കഷ്ണത്തിൽ ഇരുന്നു ചുറ്റിനും അടിച്ചുകൊണ്ടിരിക്കുന്നല്ലോ. നീ നിന്നെത്തന്നെ ശരിയാക്കത്തതു എന്താണ്?"

63 എന്നാൽ അതു അവൻ ദൈവത്തിന്റെ പ്രവാചകൻ പ്രവചിച്ചിരുന്ന ഒരു പ്രവചനത്തെ തീർച്ചപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പ നടത്തുന്നതായിരുന്നു. വളരെ അസാധാരണം! മറ്റുള്ളവർ ചിരിക്കുമ്പോൾ, ദൈവം നോഹയോടുള്ള തന്റെ വാഗ്ദാനത്തെ നിറവേറ്റുന്നു. ദൈവം തന്റെ വചനത്തെ, ഈ ദിവസവും, കാക്കുന്നു എന്നു മറ്റുള്ളവരെ കാണിക്കാനായി അവൻ ഒരു ചരിത്രം ഉണ്ടാക്കാനുള്ള തയ്യാറെടുപ്പ് നടത്തുകയായിരുന്നു! കാഴ്ചയ്ക്കു അതു എത്ര അസത്യമായി തോന്നിയാലും, യുക്തരഹിതം ആയിരുന്നാലും ശരി, അവൻ അപ്പോഴും തന്റെ വാക്കിനെ കാക്കുന്നു. ആ വൃദ്ധനായ മനുഷ്യനെക്കൊണ്ടു ഒരു പെട്ടകം ഇടിച്ചു പതംവരുത്തിയിട്ട്, ഇന്നു രാത്രിയിൽ ഇവിടെ അമേരിക്കയിലും, ലോകമെമ്പാടുമുള്ള ജനങ്ങൾക്ക്, ഒരു ഉദാഹരണത്തിനായി അവൻ അതു ചെയ്യുകയായിരുന്നു. ശാസ്ത്രം എന്തു പറയുന്നു എന്നതിൽ കാര്യമില്ല, അവർ എന്തു പറഞ്ഞാലും, *ഇതോ, അതോ* അതല്ല *മറ്റേതോ,* അവൻ അപ്പോഴും തന്റെ വാക്കിനെ കാക്കുന്നു. അവൻ ചരിത്രം രചിക്കുകയായിരുന്നു.

64 ഒരു ദിവസത്തിലുണ്ടായ ആ ആകർഷണം എന്തായിരുന്നു; മരുഭൂമിയുടെ പിൻവശത്തായി ഒരു അസാധാരണ കാര്യം സംഭവിച്ചു, അതൊരു കുറ്റിച്ചെടിയിൽ തീ പിടിച്ചതായിരുന്നു. ഓടിപ്പോയിരുന്ന

ഒരു പ്രവാചകൻ അവിടെ വനാന്തരത്തിൽ നിന്നിരുന്നു. അവൻ ഒരു മുഴക്കവും കേട്ടില്ല, അവൻ ശബ്ദം ഒന്നു തന്നെ കേട്ടില്ല, എന്നാൽ മലയുടെ മുകളിൽ അവൻ ഒരു അസാധാരണ കാര്യം നോക്കി കണ്ടു. ദൈവം അവന്റെ ശ്രദ്ധയെ ആകർഷിക്കാൻ ശ്രമിക്കുന്നതായിരുന്നു. അതു ഇന്നത്തെപ്പോലെ തന്നെയാകുന്നു.

65 തന്റെ പ്രവാചകനായ അബ്രഹാമിനോടുള്ള, അവന്റെ വചനത്തെ നിറവേറ്റാൻ ദൈവം തയ്യാറെടുക്കുകയായിരുന്നു. "നിന്റെ സന്തതി സ്വന്തമല്ലാത്ത ഒരു ദേശത്തു നാനൂറു വർഷം പരദേശികളായി പാർക്കും. ഞാൻ അവരെ എന്റെ ബലമുള്ള ഭുജംകൊണ്ടു പുറപ്പെടുവിക്കും."

66 വിശ്വസിക്കുന്ന എല്ലാവർക്കും സുരക്ഷയുടെ സ്ഥാനമായി അവൻ ഒരു പെട്ടകം തയ്യാറാക്കിയിരുന്നതു പോലെ, അവൻ ആ ജോലിക്കായി ഒരു മനുഷ്യനെ തയ്യാറെടുപ്പിക്കുകയായിരുന്നു. ദൈവം ഈ കുറ്റിച്ചെടിയിൽ തീ കത്തിച്ചപ്പോൾ, ഈ ആട്ടുമേയ്പനായ, മോശെ, പറഞ്ഞു, "ഈ വിചിത്രമായ കാര്യത്തിന്റെ അർത്ഥം എന്തെന്നു നോക്കാനായി ഞാൻ അല്പം വശത്തേയ്ക്ക് തിരിഞ്ഞു നോക്കും." അങ്ങനെ മോശെയെ അവനു കുറ്റിച്ചെടിയുടെ അടുക്കൽ കിട്ടിയപ്പോൾ, അവൻ അവനോടു സംസാരിച്ചു.

67 പിന്നെ, ഈ ആട്ടുമേയ്പൻ ഒരു വടി നിലത്തെറിയുകയും അതൊരു സർപ്പമായി മാറുകയും ചെയ്തപ്പോൾ, പീലാത്തോസിന്റെ അരമനയിലെ ആകർഷണം എന്തായിരുന്നു? ദൈവം തന്റെ വാഗ്ദാനം മോശെയിൽ നിറവേറ്റുകയായിരുന്നു. ഫറവോന്റെ കുതിരകളെല്ലാം ആശ്ചര്യപരവശരായി നില്ക്കുമ്പോൾ, ചാവു കടലിലെ ആകർഷണം എന്തായിരുന്നു? ആകാശങ്ങളിൽ നിന്നും ഒരു കാറ്റു വന്ന് ചെങ്കടലിനെ ഇടത്തേക്കും വലത്തേക്കും വേർതിരിച്ചു; അപ്പോൾ ആ പാവം പിടിച്ച അടിമകളുടെ കൂട്ടർ, ദൈവത്തിന്റെ കർത്തവ്യത്തിൽ നടന്നുകൊണ്ട്, ആ ഉണങ്ങിയ നിലത്തുകൂടെ മറുകരയിലേയ്ക്ക് പോയില്ലേ? എന്തായിരുന്നു അത്? ദൈവം തന്റെ വചനത്തെ കാക്കുന്നതാണ്. ആ നിർജ്ജീവത്വം ദൂരമായിട്ട്, ജീവനുള്ള ഒരു ജനം മറുകരയിലേയ്ക്ക് പോയി; ആത്മീയമായി മരിച്ചിരുന്ന ജനങ്ങൾ അതിനെ അനുകരിക്കാനായി ശ്രമിച്ചിട്ട്, മുങ്ങിപ്പോയി. ദൈവം പ്രവചനത്തെ നിറവേറ്റിക്കൊണ്ട് ചരിത്രം സൃഷ്ടിക്കുകയായിരുന്നു. ചാവുകടലിലെ ആകർഷണം അതായിരുന്നു.

68 അതിനു രണ്ടു ദിവസം കഴിഞ്ഞ്, സീനായ് മലയിൽ ഉണ്ടായ ആകർഷണം എന്തായിരുന്നു, സകല ജനങ്ങളോടും അവരുടെ ഭാര്യമാരുടെ അടുക്കൽ പോകരുതെന്നു കല്പിച്ച ശേഷം, അവരുടെ

വസ്ത്രങ്ങൾ അലക്കി തങ്ങളെതന്നെ ശുദ്ധീകരിച്ച്, മലയ്ക്കു ചുറ്റിനും കൂടി വരാൻ കല്പിച്ചു, അവിടെ മോശെ എന്നു പേരോടു കൂടിയ ഒരു മനുഷ്യൻ പറഞ്ഞു, അവൻ അഗ്നിസ്തംഭത്തിൽ ദൈവത്തെ സന്ധിച്ചിരുന്നു എന്നോ? ദൈവം മോശെയോടു പറഞ്ഞിരുന്നു, "ജനങ്ങളുടെ ഇടയിലേക്ക് ഞാൻ ഇറങ്ങി വരാൻ പോകുന്നു. ഞാൻ ആരാണെന്നും, ഞാൻ നിന്നോടു പറഞ്ഞിരുന്നതു എന്താണെന്നും തീർച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നു. ആ ദൈവം ഞാനാണ് എന്നു അവർക്കു കാണിച്ചുകൊടുക്കാൻ പോകുന്നു." ആകർഷണം, അതായിരുന്നു, ദൈവം തന്റെ വചനത്തെ നിറവേറ്റുന്നു.

69 ചരിത്രത്തിലെ ഒരു ദിവസത്തിൽ, ദൈവത്തെ മറന്നുകളഞ്ഞിരുന്ന ഒരു രാജ്യത്തിലുണ്ടായ ആകർഷണം എന്തായിരുന്നു, അവിടെ ജനങ്ങൾ ആചാരപരമായും ഉദാസീനന്മാരായും തീർന്നിരുന്നു, അവിടെ പുരോഹിതന്മാരെല്ലാം നൂതന പ്രവണതക്കൊപ്പം പോയിരുന്നു, പുരോഹിതന്മാരുടെ ഇഷ്ടപ്രകാരമാണോ പ്രവാചകന്മാർ പ്രവചിച്ചിരുന്നത്? മാത്രമല്ല ആ ദിവസത്തിൽ, സാധാരണ എന്ന പോലെ, മതഭ്രാന്തൻ എന്നു അവർ കരുതിയിരുന്ന ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ സ്ത്രീകൾ പാന്റ് ധരിക്കുന്നതിനെയും, അങ്ങനെയുള്ള എല്ലാത്തിനെയും കുറിച്ചു പറഞ്ഞിരുന്നു, അവൻ ഒരു വിധത്തിലെ വിചിത്ര വ്യക്തിയായിരുന്നു. ഈ വൃദ്ധനായ മനുഷ്യൻ ഇറങ്ങി വന്നു രാജാവിനോടും പറഞ്ഞു, "മഞ്ഞു വീഴില്ല...ഞാൻ അതു വീഴാൻ പറയുവോളം വീഴില്ല."

70 പിന്നെ നാം കാണുന്നത്, പിന്നെ, അവൻ അതിൽ നിന്നും ഓടിപ്പോയിട്ട് സ്വയം ഒളിച്ചു കളഞ്ഞു, അവൻ വനാന്തരത്തിൽ എവിടെയോ പോയി ഒളിച്ചിരുന്നു. അവൻ വിശന്നു മരിച്ചു നശിച്ചു പോയിരിക്കും എന്നാണ്, ആ സമാജം വിചാരിച്ചത്; എന്നാൽ അവൻ നന്നായി കഴിക്കുകയും, വെള്ളം കുടിക്കുകയും ചെയ്തു. അവൻ ഇവിടെ ആയിരുന്നിട്ട്, താഴേക്ക് ഇറങ്ങി വന്നു പറയുന്നു, "എനിക്ക് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നുണ്ട് എന്നുള്ളത് നിങ്ങൾ കാണുന്നില്ലേ? ഇപ്പോൾ, നിങ്ങൾക്കതു ഇതുവരെയും ബോദ്ധ്യപ്പെട്ടില്ലെങ്കിൽ, നമുക്ക് മലയുടെ മുകളിലേക്ക് പോയി ദൈവം ആരാണെന്നു തെളിയിക്കാം," കാരണം അവനു കർത്താവിൽ നിന്നും മറ്റൊരു ദർശനം ലഭിച്ചിരുന്നു.

71 അവൻ പറഞ്ഞു, "നിങ്ങൾ ഒരു—ഒരു ബലിപീഠം തിരഞ്ഞെടുത്ത്, അതിനെ തയ്യാറാക്കു, പിന്നെ—പിന്നെ കാളയെയും തിരഞ്ഞെടുത്തു അവയെ കൊല്ലുക. ഞാനും കർത്താവിനായി ഒരു ബലിപീഠം പണിയും, ഞാനും എന്റെ കാളയെ അതിന്മേൽ വെയ്ക്കും. നമ്മൾ

രണ്ടുപേരും ബലിയർപ്പിക്കും, ദൈവം ഉത്തരം തരുന്ന ദൈവം തന്നെ ആയിരിക്കട്ടെ." കർത്താവ് അവനോടു അതു പറയാതിരുന്നെങ്കിൽ അവൻ അതു ഒരു വിധത്തിലും ചെയ്യില്ലായിരുന്നു; അവൻ അതു പിന്നീട് പറഞ്ഞു, "കർത്താവെ, ഞാൻ ഇതു ചെയ്തത്...ഇതെല്ലാം, നിന്റെ കല്പനയാലാകുന്നു."

72 എന്നാൽ ആകർഷണം എന്തായിരുന്നു? ആ മലയുടെ മുകളിൽ നില്ക്കാൻ നാനൂറു പ്രവാചകന്മാരെ കിട്ടിയിരുന്നു, അവിടെ മുകളിൽ രാജാവ് തന്റെ രഥത്തിൽ, സകല ആയുധ വാഹകന്മാരാലും ചുറ്റപ്പെട്ടു നിന്നിരുന്നു. ഈ പ്രായമേറിയ, രോമം നിറഞ്ഞിരുന്ന, മുഖത്തു നോക്കിയാൽ കാഴ്ചയ്ക്കു തീർച്ചയില്ലാത്ത ഒരു മനുഷ്യൻ, കഷണ്ടിത്തല, അവന്റെ മുഖത്തു കൂടി മുടി തൂങ്ങിക്കിടക്കുന്നു, ഒരു തുണ്ട് ആട്ടിൻ തോൽ അവനു ചുറ്റം ചുറ്റിയിട്ട്, അവന്റെ ശരീരമാസകലം രോമം നിറഞ്ഞിരുന്നു, ഒരു ചെറിയ കുപ്പി എണ്ണയും, അവന്റെ മറ്റെക്കയ്യിൽ ഒരു വടിയും പിടിച്ചുകൊണ്ട് അവിടെ നിന്നിരുന്നു, "ഞാൻ വീഴാൻ പറഞ്ഞിട്ടല്ലാതെ, മഞ്ഞു പോലും വീഴില്ല," അത്രയും പറഞ്ഞിട്ട്, മൂന്നരയാണ്ടു കഴിഞ്ഞിരിക്കുന്നു. അവർ സംസാരിച്ചിരുന്ന അത്തരത്തിലെ നല്ലതും മോശവുമായ കാര്യവും എല്ലാം ആയിരുന്നിട്ട്, ദൈവത്തിന്റെ സ്ഥാനം എടുക്കുകയായിരുന്നു. "സകല ജനങ്ങളെയും അവിടെ മുകളിലേക്ക് കൂട്ടിക്കൊണ്ടു വന്നു, ഇവിടെ ഇതാ ആ വൃദ്ധനായ മതഭ്രാന്തൻ മലയുടെ മുകളിൽ നില്ക്കുന്നു." ആ ആകർഷണം എന്തായിരുന്നു? അതു ദൈവം തന്റെ പ്രവചാകൻ ശരിയാണെന്നു സമർത്ഥിക്കാൻ പോകുന്നതായിരുന്നു. അതു ദൈവം പ്രവചനം നിവർത്തിക്കുന്നതായിരുന്നു. വചനത്തെ പൂർത്തീകരിച്ചുകൊണ്ട്, ദൈവം ചരിത്രവും കൂടെ സൃഷ്ടിക്കുന്നു.

73 അതുകഴിഞ്ഞ് നൂറു വർഷങ്ങൾക്കു ശേഷം, അതേ ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു, അവൻ വനാന്തരത്തിൽ നിന്നും പുറപ്പെട്ടു വന്നിരുന്നു, അവന്റെ പിതാവ് ഒരു പുരോഹിതന്റെ നിരയിൽപ്പെട്ട്, ഒരു സംഘടനയിൽ ആയിരുന്നു എങ്കിലും; അവൻ ഒരു സംഘടനയുമായി ബന്ധം പുലർത്തിയിരുന്നില്ല. എന്നാൽ അവൻ വനാന്തരത്തിൽ നിന്നും വന്നു, അവനു ചുറ്റം ഒരു ആട്ടിൻ തോൽ ചുറ്റിയിരുന്നു, അവന്റെ മുഖം മുഴുവനും മുടിയുണ്ടായിരുന്നു. അതു തവിട്ടു നിറത്തിനു പകരം, കറുത്ത നിറമുള്ളതായിരുന്നു. മുഴുവൻ യിസ്രായേലിനെയും യഹൂദയേയും ആകർഷിക്കത്തവണ്ണം ഈ മനുഷ്യന്റെ ആകർഷകത്വം എന്തായിരുന്നു? അവരിൽ ചിലർ പോയി പറഞ്ഞു, "അവിടെ അതാ

ഒരു കാട്ടു മനുഷ്യൻ നില്ക്കുന്നു. അവൻ ജനങ്ങളെ വെള്ളത്തിൽ മുക്കാൻ ശ്രമിക്കുന്നു. അങ്ങനെയൊരു കാര്യം കേട്ടിട്ടുള്ള ആരെങ്കിലുമുണ്ടോ?"

74 മറ്റുള്ളവർ ജിജ്ഞാസരായിട്ട്, പറയുന്നു, "ഇതു ആ മശീഹാ ആയിരിക്കും." അവരിൽ ഒരാൾ പറഞ്ഞു, "ഇതു പ്രവാചകന്മാരിൽപ്പെട്ട ഒരുവനായിരിക്കും." എന്തു ചിന്തിക്കണമെന്നു അവർക്ക് അറിയില്ലായിരുന്നു. എന്നാൽ അതു എന്തായിരുന്നു? അതു ദൈവം യെശയ്യാവ് 40 നിറവേറ്റുന്നതായിരുന്നു, അവിടെ അവൻ പറഞ്ഞു, "ഇതാ..." അവസാന നാൾക്കളിൽ അവൻ എന്തു ചെയ്യും, അവന്റെ ദാസനെ അവൻ എങ്ങനെ അയയ്ക്കുമെന്നും അവൻ എന്തു ചെയ്യും എന്നുള്ളതായിരുന്നു.

75 പിന്നെ കുറെ ആഴ്ചകൾ കഴിഞ്ഞിട്ട്, നാം കാണുന്നതു, ആ മനുഷ്യൻ തന്റെ സന്ദേശത്തെക്കുറിച്ച് അത്രയേറെ സുനിശ്ചിതമായിരുന്നിട്ട്, ഇങ്ങനെ അവൻ പറഞ്ഞു, "ഒരുവൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നു, അവന്റെ ചെരുപ്പ് ചുമപ്പാൻ പോലും ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നതുപോലെ, അവൻ നിങ്ങളെ, പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും."

76 ഒരു ദിവസം ഒരു സാധാരണ, ചെറുപ്പക്കാരൻ, ഏകദേശം മുപ്പതു വയസ്സു പ്രായം വരും, താഴേക്ക് നടന്നു വന്നു സ്നാനമേറ്റു. ഈ മനുഷ്യൻ വന്നപ്പോൾ, പ്രവാചകനാൽ അവിടെ അത്തരത്തിലെ ഒരു ആകർഷണം ഉണ്ടാക്കപ്പെട്ട്, ആ പ്രവാചകൻ അന്നു പതിവില്ലാതെ പെരുമാറി. ആ പ്രവാചകന്റെ ചേഷ്ടയെ ശ്രദ്ധിക്കാതിരിക്കാൻ അവിടെ കൂടിവന്നവർക്കു കഴിഞ്ഞിരുന്നില്ല.

77 അവൻ നദിയ്ക്കപ്പുറത്തുള്ള പുരോഹിതന്മാരുമായി വാദപ്രതിവാദം ചെയ്തുകൊണ്ടിരുന്നപ്പോൾ, അവർ പറഞ്ഞു, "ഈ ബലിപീഠം ദൈവം പണിതിരിക്കുന്നു. ഇതു ചെയ്യാനായി ദൈവം ഞങ്ങളോടു പറഞ്ഞിരിക്കുന്നു. പ്രവാചകൻ മോശെയാണ്. ഞങ്ങൾ മോശെയെ വിശ്വസിക്കുന്നു. ബലിയർപ്പിക്കുന്നതു ഞങ്ങളിൽ നിന്നും ഒരിക്കലും എടുത്തു മാറ്റാനാകില്ല."

78 യോഹന്നാൻ തിരികെ ഉത്തരം പറയുന്നതു എനിക്കു കേൾക്കാൻ കഴിയുന്നു, പറഞ്ഞു, "ദാനീയേൽ പ്രവാചകൻ എന്തു പറഞ്ഞിരിക്കുന്നു എന്നുള്ള തിരുവെഴുത്തു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ, നിരന്തര ഹോമയാഗം അപഹരിച്ചു ഇടിച്ചു കളയേണ്ടതല്ലേ? ആ മണിക്കൂർ എത്തിയിരിക്കുന്നു! യെശയ്യാവിന്റെ 40-ാം അദ്ധ്യായത്തിൽ എന്തു പറഞ്ഞിരിക്കുന്നു എന്നു നിങ്ങൾ വായിച്ചിട്ടില്ലേ? 'കർത്താവിനു വഴിയൊരുക്കുവിൻ, എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്ന ഒരു

ശബ്ദമില്ലേ'? എന്നെക്കുറിച്ച് രണ്ടു പ്രവചനങ്ങളുണ്ട്. മറ്റൊരു കാര്യം, നാനൂറു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന നമ്മുടെ പ്രവാകചനായ, മലാഖിയെ നിങ്ങൾ തിരിച്ചറിയുന്നില്ലേ, അവൻ 3-ാം അദ്ധ്യായത്തിൽ ഇങ്ങനെ അരുളി ചെയ്തുകൊണ്ടു പറയുന്നു, 'ഇതാ, വഴിയൊരുക്കാൻ, എനിക്കു മുമ്പായി ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു'? ഇതു ആ പ്രവചനം നിറവേറ്റുന്നു എന്നു നിങ്ങൾക്ക് അറിയില്ലേ?" പ്രവചനം നിറവേറ്റുന്നതായിരുന്നു!

79 ഏകദേശം ആ സമയമായപ്പോഴേയ്ക്കും പ്രവാചകൻ തിരിഞ്ഞിട്ടു പറഞ്ഞു, "ഇതാ, ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!" ഇപ്പോൾ ആകർഷണം എന്താണ്? അതു ആ പ്രവാചകനിൽ നിന്നും അവന്റെ പ്രവചനത്തിലേയ്ക്ക് മാറ്റപ്പെട്ടു.

80 ഇപ്പോൾ എന്തു സംഭവിക്കുന്നു എന്നു ശ്രദ്ധിക്കു. ഇവിടെ ഇതാ ഒരു സാധാരണ മനുഷ്യൻ, ആരാലും അറിയപ്പെടാത്തവൻ, ഒരു തച്ചന്റെ മകൻ, വെള്ളത്തിലേക്ക് ഇറങ്ങി വരുന്നു. അപ്പോൾ, മഹാൻ പ്രവാചകനായിരുന്ന, യോഹന്നാൻ, പറഞ്ഞു, "എനിക്ക് നിന്നാൽ സ്നാനമേല്ക്കാൻ ആവശ്യം. പിന്നെ നീ എന്റെ അടുക്കൽ വരുന്നത് എന്തിന്?"

81 അവൻ പറഞ്ഞു, "ഇപ്പോൾ സമ്മതിക്ക. ഒരു പ്രവാചകനും വചനവും ആയിരിക്കെ, സകല നീതിയും നിവർത്തിക്കുന്നതു നമുക്കുചിതം."

82 അങ്ങനെ ബലി അർപ്പിക്കപ്പെടും മുമ്പ് കഴുകിയിരിക്കണം എന്നവൻ മനസ്സിലാക്കിയിട്ട്, അവൻ അവനെ സ്നാനം കഴിപ്പിച്ചു.

83 ഇപ്പോൾ അവൻ വെള്ളത്തിൽ നിന്നും കരയ്ക്കു കയറിയപ്പോൾ അവിടെ മറ്റൊരു ആകർഷണം ഉണ്ടായി. അവന്റെ സമയത്തെയും കാലത്തെയും വിളിച്ചറിയിക്കുന്നതിൽ ഈ പ്രവാചകൻ വളരെ വിശ്വസ്തനായിരുന്നു, അവൻ മുകളിലേക്ക് നോക്കി സ്വർഗ്ഗം തുറന്നിരിക്കുന്നതു അവൻ കണ്ടു. ദൈവത്തിന്റെ ആത്മാവ്, ഒരു പ്രാവിന്റെ രൂപത്തിൽ, അവന്റെ മേൽ ഇറങ്ങുന്നതു അവൻ കാണുകയും, ഒരു ശബ്ദം ഇങ്ങനെ പറയുന്നതും കേട്ടു, "ഇത് എന്റെ പ്രിയ പുത്രൻ ഇവനിൽ വസിപ്പാൻ ഞാൻ പ്രസാദിച്ചിരിക്കുന്നു." യോർദ്ദാനിൽ ആകർഷിച്ചിരുന്ന ആകർഷണത്തെ, ദൈവം ഒരു പ്രവാചകന്റെ സന്ദേശത്തെ സമർത്ഥിക്കുകയായിരുന്നു.

84 ഒരു സഹോദരൻ കുറച്ചു മുമ്പു പാടുകയോ, അവൻ പാടാൻ സങ്കല്പിക്കുകയോ ചെയ്തിരുന്ന, "ദൂരത്തായൊരു മലയിൽ ഒരു പഴയ മുഷിഞ്ഞ കുരിശ് നില്ക്കുന്നു." കാൽവരി മലയിലെ ആകർഷണം

എന്തായിരുന്നു? മതാധിഷ്ഠിത ലോകം അവനെ കുറ്റം വിധിച്ച്, റോമാ ഭരണകൂടം അവനെ കൊല്ലാൻ ശിക്ഷ വിധിച്ചു. ഇവിടെ ഇതാ അവൻ രണ്ടു കുറ്റവാളികളുടെ നടുവിൽ തൂങ്ങിക്കിടക്കുന്നു, വെള്ളത്തിനായി ദാഹിക്കുന്നു, അവന്റെ ശരീരത്തിൽ നിന്നും രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. അവൻ അവിടെ തൂങ്ങിക്കിടന്നു, നിലവിളിക്കുന്നു, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" മതാധിഷ്ഠരായ ജനങ്ങൾ, അതിലേക്ക് നോക്കിക്കൊണ്ട് അവിടെ നില്ക്കുന്നു, പഴയ നിയമത്തിൽ ആ സമയത്തു നിറവേറാനിരുന്ന വചനം അവിടെ വെച്ചു നിറവേറുകയായിരുന്നു എന്നു വളരെ കുറച്ചു പേരെ അറിഞ്ഞിരുന്നുള്ളൂ.

85 ദാവീദ് തന്നെ സ്വയം എഴുതിയിരിക്കുന്നു, പ്രവർത്തി...സകല പ്രവാചകന്മാരും വീഴുന്നതുപോലെ ആത്മാവിലായിട്ട്, അതു അവനായിരുന്നു എന്നപോലെ അവൻ പെരുമാറി. സങ്കീർത്തനം 22-ൽ, ദാവീദ് കരയുകയാണ്, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്? എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു." ദാവീദ്, അതു അവനായിരുന്നു എന്നപോലെ പറയുന്നു. അതു ദാവീദായിരുന്നില്ല, അതു ക്രിസ്തു ദാവീദിൽ ആയിരുന്നതായിരുന്നു.

86 ഇവിടെ സകല പ്രവാചകന്മാരിലൂടെയും, അരുളി ചെയ്തിരുന്ന പ്രവചനം ആയിരുന്നിട്ട്, കാൽവരി മലയിൽ നിറവേറിക്കൊണ്ടിരിക്കുകയായിരുന്നു. കാൽവരി മലയിലെ ആർഷണം എന്താണ്? ദൈവം തന്റെ വചനം നിറവേറ്റുന്നതായിരുന്നു.

87 പെന്തെക്കോസ്തു നാളിൽ, ഒരു മലമേൽ മറ്റൊരു ആകർഷണം ഉണ്ടായി. സകല മതഭ്രാന്തന്മാരെയും അവർ നശിപ്പിച്ചു എന്നു ചിന്തിച്ചു കൊണ്ട്, മതാധിഷ്ഠിതമായ ആ ഉത്സവത്തിൽ അവരെല്ലാം അവിടെ കൂടിവന്നു. പത്തു ദിവസമായി അവരിൽ നിന്നും അവർ ഒന്നും കേട്ടിരുന്നില്ല. പെട്ടെന്നു, ഒരു തേനീച്ചക്കൂട്ടപോലെ, അവർ ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നും പുറപ്പെട്ടു, നേരെ തെരുവിലേക്ക് ആർപ്പിട്ടും നിലവിളിച്ചും കൊണ്ടു വന്നു.

88 "എന്താണ് ഇത്? ഇത് അർത്ഥമാക്കുന്നതു എന്താണ്? ഈ മനുഷ്യരെല്ലാം മദ്യപിച്ചിരിക്കുന്നോ?"

89 ശ്രദ്ധിക്കു! ഒരു പ്രവാചകൻ ചെയ്തിരിക്കേണ്ട നിർദ്ദേശമനുസരിച്ച്, ഒരു പ്രവാചകൻ അവരുടെ ഇടയിൽ നിന്നുകൊണ്ട്, പറയുന്നു, "യിസ്രായേൽ പുരുഷന്മാരെ, യഹൂദ്യയിലും, യെരൂശലേമിലും പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കു,

എന്റെ വാക്ക ശ്രദ്ധിച്ചു കൊൾവിൻ. നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല, ഇത് പ്രവാചകനായ, യോവേലിലൂടെ കർത്താവ് അരുളി ചെയ്തിരുന്നതത്രേ, 'അന്ത്യ കാലത്തു, സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും എന്നു അരുളി ചെയ്തിരുന്നതാകുന്നു.'" അതായിരുന്നു ആകർഷണം.

90 സമാധാന പ്രഭുവിനെ ക്രൂശിക്കുകയും, മറ്റും ചെയ്തിട്ടും, പരിശുദ്ധാത്മാവു വരുന്നു എന്ന വാഗ്ദത്തം കാണാൻ മതാധിഷ്ഠരായ ജനത്തിനു, കഴിഞ്ഞിരുന്നില്ല. ആ ആകർഷണം, "ഇത് ആരാണ്? ഇതു അർത്ഥമാക്കുന്നത് എന്താണ്? ആ ജനങ്ങൾക്കു സംഭവിച്ചതു എന്താണ്?"

91 ഓ, എന്റെ! അതു ഇന്നും അപ്രകാരം തന്നെയാകുന്നു. അതിനെ ഈ മണിക്കൂറിലേയ്ക്ക് കൊണ്ടുവരുമ്പോൾ അതിൽ നിന്നും വളരെയേറെ നാം വിട്ടുകളയും. അതേ കാര്യം തന്നെ ഇന്നും. അതേ കാര്യം തന്നെ സംഭവിച്ചു കൊണ്ടിരിക്കുന്നു. അതേ ചോദ്യം തന്നെ ചോദിക്കുന്നു. "ആ കോലാഹലം എല്ലാം എന്താണ്?" തെരുവിന്റെ താഴേക്കും മേലേക്കും നോക്കുമ്പോൾ മിച്ചിഗാണിൽ നിന്നും ഫ്ലോറിഡ വരെയും, മൈനെയിൽ നിന്നും കാലിഫോർണിയാ വരെയും, കാറുകൾ കാണാനാകുന്നു. ഇന്നു രാവിലെ നേരം, ഞാൻ പുറത്തേക്ക് പോകുമ്പോൾ, അതേ കൃത്യം ഉച്ചക്ക്, ഞങ്ങൾ തെരുവിലേക്ക് പോയി, ഞാനും ഭാര്യയും കാറുകളിലെ നമ്പർ പ്ലേറ്റുകളിലേക്ക് നോക്കി. അവിടെ വെച്ചാണ് ഞാൻ ഈ വിഷയത്തെക്കുറിച്ച് ചിന്തിച്ചതു.

"ഇതു അർത്ഥമാക്കുന്നതു എന്താണ്?"

92 ഞാൻ അതു പറഞ്ഞതുപോലെ തന്നെ, "ശവം ഉള്ളേടത്തു കഴുക്കൾ കൂടും."

93 ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു, "ഹണീ, സുവിശേഷ വയലിലേയ്ക്ക് പോയി ദൈവം ചെയ്യാനായി പറഞ്ഞിരുന്ന ഒരു കാര്യത്തിന്, ഭൂമിയിൽ എനിക്കു പ്രിയമായിരുന്ന സകലതും ഉപേക്ഷിച്ചിട്ട്, എനിക്ക് പോകേണ്ടി വരും എന്നു പറഞ്ഞ രാത്രി നീ ഓർക്കുന്നോ? നീ ആ പാട്ടു പാടി."

ഓ, അവർ കിഴക്കു നിന്നും പടിഞ്ഞാറു നിന്നും വരുന്നു,
അവർ ഭൂമിയുടെ അറുതികളിൽ നിന്നും വരുന്നു,

അവന്റെ അതിഥികളായി, രാജാവിനോടൊപ്പം
വിരുന്നുണ്ണാൻ;
ഈ പരദേശികൾ എത്ര ഭാഗ്യശാലികൾ!
അവന്റെ ശോഭിക്കുന്ന മുഖം ദർശിപ്പാൻ
ദിവ്യ സ്നേഹത്താൽ ജ്വലിക്കുന്നു;
അവന്റെ കൃപയുടെ അനുഗ്രഹീത പങ്കുകാരായി,
അവന്റെ കിരീടത്തിലെ മുത്തുപോലെ തിളങ്ങുവാൻ.

94 അതാണ് ആ ആകർഷണം. മുൻകുറിക്കപ്പെട്ട വിത്തിനു അതിനെ അനുഗമിക്കനല്ലാതെ മറ്റൊന്നിനും കഴിയില്ല, അതു നമുക്ക് ജീവനെക്കാൾ അധികമാകുന്നു. ഞങ്ങളുടെ ജീവനെ എടുത്തേക്കാം, എന്നാൽ നീ അതു എടുക്കില്ല. ആകർഷണം എന്താണ്? എപ്പോഴത്തെയും പോലെ, ദൈവം, തന്റെ വചനത്തെ പൂർത്തീകരിക്കുന്നു. പ്രവാചകനായ സെഖര്യാവിന്റെ, സെഖര്യാവിന്റെ വചനത്തെ വീണ്ടും പൂർത്തീകരിക്കുന്നതാകുന്നു.

95 അല്പം സമയത്തിനു മുമ്പ് ഞാൻ വായിച്ച വചനം, യേശു സവാരി ചെയ്തുകൊണ്ട്...മന്ദിരത്തിലേക്ക് കടക്കുമ്പോൾ അതല്ല ഒരു ചെറിയ വെളുത്ത, കഴയുടെ മേൽ ഇരുന്നുകൊണ്ട്, യെരുശലേമിലേയ്ക്ക് കടക്കുമ്പോൾ, സെഖര്യാവ് പറഞ്ഞിരുന്ന ആ പ്രവചനം നിറവേറി. അതു ഇവിടെയാണ്, "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു." യെരുശലേമിൽ, മതാധിഷ്ഠിതമായ മുഖ്യകാര്യാലയത്തിലുണ്ടായ, ആകർഷണം അതായിരുന്നു.

96 ഇപ്പോൾ അവസാന ദിവസത്തു സംഭവിക്കുന്നതു നാം കാണുന്നു! വീണ്ടും നമുക്ക് സെഖര്യാവിന്റെ കുറച്ചു പേജുകൾ കൂടെ മറിച്ചുകൊണ്ട്, അതിനെപ്പറ്റി അവൻ ഇവിടെ എന്തു പറഞ്ഞിരിക്കുന്നു എന്നു നോക്കാം. പിന്നെ അവസാന നാളുകൾക്കായി എന്തു പറഞ്ഞിരിക്കുന്നു എന്നു നമുക്ക് തിരിച്ചു നോക്കാം. അതു കാലത്തിന്റെ മദ്ധ്യഭാഗത്തായിരുന്നു; നമുക്ക് അവസാന കാലത്തിലേയ്ക്ക് തിരിച്ചു നോക്കാം. സെഖര്യാവിന്റെ പതിനാലാം അദ്ധ്യായത്തിലേയ്ക്ക് തിരിക്കാം, 4-ാം വാക്യത്തിൽ നിന്നും തുടങ്ങാം. കേൾക്കു! ഏകദേശം ഒമ്പതു വാക്യങ്ങൾ, തിരുവെഴുത്തിൽ നിന്നും കുറച്ചു ഭാഗം, 4 മുതൽ 9 വരെ വായിക്കാൻ പോകുകയാണ്. നന്നേ ശ്രദ്ധിക്കു. അവസാന ദിവസങ്ങളിൽ, അവന്റെ വരവിനെക്കുറിച്ച് പ്രവചിച്ചിരിക്കുന്നതാണ്. ഇപ്പോൾ നന്നേ കേൾക്കു.

ഇത് കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്നാകുന്നു. ഇതു സെഖര്യാവ് 14-ലെ, തിരുവെഴുത്തുകളാകുന്നു. ഓർക്കു സെഖര്യാവ് 9, അതു എന്തു പറയുന്നു? അവർ അതു തിരിച്ചറിഞ്ഞില്ല. ഇപ്പോൾ അതു ഇന്നേക്കു എന്തു പറയുന്നു? സെഖര്യാവ് 14, അവന്റെ വരവിനെക്കുറിച്ചു പറയുന്നു.

*അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും; അതു യെരൂശലേമിൽ നിന്നും കിഴക്കു ദിശയിലാണ്, ഒലിവു മല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്നു പോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായി വരുന്നു; മലയുടെ പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും...തെക്കോട്ട്*

*നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്ക് ഓടിപ്പോകും; കാരണം മലകളുടെ താഴ്വര അസൽവരെ എത്തുന്നതുകൊണ്ടു; യെഹൂദാ രാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും...*

97 മറ്റൊരു ഭൂമികുലുക്കം ഭൂമിയെ തുറന്നു വേർപിരിക്കും! ഇവിടെ നിങ്ങൾ ഒരു തിരുവെഴുത്തിനെ നോക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഈ 5-ാം വാക്യത്തിൽ, ശ്രദ്ധിക്കു, പ്രായോഗികമായും ഒരു ഭൂമികുലുക്കത്തിന്റെ കാരണത്താൽ സീനായ് മല പിളരുമെന്നു അറിയാനാകുന്നു, ഇതു യെശയ്യാവ് 29:6-നാലും, വെളിപ്പാടിന്റെ 16:9-നാലും തീർച്ചപ്പെടുത്തിയും ഇരിക്കുന്നു. കൃത്യമായും! എന്താണ് അത്? അവന്റെ ആദ്യ വരവിനെപ്പറ്റി പറഞ്ഞ അതേ പ്രവാചകൻ തന്നെ, അവന്റെ രണ്ടാമത്തെ വരവിനെയും കാണുന്നു. ശ്രദ്ധിക്കു, "ഭൂമി കുലുക്കമുണ്ടായ നാൾക്കൾ എന്നപോലെ തന്നെ." ഭൂമികുലുക്കങ്ങൾ എന്തു ചെയ്യുന്നു എന്നു കാണുന്നോ? അവയെക്കുറിച്ചുള്ള മുൻകൂട്ടി പറച്ചിലുകൾ കണ്ടോ?

*...നിങ്ങളുടെ ദൈവമായ യഹോവയും തന്നോടു കൂടെ സകല വിശുദ്ധന്മാരും വരും.*

*അന്നാളിൽ അതു സംഭവിക്കും* (ഹല്ലേലൂയാ) *അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല; ജ്യോതിർഗ്ഗോളങ്ങൾ മറഞ്ഞുപോകും.*

*യഹോവ മാത്രം അറിയുന്ന ഒരു ദിവസം വരും; അതു പകലല്ല, രാത്രിയുമല്ല;*

*എന്നാൽ അതു സംഭവിക്കുന്ന സന്ധ്യാ സമയത്തോ വെളിച്ചമാകും.* (ഓ, ദൈവമേ!)

98 “സന്ധ്യാ സമയത്തോ വെളിച്ചമാകും,” അതേ പ്രവാചകൻ തന്നെ പറയുന്നു. ജനങ്ങളോ അന്ധരായിരിക്കുന്നു! ആകർഷണം എന്താണ്? നമുക്ക് കുറച്ചു വാക്യങ്ങൾ കൂടെ വായിക്കാം.

*അന്നാളിൽ ജീവനുള്ള വെള്ളം യെരുശലേമിൻ നിന്നു പുറപ്പെട്ടു പാതി കിഴക്കെ കടലിലേക്കും പാതി പടിഞ്ഞാറേ കടലിലേക്കും ഒഴുകും; അതു ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും.* (സുവിശേഷം പോയ്ക്കൊണ്ടിരിക്കും; യഹൂദനും ജാതികൾക്കും രണ്ടു കൂട്ടർക്കും.)

*യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും.*

സന്ധ്യാ സമയത്തോ വെളിച്ചമാകും, (ശരിയാണ്)
മഹത്വത്തിന്റെ വഴി തീർച്ചയായും കണ്ടെത്തും;
ഇന്നത്തെ വെളിച്ചം ജലത്താലുള്ള വഴിയാണ്
യേശുവിന്റെ വിലപ്പെട്ട നാമത്തിൽ അടക്കപ്പെടുന്നു.
ചെറുപ്പക്കാരും പ്രായമുള്ളോരും ആയുള്ളോരേ, നിങ്ങളുടെ സകല പാപങ്ങളെക്കുറിച്ചും പശ്ചാത്തപിപ്പിൻ,
പരിശുദ്ധാത്മാവ് തീർച്ചയായും കടന്നു വരും;
സന്ധ്യാ സമയത്തെ വെളിച്ചം വന്നിരിക്കുന്നു,
ദൈവവും ക്രിസ്തുവും ഒന്നാണ് എന്നതാണ് ആ സത്യം.

നോക്കൂ നാം എവിടെ ആയിരിക്കുന്നു?

രാജ്യങ്ങൾ തകരുന്നു യിസ്രായേൽ ഉണരുന്നു,
പ്രവാചകന്മാർ മുൻചൊന്ന അടയാളങ്ങൾ; (അത് അവസാന കാലത്തിൽ ജാതികൾക്കുണ്ടാകുന്ന ഭൂമി കുലുക്കമാണ്)
ഭാരം ചുമത്തപ്പെട്ട് അതിവേദനയാൽ, ജാതികളുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു;
ഓ ചിതറിപ്പോയവരെ, നിങ്ങളുടെ സ്വന്തത്തിലേക്ക്, തിരികെ വരുവിൻ.

99 പുറത്തെറിയപ്പെട്ടവരായ നിങ്ങൾ, ഈ പെട്ടകങ്ങളെ ഒരു പുതിയ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകും, മരണം നിങ്ങളെ ആഞ്ഞടിക്കും മുമ്പ്, അവിടെ നിന്നും പുറപ്പെട്ടുവരിക. ദൈവം അതു തീർച്ചപ്പെടുത്തിയിരിക്കുന്നു, അതു അങ്ങനെ തന്നെ ആയി തീരും.

100 നമുക്ക് പഴയ നിയമത്തിലെ മറ്റൊരു തിരുവെഴുത്തിലേക്ക് തിരിക്കാം, മലാഖി 4-ാം അദ്ധ്യായം, 4-ാം അദ്ധ്യായത്തിൽ നിന്നും കുറച്ചു വായിക്കാം.

*...ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും...*

101 ഇപ്പോൾ, ഇത് അതല്ല...ആദ്യത്തെ വരവ്, അതു മലാഖി 3 ആയിരുന്നു, ഇപ്പോൾ ഇവിടെ അടുത്ത വരവാണ്. ഇവിടെ ഡോക്ടർ സ്കോഫീൽഡും, ഞാൻ അദ്ദേഹത്തിന്റെ അടിക്കുറിപ്പുകളുമായി യോജിക്കുന്നില്ല എന്നതു തീർച്ചയാണ്, എന്നാൽ അദ്ദേഹത്തിനു അതു ഇവിടെ പംക്തിയായി കിട്ടിയിരിക്കുന്നു. മലാഖി 3-ലെ; "യോഹന്നാന്റെ ചുമതലയും," പിന്നെ "ക്രിസ്തുവിന്റെ രണ്ടാം വരവിനു," മുന്നോടിയായ ഏലീയാവിന്റെ വരവും. ശരിയാണ്.

*...അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ...* (പിന്നെ "നിത്യ" നരകം എവിടെയാണ്?)

*എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും.*

*ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ ദുഷ്ടന്മാർ നിങ്ങളുടെ കാലിൻ കീഴിൽ വെണ്ണീർ ആയിരിക്കകൊണ്ടു നിങ്ങൾ അവരെ ചവിട്ടിക്കളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു.*

*ഞാൻ ഹോരേബിൽ വെച്ചു എല്ലാ യിസ്രായേലിന്നും വേണ്ടി എന്റെ ദാസനായ മോശെയോടു കല്പിച്ചിരിക്കുന്ന ന്യായപ്രമാണവും ചട്ടങ്ങളും വിധികളും ഓർത്തുകൊൾവിൻ.*

102 ഇവിടെയാണ് ഏലീയാവിന്റെ വരവ്.

*ഇതാ, ഞാൻ നിങ്ങൾക്കു ഏലീയാവ് പ്രവാചകനെ അയയ്ക്കുന്നു...*

103 പഴയ നിയമത്തിന്റെ അവസാനം അവസാനിപ്പിക്കുന്ന തിരുവെഴുത്ത്!

*...യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാ പ്രവാചകനെ അയയ്ക്കും.*

104 ഇപ്പോൾ, അതു യോഹന്നാൻ ആയിരിക്കില്ല. അല്ല, നോക്കു, ലോകം കത്തിയെരികയോ നീതിമാന്മാർ ദുഷ്ടന്മാരുടെ വെണ്ണീറിനു മേലെ നടക്കുകയോ ചെയ്തില്ല. കാണുന്നോ? ഇല്ല, ഇല്ല.

*...യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ:*

*ഞാൻ വന്നു ഭൂമിയെ സംഹാരശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും.*

105 പരിശുദ്ധാത്മാവിന്റെ കൃത്യത ശ്രദ്ധിക്കു, അതു ആ രണ്ടു വരവുകളെയും കൂട്ടിക്കുഴക്കുന്നില്ല. മലാഖി 3, പറയുന്നു, "ഇതാ, ഞാൻ എന്റെ ദൂതനെ എനിക്ക് മുമ്പായി അയയ്ക്കുന്നു." യോഹന്നാനെക്കുറിച്ച് യേശു ചോദിക്കുന്നത്; അവൻ പറഞ്ഞു, "നിങ്ങൾക്ക് അതു സ്വീകരിക്കാൻ കഴിയുമെങ്കിൽ, 'എനിക്കു മുമ്പായി ഞാൻ എന്റെ പ്രവാചകനെ അയയ്ക്കുന്നു,' എന്നു പറഞ്ഞിരുന്നവൻ ഇവൻ തന്നെ. വരുവാനുണ്ടായിരുന്ന ഏലീയാവ് ഇവൻ തന്നെ." മലാഖി 3.

106 ശ്രദ്ധിക്കു തിരുവെഴുത്ത് വളരെ സ്പഷ്ടമായി അതു നൽകുന്നു. ഇതു എന്താണെന്നു ശ്രദ്ധിക്കു...അതു കാണിക്കാനായി... അതു വിശ്വസിക്കാൻ ആഗ്രഹിക്കുന്നവർക്കും, അതു കാണാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടിയാകുന്നു. ഓർക്കു, തിരുവെഴുത്തിന്റെ മദ്ധ്യേ യേശു അല്പം ഒന്നു നിർത്തി, കാരണം, അപ്പോൾ അതിന്റെ ഒരു ഭാഗം നിവൃത്തിയായി, ശേഷിക്കുന്ന ഭാഗം രണ്ടാം വരവിൽ ആയിരിക്കില്ല? "ഹൃദയം തകർന്നവരെ മുറിവ് കെട്ടുവാനും തടവുകാർക്കു വിട്ടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യം അറിയിപ്പാനും," പിന്നെ നിർത്തി; അവന്റെ രണ്ടാം വരവിലെ, "ജാതികളുടെ മേൽ ന്യായവിധി," കൊണ്ടുവരുന്നതിനെപ്പറ്റി പറഞ്ഞില്ല.

107 ശ്രദ്ധിക്കു ഈ തിരുവെഴുത്ത് ഇവിടെ ഇതിനു സമാന്തരമാകുന്നു. "അവൻ, ഏലീയാവ്, പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്ക് നിരപ്പിക്കും." (ഇപ്പോൾ മലാഖി 4-നെപ്പറ്റി പറയുന്നതാണ്, മലാഖി 3-മായി, കൂട്ടിക്കുഴച്ചു കളയരുത്.) യോഹന്നാൻ, ഏലീയാവായി, ക്രിസ്തുവിന്റെ ആദ്യ വരവിനു മുന്നോടിയായി വന്ന്, പണ്ടത്തെ ഗോത്ര പിതാക്കന്മാരുടെ ഹൃദയത്തെ, പുതിയ സന്ദേശത്തിലേക്ക്, മക്കളുടെ സന്ദേശത്തിലേക്ക് തിരിക്കുന്നു.

108 ഇപ്പോൾ ശ്രദ്ധിക്കു. "മക്കളുടെ ഹൃദയം അപ്പന്മാരിലേക്ക്." അവന്റെ രണ്ടാമത്തെ വരവിൽ, അവസാന ദിവസങ്ങളിൽ, അവൻ വീണ്ടും

അപ്പോസ്തലന്മാരുടെ വിശ്വാസത്തിലേക്ക് തിരിക്കും. എത്ര കൃത്യമായി തിരുവെഴുത്ത് ക്രമപ്പെട്ടുത്തിയിരിക്കുന്നു എന്നു കാണുന്നോ?

109 അതു പഴയ നിയമത്തിന്റെ, പഴയ നിയമത്തിന്റെ അവസാനത്താകുന്നു. ഇപ്പോൾ സന്ധ്യാ സമയത്തു വെളിച്ചമാകും എന്നു നമുക്കറിയാം. എന്താണ് അത്? അതു മുകളായി, ടീട്ടേപ്പ് മലമേലാണ്.

110 ഇന്നു രാവിലെ ഞാൻ പറഞ്ഞതുപോലെ, നമ്മൾ സംഘടനാ സഭയിലൂടെ കടന്നുവന്നു, ഇന്നു രാവിലെ ഞാൻ പറഞ്ഞിരുന്നു, (ഒരു ഓറഞ്ച് മരം പോലെയല്ല) എന്നാൽ ആരംഭത്തിൽ ആയിരുന്നതു പോലെയല്ലാത്ത മുന്തിരിപ്പഴവും, നാരങ്ങയും, മറ്റുള്ളവയും നമുക്ക് കിട്ടി. എന്നാൽ പിന്നീട്...ഇതു വിട്ടുകളയരുത്. ഇവിടെ അതു വരുന്നു. സകല സംഘടനാ സഭകളും തളർന്നു പോയപ്പോൾ, അവർക്ക് ആരംഭം മുതലേ ഒരു വെളിച്ചവും ഉണ്ടായിരുന്നില്ല, പകലെന്നോ രാത്രിയെന്നോ പറയാനാകാത്ത ഒരു ദിവസം വരും.

111 അവർ ചെയ്യുന്നതു എന്താണ്? അവർ ചെയ്തുകൊണ്ടിരിക്കുന്നതു എന്താണ്? ഒരു ഓറഞ്ച് മരത്തിൽ ഒരു—ഒരു നാരങ്ങ എന്തു ചെയ്യുന്നു? ഓറഞ്ചിന്റെ മൂല ജീവനെ എടുത്തിട്ട് അതിലൂടെ കടന്നു വന്ന് അതൊരു നാരങ്ങയായി വഴിപിഴച്ചുപോകുന്നു. അതാണ് സംഘടനകൾ ദൈവത്തിന്റെ വചനത്തോടു ചെയ്തതു. അവരുടെ സമ്പ്രദായങ്ങളാൽ ദൈവ ചനത്തെ പ്രഭാവമില്ലാതാക്കി തീർത്തു. അതു കർത്താവിന്റെ ആത്മാവ് അരുളി ചെയ്യുന്നു എന്നതാകുന്നു. അവർ ഓറഞ്ചല്ല, നാരങ്ങകളെയും, മുന്തിരിപ്പഴങ്ങളെയും, മറ്റും ഉല്പാദിപ്പിച്ചു.

112 എന്നാൽ പ്രവാചകൻ പറഞ്ഞിരിക്കുന്നതു എന്താണ്? ഇന്നു രാത്രിയിലുള്ള നമ്മുടെ വിഷയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നവൻ തന്നെ. "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു." ശ്രദ്ധിക്കു അതേ പ്രവാചകൻ തന്നെ പറയുന്നു, "വിളയാനുള്ള ഒരു സമയം വരും." സൂര്യനെ ഭൂമിയിൽ അയച്ചിരിക്കുന്നതു ഫലങ്ങളെ വിളയിക്കാനായിട്ടാണ്. അതിനു വിളയാനാകാത്തത് എന്തുകൊണ്ടാണ്? വിളയാനായി അവിടെ ഫലങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ജീവൻ ഇപ്പോഴും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

113 ഒരു ഓറഞ്ചായി തീരാൻ, അതൊരു മുന്തിരിപ്പഴത്തിലൂടെ കടന്നുവന്ന്, അത് സംഘടനയായി തീർന്നു എന്നു കണ്ടു; അതൊരു

മുന്തിരിപ്പഴം ആയിരുന്നു. അതു വീണ്ടും കടന്നു പോയി, അതു ആ സമയത്തു ഒരു നാരങ്ങയായി പുറത്തു വന്നു. വീണ്ടും കടന്നു പോയി, അതു മറ്റൊന്നായി പരിണമിച്ചു. പിന്നെ ഏറ്റവും അവസാനം, മരത്തിന്റെ ഏറ്റവും മേൽഭാഗത്തു, അതൊരു ടാൻജലോ ആയി തീർന്നു, അതു പകുതി ഓറഞ്ചും, പകുതി നാരങ്ങയും; ഒരു സങ്കരം വർഗ്ഗം, ഒരു വഴിപിഴച്ച വസ്തു; അതേ മരത്തിൽ തന്നെ ജീവിക്കുന്ന, ഒരു വഴിപിഴച്ചതിലേക്ക് വന്നു; ആ തൊണ്ട്, "കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുന്നതുപോലെ." അതൊരു ഓറഞ്ചു പോലെ കാണപ്പെടുന്നു, എന്നാൽ അതു അതല്ല.

114 അവൾ സംഘടനക്ക് അപ്പുറത്തേക്കു വളരുമ്പോൾ, "വെളിച്ചമുണ്ടാകും." അവൾ സംഘടനയുടെ അപ്പുറത്തേക്ക് കടന്നു കഴിയുമ്പോൾ, അതു വീണ്ടും തഴച്ചുവളരും, അവൾ ഭൂമിയിലേക്ക് പോയപ്പോൾ അവളിൽ ഉണ്ടായിരുന്നതു പോലെ തന്നെ വീണ്ടും ഓറഞ്ചുകളെ പുറപ്പെടുവിക്കും, പിന്നെ വെളിച്ചമുണ്ടാകും.

115 ആകർഷണം എന്താണ്; ഈ സംഭവിക്കുന്നതു എന്താണ്? ദൈവത്തിന്റെ വചനം നിവർത്തിയാകുന്നു. അതു സംഭവിക്കും എന്നതിനു, പഴയ നിയമത്തിൽ രണ്ടു സാക്ഷികളുണ്ട്.

116 പുതിയ നിയമത്തിൽ നിന്നും, നമുക്ക് യോഹന്നാൻ 14:12 എടുക്കാം, യേശു പറയുന്നു.

> *...എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവർത്തികൾ അവനും ചെയ്യും...*

117 മാത്രമല്ല, ലൂക്കൊസ് 17:22 മുതൽ 30 വരെ, അവൻ പറയുന്നു.

> ലോത്തിന്റെ നാൾക്കളിൽ എന്നപോലെ, സൊദോം കത്തിയെരിയുന്നതിനു മുമ്പ്, മനുഷ്യ പുത്രന്റെ തിരികെ വരവിന്റെ ദിവസം, *മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാൾ എന്നതു പോലെ ആയിരിക്കും.*

118 ഓ, തിരുവെഴുത്തുകളിലേക്ക് മാത്രം നോക്കുവിൻ! "ആ മനുഷ്യ പുത്രൻ," യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യനായി, സംഘടനകൾക്ക് അപ്പുറമായി വളർന്ന്, വൃക്ഷത്തിന്റെ മേൽവരെ വളർന്നിരിക്കുന്നു. യോഹന്നാൻ 14-ലോ 15-ലോ അവൻ പറയുന്നതു എന്താണ്? "ഫലം പുറപ്പെടുവിക്കാത്ത, എന്നിലെ ഓരോ ശാഖയും, അതിനെ വെട്ടിയൊതുക്കി മുറിച്ചു, തീയിലിട്ടു കത്തിക്കുന്നതാണ്. എന്നാൽ ഫലം പുറപ്പെടുവിക്കുന്ന ഓരോ ശാഖയും, അതിനെ ചെത്തി വെടിപ്പാക്കുന്നു."

119 ഓ, ഈ അവസാന കാലങ്ങളിൽ കഴുതയൊടൊപ്പം വരുന്ന ചെറിയ കൂട്ടർക്ക് ഒരു വാസ്തവമായ മുൻമഴയും പിൻമഴയും ഉണ്ടായിരിക്കും, താഴ്മയും എളിമയും ഉള്ളവനായി, "കർത്താവിന്റെ നാമത്തിൽ വരുന്നവനു ഓശാന," എന്നു സംഘട...ഒരു സംഘടനയും, ആർപ്പിടില്ല. ഇന്നത്തെ കുഴപ്പമെന്താണ്? മലയിലെ ആകർഷണം എന്താണ്?

120 വളരെ മുമ്പല്ലാതെ, ഈ പുൾപ്പിറ്റിൽ നില്ക്കുമ്പോൾ, അതു പരിശുദ്ധാത്മാവിനാൽ പറയപ്പെട്ടിരുന്നു. "നിന്റെ വീട്ടിന്റെ ഗേയ്റ്റിനു മുന്നിൽ അവർ ഒരു അതിരുകല്ല് നാട്ടാൻ പോകുന്ന ഒരു ദിവസം വരുന്നു; അവർ നിന്റെ ഗേയ്റ്റ മാറ്റും. അങ്ങനെ, നീ അതുവഴി കടന്നു പോകുമ്പോൾ, കോപിക്കരുത്." എന്റെ ഗേയ്റ്റ് വലിച്ചു ഇളക്കിയെടുത്ത് മലയുടെ വശത്തായി ഇട്ടിരിക്കുന്നതു ഞാൻ കണ്ടു. എന്റെ മുന്നിലായി ആ മല ഞാൻ കണ്ടു, ഏകദേശം എല്ലാം കുഴിച്ചു മാറ്റിയിരുന്നു, ബോർഡുകളും മറ്റും അവിടെ കിടന്നിരുന്നു അതിനെയെല്ലാം എന്തോ ചിലതു ഇടിച്ചു ചതച്ചിരുന്നു. അവൻ പറഞ്ഞു...

ഞാൻ നോക്കിയപ്പോൾ, ഒരു ചെറിയ റിക്കി അവിടെയ്ക്കു ചെന്നു ഗേയ്റ്റ് വലിച്ചു പിഴുതെടുത്തു, അതു ചെയ്തു. ഞാൻ ചോദിച്ചു, "നീ എന്നോടു പറയാത്തത് എന്താണ്?" അവൻ എന്നോടു മിടുക്കനാകാൻ നോക്കി, അതുകൊണ്ട് എനിക്ക് അവനെ ഇടിക്കണമായിരുന്നു. അത് അങ്ങനെ ചെയ്തപ്പോൾ, ഞാൻ പറഞ്ഞു, "ഞാൻ റിംഗിലായിരുന്നതു മുതൽ ഇങ്ങനെ ഒരിക്കലും ചെയ്തിട്ടില്ല, എന്നാൽ നീ ഇതു മനസ്സിലാക്കിയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു," അവനെ ഞാൻ ഒരു പ്രാവശ്യം ശക്തിയായി പ്രഹരിച്ചു. ഞാൻ അവനെ അടിച്ചു വീഴ്ത്തിയിട്ട്, അവനെ വീണ്ടും ഞാൻ എഴുന്നേല്പിച്ചു പിന്നെയും ഇടിച്ചു വീഴ്ത്തി. ഞാൻ അവനെ മൂന്നു നാലു പ്രാവശ്യം പൊക്കിയെടുത്തു, പിന്നെ മലയുടെ അപ്പുറത്തായി ദുക്കിയെറിഞ്ഞു. പിന്നെ ഞാൻ അവിടെയ്ക്കു പോയി, ഞാൻ പറഞ്ഞു, "അതു ശരിയായില്ല." ഞാൻ അവനെ പൊക്കിയെടുത്ത്, അവന്റെ കൈ പിടിച്ചു കുലിക്കിയിട്ടു, ഞാൻ പറഞ്ഞു, "ഞാൻ നിന്നോടു കോപിച്ചതല്ല, എന്നാൽ നിനക്കു എന്നെ അങ്ങനെ എടുക്കാൻ പറ്റില്ലെന്നു നീ അറിയേണം എന്നു ഞാൻ വിചാരിച്ചിട്ടു ചെയ്തതാണ്."

പിന്നെ ഞാൻ തിരിഞ്ഞു തിരികെ വന്നപ്പോൾ, പരിശുദ്ധാത്മാവ് അവിടെ ഗേയ്റ്റിന്റെ അടുത്തായി നില്പുണ്ടായിരുന്നു, പറഞ്ഞു, "ഇപ്പോൾ, ഇതു ഒഴിഞ്ഞു പോകുക. ആ അതിരുകല്ല് നാട്ടിക്കഴിയുമ്പോൾ, പടിഞ്ഞാറേക്ക് പോയ്ക്കൊള്ളുക."

എനിക്ക് എല്ലാമായിട്ട് ആവശ്യം, ഈ പുസ്തകമാണ്,
ഈ പുസ്തകം ഒരു നല്ല ഔഷധ യോഗമാണ്,
എന്റെ വിഷമതകൾക്കു ചുറ്റുമുള്ള വഴികൾ കാണിക്കുന്നു.
ആമേൻ!

121 ആ പുസ്തകം വചനമാകുന്നു, വചനം ദൈവമാകുന്നു. നിങ്ങളുടെ വിഷമതകളെ ഒഴിഞ്ഞു പോകാൻ, എന്തു ചെയ്യേണം എന്നു അതു നിങ്ങളോടു പറഞ്ഞുതരും.

122 മൂന്നു വർഷങ്ങൾക്കു മുമ്പ്, അതിരുകല്ല് നാട്ടാൻ പോകുന്നു എന്നു ഞാൻ കേട്ടിട്ട്, പട്ടണത്തിലെ അളവുകാരനായ, എന്റെ ഒരു സ്നേഹിതൻ, അവൻ ഞാൻ താമസിക്കുന്നതിന്റെ അടുത്ത് താമസിക്കുന്നു. ഞാൻ അവിടേയ്ക്ക് പോയി ചോദിച്ചു, "മഡ്, കാര്യം എന്താണ്?" ശ്രീമാൻ. കിംഗ്സിന്റെ മകനാണ്, തനതായ സ്നേഹിതനാണ്.

പറഞ്ഞു, "ബില്ലി, അവർ ഈ വഴി വീതി കൂട്ടാൻ പോകുകയാണ്."

123 നിങ്ങൾ എല്ലാവരും ഓർക്കുന്നു. ഞാൻ പറഞ്ഞു, "ഒരുപക്ഷേ അതു ആ പാലമായിരിക്കും." ഞാൻ സഹോദരൻ വുഡിനോടു പറഞ്ഞു, ഞാൻ പറഞ്ഞു, "നിങ്ങളുടെ വസ്തുവിനെ സൂക്ഷിച്ചുകൊള്ളുക. ഒരുപക്ഷേ ആ പാലമോ മറ്റോ ഇതു വഴി വന്നതായിരിക്കാം." ഇടുങ്ങിയ വഴികളെല്ലാം ഇടിച്ചു നിരത്തിയിട്ട്, ചുടുകല്ലും, പാറകളും, മറ്റെല്ലാം എല്ലായിടത്തുമായി ഇട്ടിരിക്കുന്നു. അങ്ങനെ അവൻ പറഞ്ഞു...ഞാൻ പറഞ്ഞു, "നിന്റെ വസ്തുവിനെ സൂക്ഷിച്ചുകൊള്ളുക."

പിന്നെ, എന്നോടു...ശ്രീമാൻ, കിംഗ് അതുണ്ടാക്കാൻ പോകുന്നെന്നു എന്നോടു പറഞ്ഞു.

124 ഞാൻ അകത്തു പോയി, എന്റെ ഭാര്യ അവിടെ ഇരിക്കുകയായിരുന്നു അവളോടു അതു പറഞ്ഞു, "ഹണീ, അതിനെപ്പറ്റി എന്തോ ചിലതു അവിടെ എഴുതിയിരിക്കുന്നു. ഇത് കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്നതാണ്. എവിടെയെങ്കിലും ഉണ്ടാകും."

125 ഞാൻ അകത്തു പോയി എന്റെ ബുക്ക് എടുത്ത്, അതിലേക്ക് നോക്കി, അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, "അതു സംഭവിക്കുമ്പോൾ..." എട്ടു വർഷങ്ങൾ കഴിഞ്ഞിട്ട്!

126 ഞാൻ അതിലേക്ക് നോക്കിയിട്ട്, ഞാൻ പറഞ്ഞു, "ഹണീ, ഇതാണ് ആ സമയം, നാം തികച്ചും പടിഞ്ഞാറേയ്ക്ക് പോകേണം."

127 അതിനു രണ്ടു ദിവസം കഴിഞ്ഞപ്പോൾ, ഒരു രാവിലെ നേരം ഏകദേശം പത്തു മണിക്ക് മുറിയിൽ നില്ക്കുകയായിരുന്നു, ഞാൻ

ദൈവാത്മാവിലേക്ക് കടന്നു. ആ ചെറിയ പ്രാവിൻ കൂട്ടം പറക്കുന്നതു ഞാൻ കണ്ടു, വളരെ ചെറിയ പക്ഷികളെപ്പോലെ കാണപ്പെട്ടിരുന്നു. നിങ്ങൾ അതു ഓർക്കുന്നുണ്ട്. ഒരു പിരമിഡിന്റെ ആകൃതിയിൽ ഏഴു ദൂതന്മാർ, വളരെ ബദ്ധപ്പെട്ടു എന്റെ അടുക്കൽ വരുന്നതു ഞാൻ കണ്ടു. പറഞ്ഞു, “പടിഞ്ഞേറേക്ക് തിരിഞ്ഞ്, ടൂസനിലേക്ക് പോയി, നാല്പതു മൈൽ വടക്കുകിഴക്കായിട്ട് ആയിരിക്കുക. നീ നെരിപ്പോടിന്റെയോ” അതോ അവർ (ബുൾഹെഡർ) എന്നു വിളിക്കുന്ന ബുള്ളിനേറ്ററിന്റെ വിത്തുകളെ, “നിന്റെ വസ്ത്രങ്ങളിൽ,” നിന്നും പെറുക്കി മാറ്റിക്കൊണ്ടിരിക്കും.

128 ഇപ്പോൾ ഇവിടെ സഹോദരൻ ഫ്രെഡ് സോത്മാൻ നേരെ എന്നെ നോക്കിക്കൊണ്ടിരിക്കുന്നു, അന്നു രാവിലെ നേരം അവിടെയുണ്ടായിരുന്നു. ഞാൻ അതിനെപ്പറ്റി മറന്നുപോയിരുന്നു.

129 ഞാൻ പറഞ്ഞു, “ഭൂമികുലുക്കം പോലെ ഒരു പൊട്ടിത്തെറിയുണ്ടായി, അതു രാജ്യത്തിന്റെ ആ ഭാഗത്തുണ്ടായിരുന്ന ഏകദേശമുള്ള എല്ലാത്തിനെയും ഇളക്കിക്കളഞ്ഞു. അതിൽ നിന്നും ഒരു മനുഷ്യൻ എങ്ങനെ അതിജീവിക്കും എന്നെനിക്ക് കാണാനാകുന്നില്ല.” ഞാൻ ഭയന്നുപോയി. ഞാൻ ഫീനിക്സിൽ നിന്നിരുന്നു, ഇന്നു രാത്രിയിൽ എന്നെ കേൾക്കുന്ന നിങ്ങൾ എല്ലാവരും അതിന്റെ സാക്ഷികളാണ്. *സാറന്മാരെ, ഇതു എന്തു സമയമാണ്?* എന്നതിന്മേൽ ഞാൻ പ്രസംഗിക്കുകയായിരുന്നു. “എവിടെയാണ് നാം?” ഞാൻ പടിഞ്ഞാറേയ്ക്ക് പോയിരുന്നു. ഇവിടെ ഇരിക്കുന്ന മിക്കവാറുമുള്ള എല്ലാവരും അതു പറഞ്ഞു കേട്ടിരിക്കുന്നു, അതിനു ഒരു വർഷമോ അതിനു മുമ്പോ പറഞ്ഞിരുന്നു, ഇവിടെയിരിക്കുന്ന നിങ്ങളിൽ അനേകരുടെ പക്കലും ആ ടേപ്പുണ്ടാകും.

130 എന്തു സംഭവിക്കാൻ പോകുന്നു എന്നു ആശ്ചര്യപ്പെട്ടുകൊണ്ട്, ഞാൻ പടിഞ്ഞാറേയ്ക്ക് പോയി. ഒരു ദിവസം കർത്താവിൽ നിന്നും എനിക്കു ഒരു വിളിയുണ്ടായി. ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു, ഞാൻ പറഞ്ഞു, “ഹണീ, ഞാൻ...ഒരുപേക്ഷേ എന്റെ ജോലി അവസാനിച്ചിരിക്കാൻ ഇടയുണ്ട്.” എനിക്കറിയില്ല. ഞാൻ പറഞ്ഞു, “ഞാൻ...ദൈവം, ഇപ്പോൾ ഒരുപക്ഷേ ദൈവം എന്നോടൊപ്പം ആയിരിക്കുന്നതു അവസാനിപ്പിച്ചതു പോലെ തോന്നിയിട്ട്, ഞാൻ വീട്ടിലേക്ക് പോകുന്നതാകാം. നീ പോയി ബില്ലിയെ കൂട്ടുക, കുട്ടികളെയും എടുത്തുകൊള്ളുക. ഏതെങ്കിലും വിധത്തിൽ, ദൈവം നിനക്കു ഒരു വഴിയുണ്ടാക്കും. മുന്നോട്ട് പോയി ദൈവവുമായി നേരായി ജീവിച്ചുകൊള്ളുക. കുട്ടികളെ പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിക്കുകയും, അവരെ ദൈവത്തിന്റെ അനുശാസനയിൽ വളർത്തുകയും ചെയ്യുക.”

അവൾ പറഞ്ഞു, “ബിൽ, നിനക്കറിയില്ല—അതു സത്യമെന്നു നിനക്കറിയില്ലേ.”

ഞാൻ പറഞ്ഞു, “ഇല്ല, ഒരു മനുഷ്യനു അതിനെ അതിജീവിക്കാൻ കഴിയില്ല.”

131 ഒരു പ്രഭാതത്തിൽ കർത്താവ് എന്നെ ഉണർത്തിയിട്ടു, പറഞ്ഞു, “സബീനാ മലയിടുക്കിലേയ്ക്ക് കടന്നു വരിക.” ഞാൻ ഒരു കഷണം പേപ്പറും എന്റെ ബൈബിളും എടുത്തു.

അപ്പോൾ ഭാര്യ ചോദിച്ചു, “നീ എവിടെ പോകുന്നു?”

ഞാൻ പറഞ്ഞു, “എനിക്കറിയില്ല. ഞാൻ തിരികെ വരുമ്പോൾ അതു പറയാം.”

132 ഞാൻ മലയിടുക്കിന്റെ മുകളിലേക്ക് കയറി, കഴുകന്മാർ വട്ടമിട്ടു പറക്കുന്ന ഏറ്റവും ഉയരമുള്ളടത്തേയ്ക്ക് കയറി. ചില മാനുകൾ അവിടെ നിൽക്കുന്നതു ഞാൻ കണ്ടിരുന്നു. പ്രാർത്ഥിക്കാനായി ഞാൻ മുട്ടു മടക്കി, എന്റെ കൈകളെ മുകളിലേയ്ക്ക് ഉയർത്തിയപ്പോൾ, ഒരു വാൾ എന്റെ കയ്യിൽ വന്നു പതിച്ചു. ഞാൻ ചുറ്റും നോക്കി. ഞാൻ ചിന്തിച്ചു, “ഇത് എന്താണ്? ഞാൻ അല്ലാതെ ഇവിടെ മറ്റാരുമില്ല. ഇവിടെ ഇതാ എന്റെ കയ്യിൽ വാൾ; സൂര്യൻ മിന്നിത്തിളങ്ങുന്നതിനാൽ, തിളക്കത്തോടെ, ശോഭിച്ചിരുന്നു.” ഞാൻ പറഞ്ഞു, “ഈ മലയിടുക്കിനു മേലെ, എന്റെ അടുത്തു നിന്നും മൈൽ ചുറ്റളവിലും ജനങ്ങൾ ആരുമില്ല. ഇതു എവിടെ നിന്ന് വന്നു?”

ഞാൻ ഒരു ശബ്ദം കേട്ടു, പറഞ്ഞു, “അതു രാജാവിന്റെ വാളാണ്.”

ഞാൻ പറഞ്ഞു, “യോദ്ധാവായ ഒരു രാജാവ് വാളുമായിട്ടായിരിക്കുന്നു.”

133 അവൻ, ആ ശബ്ദം, തിരികെ വന്നു, പറഞ്ഞു, “ഒരു രാജാവിന്റെ വാളല്ല, ‘ആ രാജാവിന്റെ വാളാണ്,’ കർത്താവിന്റെ വചനം.” പറഞ്ഞു, “ഭയപ്പെടരുത്. ഇതു വെറും മൂന്നാം വലിയാണ്. ഇതു നിന്റെ മിനിസ്ട്രിയുടെ സമർത്ഥനമാണ്.”

134 എന്തു സംഭവിക്കാൻ പോകുന്നു എന്നറിയാതെ, ഞാൻ എന്റെ ഒരു സ്നേഹിതനുമായിട്ട് വേട്ടയ്ക്കു പോയതായിരുന്നു.

കർത്താവിന്റെ ദൂതനുമായി ചേർന്നെടുത്ത ചിത്രത്തെപ്പറ്റി എന്നെ വിമർശിച്ചിരുന്ന ആളിനായി, ആരോ എന്നെ വിളിച്ചിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ മകനായി ഹ്യൂസ്റ്റൺ വരെ പോകണമായിരുന്നു, അവൻ മരിക്കാൻ കിടന്നിരുന്നവരുടെ കൂടെ കിടക്കുകയും കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ അവൻ മരിച്ചു പോകുകയും ചെയ്യുമായിരുന്നു. അവൻ അവിടെവെച്ചു എന്നെ കണ്ടിട്ട് അവന്റെ

കൈ എനിക്കു ചുറ്റിനും ചുറ്റിക്കൊണ്ട്, പറഞ്ഞു, "ചിന്തിക്കു, ഞാൻ വിമർശിച്ച മനുഷ്യൻ തന്നെ എന്റെ ഏക മകനെ രക്ഷിക്കാനായി വരുന്നു!" ഒരു ജീവൻ രക്ഷിച്ചതിനു, ഹ്യൂമൻ സൊസൈറ്റി എന്നോ മറ്റോ അവർ അതിനെ വിളിക്കുന്നു, എനിക്ക് ഒരു ഓസ്കർ തന്നു.

135 പിന്നെയും ഞങ്ങൾ തിരികെ, ഞാൻ മലയുടെ മേൽവശത്തു വേട്ടയാടാൻ പോയി. അവിടെ, സഹോദരൻ ഫെഡും ഞാനും, ഒരു രാവിലെ ഞാൻ പുറത്തേക്ക് പോയി, എനിക്കു—എനിക്ക് എന്റെ കാട്ടുപന്നി കിട്ടിയിരുന്നതിനാൽ, അവർ പോയ സ്ഥലം ഞാൻ നോക്കിക്കണ്ടു. ഞാൻ പറഞ്ഞു, "സഹോദരൻ ഫ്രെഡ്, ആ മലയിലേയ്ക്ക് ഇപ്പോൾ അതിരാവിലെ, പുലരുമ്പോൾ, തന്നെ പോകുക, ഞാൻ മറ്റേതിലേയ്ക്ക് പോകും. ഞാൻ ആ പന്നികളെ വെടിവെയ്ക്കില്ല, അവനെ കൊല്ലുകയില്ല. ആ കൂട്ടം, അവ ഈ വഴി വന്നാൽ, ഞാൻ അവയുടെ മുന്നിൽ വെടിവെച്ചിട്ട് അവയെ തിരികെ പോകാൻ ഇടയാക്കും."

136 സഹോദരൻ ഫ്രെഡ് അവിടേയ്ക്ക് പോയപ്പോൾ അവിടെ പന്നികൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അവൻ എന്നെ കൈ വീശി കാണിച്ചു, ഞാൻ കണ്ടിരുന്നു. ഞാൻ ഒരു മലയിടുക്കിലേക്ക് ഇറങ്ങി, ചില വലിയ പിളർപ്പുകളായിരുന്നു, സൂര്യൻ ആ സമയത്തു കടന്നു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഞാൻ മലയുടെ മറ്റെ വശത്തു കൂടെ ചുറ്റി വന്നു, ഒന്നും ചിന്തിക്കാതെ പ്രവചനത്തെക്കുറിച്ചോ മറ്റൊന്നും തന്നെ ചിന്തിച്ചിരുന്നില്ല. അവിടെ, കാത്തുകൊണ്ട്, വിശ്രമിക്കാനായി ഇരുന്നു; ഞാൻ ചിന്തിച്ചു, "ആ പന്നികൾക്ക് എന്തു പറ്റി?"

137 ഞാൻ എന്റെ പെറുക്കി...കാലുകൾ ചുറ്റിപ്പിണച്ച്, ഇൻഡ്യാക്കാർ ഇരിക്കുന്നതുപോലെ ഇരുന്നു. ഞാൻ ജോലിസമയത്തു അഴുക്കു പറ്റാതിരിക്കാൻ അണിയുന്ന പുറം കുപ്പായത്തിൽ നോക്കുമ്പോൾ, അവിടെ നെരിപ്പോടിന്റെ വിത്തുകളെ കണ്ടു. ഞാൻ അതിനെ പെറുക്കിയെടുത്തു. ഞാൻ പറഞ്ഞു, "ഇതു പതിവില്ലാത്തതായിരിക്കുന്നു! ട്യൂസനിൽ ഏകദേശം നാല്പതു മൈൽ വടക്കുകിഴക്കായി, ഇവിടെ ഞാൻ ഇരിക്കുന്നു. അവിടെ എന്റെ കുഞ്ഞു മകൻ ജോസഫ് എന്നെയും കാത്തുകൊണ്ട് വീട്ടിൽ ഇരിക്കുന്നു." ഞാൻ നോക്കാൻ തുടങ്ങുമ്പോൾ തന്നെ, എന്നിൽ നിന്നും ഏകദേശം ഒരു ആയിരം അടി അകലെ, മലയുടെ മേൽവശത്തേയ്ക്ക് ഒരു കൂട്ടം പന്നികൾ വരുന്ന ശബ്ദം ഞാൻ കേട്ടു. ഞാൻ നെരിപ്പോടിന്റെ വിത്തുകളെ നിലത്തെറിഞ്ഞു. ഞാൻ പറഞ്ഞു, "എനിക്ക് അവയെ കിട്ടും. ഇവിടെയുള്ള ഈ മുള്ളുകളുള്ള ചന്ദന മരത്തിൽ, ഞാൻ പോകുന്ന വഴി തിരിച്ചറിയാനായി ഒരു കഷ്ണം

പേപ്പർ തൂക്കിയിട്ടിട്ട്, ഞാൻ പോയി സഹോദരൻ ഫ്രെഡിനെയും കൂട്ടിക്കൊണ്ടുവരാം."

138 ഞാൻ മലയിൽ നിന്നും പുറപ്പെട്ടു, എന്നാൽ കഴിയുന്ന പരമാവധി വേഗത്തിൽ മലയുടെ മറുവശത്തേയ്ക്ക് ഓടി. പൊടുന്നനെ, എന്നെ ആരോ വെടിവെച്ചു എന്നു ഞാൻ കരുതി. അങ്ങനെയുള്ള ഒരു പൊട്ടിത്തെറി ഞാൻ ഒരിക്കലും കേട്ടിട്ടില്ല; അതു ആ പ്രദേശമൊക്കെയും കുലുക്കിക്കളഞ്ഞു. അങ്ങനെ അതുണ്ടായപ്പോൾ, ഏഴു ദൂതന്മാർ ഒരു സഞ്ചയമായി എന്റെ മുന്നിൽ നിന്നു.

139 അല്പം കഴിഞ്ഞ്, ഞാൻ സഹോദരൻ ഫ്രെഡിനെയും മറ്റുള്ളവരെയും കണ്ടു. ചോദിച്ചു, "അതു എന്തായിരുന്നു?"

ഞാൻ പറഞ്ഞു, "അതായിരുന്നു അത്."

"താങ്കൾ എന്തു ചെയ്യാൻ പോകുന്നു?"

140 "വീട്ടിലേയ്ക്ക് തിരികെ വന്നു. കാരണം, കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു, ഈ വർഷങ്ങളിൽ എല്ലാം, ബൈബിളിൽ മറഞ്ഞുകിടന്നിരുന്ന ഏഴു മർമ്മങ്ങൾ, ഈ സംഘടനാ സഭകളും മറ്റും, ഏഴു മുദ്രകളിലുള്ള ആ മർമ്മങ്ങളെ ദൈവം നമുക്ക് തുറന്നു തരാൻ പോകുന്നു."

141 ഒരു മഞ്ഞുപോലെ, അവിടെ വെച്ച് ആ വൃത്താകാരം ഭൂമിയിൽ നിന്നും രൂപപ്പെട്ടു. അങ്ങനെ സംഭവിച്ചപ്പോൾ, അതു മലയുടെ ഏറ്റവും മേൽ ഭാഗത്തേയ്ക്കു പോയി, അതു കടന്നു വന്ന ദിശയിലേക്ക്, പടിഞ്ഞാറു ദിശയിലേക്ക് ചുറ്റിത്തിരിഞ്ഞു പോയി. അതു മുപ്പതു മൈൽ ഉയരത്തിലും ഇരുപത്തിയാറു മൈൽ വിസ്താരത്തിലും ആയിരുന്നു എന്നു, കുറച്ചു കഴിഞ്ഞപ്പോൾ ശാസ്ത്രം കണ്ടുപിടിച്ചു, കൃത്യമായും ഒരു പിരമിഡിന്റെ വൃത്തം പോലെ തന്നെയായിരുന്നു.

142 കഴിഞ്ഞ ദിവസം, അവിടെ നിന്നുകൊണ്ടു, ചിത്രത്തെ വലതു വശത്തേയ്ക്ക് തിരിക്കുമ്പോൾ, അവിടെ അതാ യേശു ഏഴു സഭാ കാലങ്ങളിൽ നിന്നതുപോലെ തന്നെ നില്ക്കുന്നു, ആ വെളുത്ത പൊയ്മുടി ധരിച്ചത്, പരമോന്നത ദിവ്യത്വത്തെ കാണിക്കുന്നു. അവൻ അൽഫായും ഓമേഗയുമാണ്; അവൻ ആദ്യനും അന്ത്യനുമാകുന്നു; അവൻ സകല നിത്യതയുടെയും പരമോന്നത ന്യായാധിപതിയായി, ഈ മണിക്കൂറിന്റെ സന്ദേശത്തെ തീർച്ചപ്പെടുത്താൻ അവിടെ നില്ക്കുന്നു. സന്ധ്യാ സമയത്തോ വെളിച്ചമാകും! ഇതിനെക്കുറിച്ചെല്ലാം എന്താണ്? അതു എന്തായിരുന്നു?

143 ഞാൻ പടിഞ്ഞാറേയ്ക്ക് പോയി. അതേ മലയിലൂടെ, ബാങ്ക്സ് വുഡുമായി കടന്നു പോകുകയായിരുന്നു, പറഞ്ഞു, "ഒരു കല്ല്

മുകളിലേയ്ക്ക് എറിയുക. ശ്രീമാൻ. വൃഡിനോട്ട പറയുക, 'കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു, നീ ദൈവത്തിന്റെ മഹത്വം കാണും.'"

144 അതിന്റെ തൊട്ടടുത്ത ദിവസം, അവിടെ നില്ക്കുമ്പോൾ, ഒരു കൊടുങ്കാറ്റ താഴേയ്ക്ക് വന്നു മലകളെ ഉടച്ചു തകർത്തുകളഞ്ഞു. മരങ്ങളുടെ ശിഖരങ്ങളിൽ കല്ലു വന്നു പതിച്ചിട്ട്, എന്റെ തലയിൽ നിന്നും മൂന്നോ നാലോ അടി ഉയരത്തിലുണ്ടായിരുന്ന അതിന്റെ ശാഖകളെയെല്ലാം മുറിച്ചുകളഞ്ഞു. മൂന്നു വലിയ പൊട്ടിത്തെറികളുണ്ടായി, അപ്പോൾ സഹോദരന്മാർ എല്ലാം ഓടി അടുത്തു വന്നു. അവിടെ ഏകദേശം പതിനഞ്ചോളം ധർമ്മോപദേശികളും, പ്രാസംഗികരും മറ്റുമായിട്ടു നിന്നിരുന്നു, "അത് എന്തായിരുന്നു?" അവൻ ചോദിച്ചു, "എന്തായിരുന്നു അതു?"

ഞാൻ പറഞ്ഞു, "ന്യായവിധി പടിഞ്ഞാറേ തീരത്തു ആഞ്ഞടിക്കുന്നു."

145 അതു കഴിഞ്ഞു രണ്ടു ദിവസത്തിനു ശേഷം, ആ ഭൂമികുലുക്കം അലാസ്കയെ ഏകദേശം മുക്കിക്കളഞ്ഞു. അരിസോണയിലെ കൊറോനാഡോ നിബഡ വനത്തിലെ സൺസെറ്റ് മലയിൽ വന്ന ആ വെളിച്ചം എന്തായിരുന്നു? അവിടെ ഉണ്ടായ ആ പതിവില്ലാത്ത കാര്യം എന്തായിരുന്നു, പടിഞ്ഞാറു നിന്നും കിഴക്കു ദിശയിലേക്ക് വാഹനം ഓടിച്ചിരുന്നവർ, അതു വന്നുമുട്ടിയതിന്റെ ചുറ്റിനും വീണുകിടന്നിരുന്ന ആ കല്ലുകളെ പെറുക്കി എടുത്തിരുന്നില്ലേ? അവ ഓരോന്നിനും, പൊട്ടിത്തെറിച്ച, ആ ഓരോ കല്ലിനും, അതിനു മൂന്നു കോണുകളുണ്ടായിരുന്നു. (ആ മൂന്നും ഒന്നാണ്.) രാജ്യത്തിൽ അങ്ങോളമിങ്ങോളം, അവ മേശയ്ക്കു മേൽ, പേപ്പർ വെയ്റ്റായി ഉപയോഗിക്കുന്നു. കൊറോനാഡോ കാട്ടിലെ സൺസെറ്റ് മലയിൽ ഉണ്ടായ ആ പതിവില്ലാത്ത കാര്യം എന്തായിരുന്നു?

146 ജൂനിയർ ജാക്സൻ കേൾക്കുന്നുണ്ട്, "സൂര്യൻ അസ്തമിക്കുന്ന സ്ഥലത്തേക്ക് ഞാൻ പോകുന്നതിനെപ്പറ്റി," അവൻ കണ്ട സ്വപ്നം ഞാൻ വ്യാഖ്യാനിച്ചതു നിങ്ങൾ ഓർക്കുന്നില്ലേ? ഇതു സംഭവിച്ചതു "സൺസെറ്റ്" മലയിലാണ്. ഇതു സന്ധ്യാ സമയമായ, സൂര്യാസ്തമന സമയമാകുന്നു. ഒരു ചരിത്രത്തിന്റെ അവസാനത്തിൽ ഒരു സൂര്യാസ്തമന സന്ദേശത്തിലൂടെ, സ്പഷ്ടീകരിച്ചാൽ, ഒരു പശ്ചാത്തലത്തിലുണ്ടായ പ്രവചനത്തിന്റെ, നിറവേറൽ. സന്ധ്യാ സമയത്തോ വെളിച്ചമാകും, ടൂസനിൽ നിന്നും നാല്പതു മൈൽ വടക്ക്, കൊറോനോഡോയിലെ കാട്ടിലുള്ള സൺസെറ്റ് മലയുടെ മേൽഭാഗത്ത്. മേപ്പ് എടുത്തു അവിടെ സൺസെറ്റ് പർവ്വതം ഉണ്ടോ

എന്നു നോക്കുക. അവിടെയാണ് കൃത്യമായും അതു സംഭവിച്ചതു. കഴിഞ്ഞ ദിവസം വരെയും എനിക്കതു അറിയാനായിരുന്നില്ല.

147 അതെല്ലാം...അതൊരിക്കലും മരിക്കില്ല. അതു തുടർച്ചയായി സ്വയം ചുരുൾ നിവർത്തുന്നു. സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യം തുടങ്ങി, യേശു നമ്മെ നോക്കിക്കൊണ്ടു നില്ക്കുന്ന ചിത്രം വരെ; ഇപ്പോൾ കൃത്യമായും സൺസെറ്റ് മലയിൽ ആയിരിക്കുന്നു, സൺസെറ്റു സമയ വെളിച്ചവും. സന്ധ്യാ സമയ വെളിച്ചം വന്നിരിക്കുന്നു, ദൈവം സ്വയം സമർത്ഥിച്ചു കാണിക്കുന്നു. എന്താണ് അത്? അതു ദൈവവും ക്രിസ്തുവും ഒന്നു തന്നെ എന്നുള്ള സത്യമാകുന്നു. ആ "വെളുത്തതു," നാം വെളിപ്പാട് 1-ൽ പറഞ്ഞതുപോലെ, അവന്റെ തലയിലെ പൊയ്മുടി, എത്രപേർ അതു കണ്ടിട്ടുണ്ട്? നോക്കൂ, പരമോന്നതമായ ദിവ്യത്വം, പരമോന്നതമായ ആധിപത്യമുള്ളവൻ; മറ്റൊരു ശബ്ദവുമില്ല, മറ്റൊരു ദൈവവുമില്ല, മറ്റൊരു കാര്യവുമില്ല! അവനിൽ ദൈവത്തിന്റെ പരമോന്നത പദവി ദേഹ രൂപമായി വസിക്കുന്നു. അവന്റെ ചിറകോ ദൂതന്മാർ തന്നെയായിരുന്നു. ആമേൻ.

148 സൺസെറ്റ് മലയിൽ സംഭവിച്ചത് എന്താണ്? ദൈവം തന്റെ വചനം തീർച്ചപ്പെടുത്തുന്നു. അതാണ് ഈ എല്ലാം ശബ്ദത്തെപ്പറ്റിയുള്ളത്. ശ്രദ്ധിക്കൂ, അതു ദൈവം വീണ്ടും തന്റെ വചനമായ, വെളിപ്പാട് 10:1:7-വരെ നിറവേറ്റുന്നതാണ്, "ഏഴാമത്തെ ദൂതന്റെ ശബ്ദത്തിന്റെ നാൾക്കളിൽ, ദൈവത്തിന്റെ മർമ്മം നിവൃത്തിയാകും." അവസാന സഭാ കാലത്തിന്റെ അവസാന സന്ദേശം, വെളിപ്പാട് 10:1:7-വരെ മറഞ്ഞിരിക്കുന്ന മർമ്മമാണ്. ഈ കാലത്തിൽ, കൃത്യമായും വിശുദ്ധ ലൂക്കൊസ് 17:30-ൽ "മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാൾ," കൃത്യമായും നിവൃത്തിയാക്കുന്നു

149 "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി, വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും." ജനങ്ങൾ അപ്പോഴും സംശയത്തിലായിരിക്കും. മാത്രമല്ല, സാധാരണ എന്നപോലെ, സഭ അമ്പരന്നുകൊണ്ടിരിക്കയും ചെയ്യും.

150 ശാസ്ത്രം, ട്യൂസനിൽ തുടങ്ങി ഇപ്പോഴും, തുണ്ടം തുണ്ടമായി അവർ എഴുതി പേപ്പറിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ലെമ്മോൻ പർവ്വതത്തിന്റെ വളരെ പിന്നിൽ തുടങ്ങി, അതു ഞങ്ങൾ നിന്നിരുന്നിടത്തു നിന്നാണ് ഉയർന്നു വന്നിരുന്നതെന്നു ആ വലിയ ക്യാമറകൾക്കുപോലും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല; പടിഞ്ഞാറു ദിശയിലേക്ക് അല്പം ചാഞ്ഞിട്ട്, കാലം കഴിഞ്ഞെന്നു കാണിച്ചിരുന്നു. അവിടെ ഒരു ചെറിയ കഷ്ണത്തെ ഉപേക്ഷിക്കാതെ അതിനെ അവിടെ നിന്നും പോകാൻ കഴിഞ്ഞില്ല; അതു പടിഞ്ഞാറെ തീരത്തായിരുന്നു.

അതു പോയ അതേ പാതയിൽ തന്നെ ന്യായവിധി പതിച്ചു. നേരെ ഫീനിക്സിന്റ മുകളിലൂടെ, അതിന്റ മറുവശത്തായി, പ്രെസ്കോട്ടിലൂടെയും പർവ്വതങ്ങളുടെ വിലങ്ങനെയും കൂടെ പടിഞ്ഞാറെ തീരത്തേക്ക് പോയി, നേരെ മുകളിലേയ്ക്ക് പോയിട്ട്...അവ എവിടേക്കാണ് പോയിരുന്നതു? നേരെ അലാസ്കയുടെ മുകളിലെത്തി, അവൾ ഗർജ്ജിക്കുകയായിരുന്നു, ആ വഴിയായി മുന്നേറി.

151 ട്യൂസനിലെ നക്ഷത്രബംഗ്ലാവുകളും മറ്റുമെല്ലാം ഇപ്പോഴും ചോദിക്കുന്നു, അതു എന്തായിരുന്നു എന്നു ശാസ്ത്രത്തിന്റെ സൂക്ഷ്മ നിരീക്ഷകരും മറ്റും സൂക്ഷ്മ പരിശോധന നടത്തുന്നു. അത്രയും ഉയരത്തിലായിരുന്നിട്ട്, അതു മഞ്ഞോ, മൂടൽമഞ്ഞോ, അതല്ല അവിടെ ഒന്നും തന്നെ ഉണ്ടായിരിക്കാൻ സാദ്ധ്യതയില്ല. അതു ഉളവാക്കിയതു എന്താണ്? അതു എവിടെ നിന്നായിരുന്നു? ആ അമാനുഷിക ദീപ്തിവലയം ആകാശത്തിൽ വളരെ ഉയരത്തിൽ തൂങ്ങിക്കിടന്നപ്പോൾ, “യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?” എന്നു ചോദിച്ചുകൊണ്ട് വിദ്വാന്മാർ നക്ഷത്രത്തെ പിമ്പറ്റി വന്നതുപോലെ തന്നെ, അവരും അമ്പരന്ന് പോയിരിക്കുന്നു. എന്തായിരുന്നു അത്? ദൈവം തന്റെ വചനം നിറവേറ്റുന്നു. “യാക്കോബിൽ നിന്നും ഒരു നക്ഷത്രം ഉദിക്കും.”

152 സന്ധ്യാ സമയത്തു സന്ധ്യാ സമയ വെളിച്ചങ്ങൾ ഉണ്ടാകും എന്നു സ്വർഗ്ഗത്തിലെ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ഈ മർമ്മം മൂന്നു വർഷങ്ങൾക്കു മുമ്പ് ഒരു പ്രവചനമായിരുന്നു, “ഇത് എന്തു സമയമാണ് സാർ?” എന്നാൽ ഇപ്പോൾ അതു ചരിത്രമായിരിക്കുന്നു. അതു കഴിഞ്ഞു പോയിരിക്കുന്നു. വാഗ്ദത്തം നിറവേറിയിരിക്കുന്നു. ഇതു എന്തു സമയമാണ്, സാർ, ഈ ആകർഷണം എന്താണ്? ദൈവം തന്റെ വചനം നിറവേറ്റുന്നു! അവൻ ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യൻ തന്നെ.

നമുക്ക് പ്രാർത്ഥിക്കാം.

153 പ്രിയ ദൈവമേ, ഞാൻ ജനങ്ങളെ വളരെ നേരം, ഞാൻ ഉദ്ദേശിച്ചതിലും കൂടുതൽ നേരം പിടിച്ചിരുത്തിയിരുന്നു. ദൈവമെ, എല്ലായിടത്തുമുള്ള ജനങ്ങൾക്ക് മനസ്സിലാകാൻ തക്കവണ്ണം എന്തെങ്കിലും പറയുകയോ ചെയ്യുകയോ ചെയ്യേണം, എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കാണുന്നതിനാലും മനസ്സിലാക്കുന്നതിനാലും അങ്ങു തന്നെ സത്യ ക്രിസ്തു എന്നു അവർ മനസ്സിലാക്കും, അവന്റെ വചനം തീർച്ചയാക്കാനായി അതിന്റെ സമയത്തു തന്നെ നിറവേറ്റിയാൽ അതു അതിന്റെ തീർച്ചപ്പെടുത്തലാണെന്നു തീർച്ചയാകുകയും ചെയ്യും.

154 ഇപ്പോൾ, കർത്താവായ യേശുവെ, നിന്റെ സ്വന്ത വാക്കുകളാൽ, ലോകം സൊദോമിന്റെ അവസ്ഥയിലായിരിക്കും എന്നു നീ പറഞ്ഞിരിക്കുന്നു. ഞങ്ങൾ അതറിയുന്നു ഞങ്ങൾക്ക് അതിലേക്ക് നോക്കാനാകുന്നു. നീ പറഞ്ഞു, അന്നാളിൽ, "സൊദോമിന്റെ നാൾക്കളിൽ എന്നപോലെ," എബ്രായർക്കും ജാതീയ ലോകത്തിനും വേണ്ടി മൂന്നു ദൂതന്മാർ വന്നു. അവരിൽ ഒരാൾ, അതു സ്വയം ദൈവമായി, മനുഷ്യ പുത്രനായിരുന്നു, ഒരു മനുഷ്യ ശരീരത്തിൽ പ്രകടമായി ഒരു അത്ഭുതാശ്ചര്യം പ്രവർത്തിച്ചു, അതു അത്രമാത്രം ആയിരുന്നിട്ട് അവന്റെ പിന്നിൽ ഇരുന്നുകൊണ്ട് സാറാ എന്തു ചെയ്യുന്നു എന്നു അബ്രഹാമിനോടു പറഞ്ഞു.

155 ജാതികളുടെ മുഴുവൻ ലോകവും സൊദോമിന്റെ അവസ്ഥയിലായി തീരുമ്പോൾ അതു വീണ്ടും ആവർത്തിക്കും എന്നു നീ പറഞ്ഞിരുന്നു. കർത്താവെ, ഞങ്ങൾ ഇവിടെ എത്തിയിരിക്കുന്നു. മറ്റുള്ള പ്രവചനങ്ങളായ, അവസാന ദിവസത്തു അയയ്ക്കുന്ന ഏലീയാവും, ഏലീയാവിന്റെ ആത്മാവ്, ഭൂമിയിൽ അയയ്ക്കുന്നതും, അതേ കാര്യം തന്നെ തീർച്ചപ്പെടുത്തുന്നു, പിതാക്കന്മാരുടെ ഹൃദയത്തെ നിരപ്പിക്കാൻ, "മക്കളുടേതിനെ തിരികെ പിതാക്കന്മാരിലേക്ക് നിരപ്പിക്കാനായിട്ടാകുന്നു." ഈ മണിക്കൂറിൽ നീ നിന്റെ വചനത്തെ തീർച്ചപ്പെടുത്താനായി, ദൈവമേ ഞാൻ പ്രാർത്ഥിക്കുന്നു, അതു നീ ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യൻ തന്നെ എന്നതാകുന്നു. ഇതു അനുവദിക്കേണം പിതാവെ. അവരെല്ലാം നിന്റേതാകുന്നു. പറയപ്പെട്ടിരിക്കുന്നതിനെ തീർച്ചയാക്കാൻ, നീ ഈ എല്ലാ അനുഗ്രഹങ്ങളും, ദൈവ മഹത്വത്തിനായി അനുവദിക്കേണമെ. യേശുക്രിസ്തുവിൻ നാമത്തിൽ. ആമേൻ.

156 ഒരു വചനം സംസാരിക്കുന്നതു, ഒരു മനുഷ്യൻ; ഒരു വചനം തീർച്ചപ്പെടുത്തുന്നതു, ദൈവം. എന്തെങ്കിലും പറയുക എന്നതു, ഒരു കാര്യം; ദൈവം അതു ചെയ്യുക, എന്നതു മറ്റൊരു കാര്യവും. ദൈവത്തിനു ഒരു വ്യാഖ്യാതാവിന്റെയും ആവശ്യമില്ല; അവൻ തന്റെ സ്വന്ത വ്യാഖ്യാതാവാകുന്നു.

157 ദൈവേഷ്ടമെങ്കിൽ, നാം ഇപ്പോൾ രോഗികൾക്കായി പ്രാർത്ഥിക്കാൻ, ഒരു പ്രാർത്ഥനാ നിര വിളിക്കാൻ പോകുന്നു. ദൈവം നിങ്ങളെ മുന്നമേ സൌഖ്യമാക്കിയിരിക്കുന്നതിനാൽ, ഒരു ദൂതനോ, ഒരു മനുഷ്യനോ, ഒരു പുരുഷനോ, ഒരു സ്ത്രീയോ, ആർക്കും സൌഖ്യമാക്കാൻ കഴിയില്ലെന്നു നമുക്കറിയാം. അവൻ ആ മരുന്നു തയ്യാറാക്കിയിരിക്കുന്നു, ചെയ്യേണ്ട ഏക കാര്യം നിങ്ങൾ അതിനെ കഴിക്കുക എന്നതാകുന്നു.

158 ഒരു മനുഷ്യനോ, ഒരു ദൂതനോ, മറ്റൊന്നിനോ, ദൈവത്തിനും കൂടെ, നിങ്ങളുടെ പാപങ്ങളെ ക്ഷമിക്കാനാവില്ല, കാരണം അതു മുന്നമേ ക്ഷമിച്ചിരിക്കുന്നു. യേശു അതു ക്രൂശിൽ വെച്ചു ചെയ്തു. എന്നാൽ അതു നിങ്ങൾ സ്വീകരിക്കുവോളം, അതു നിങ്ങളെ ഉന്നതി പ്രാപിപ്പിക്കില്ല, അതല്ല എന്തായാലും, ഒരു ലാഭവും ഉണ്ടാക്കില്ല. കാണുന്നോ?

159 ചെയ്യാനാകുന്ന കാര്യം, വിശ്വസിക്കുന്നവർ രോഗികളുടെ മേൽ കൈ വെയ്ക്കുക എന്ന, ദൈവത്താൽ നൽകപ്പെട്ട ഏക കല്പനയാകുന്നു. ഉണർവ്വുകളിലൂടെ, അവർ കാലങ്ങളായി അതു ചെയ്തുപോരുന്നു. അവർ അതിനെ "ദൈവം" എന്നു വിളിച്ചിരുന്നു.

160 അബ്രഹാം വളരെ അടയാളങ്ങൾ കണ്ടിരുന്നു. എന്നാൽ സൊദോം കത്തിയെരിയുന്നതിനു തൊട്ടു മുമ്പ്, അബ്രഹാം തന്റെ അവസാന അടയാളം കണ്ട ഒരു സമയം വന്നു, അതു ദൈവം സ്വയം ഒരു മനുഷ്യ രൂപത്തിലായി പ്രത്യക്ഷമായതായിരുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നോ? അതു പുനഃരാവർത്തിക്കും എന്നു യേശു പറഞ്ഞിട്ടില്ലേ?

161 ഇപ്പോൾ, ഇവിടെ എത്രപേർ...റേഡിയോയിലൂടെയും, ഇപ്പോൾ രാജ്യമെമ്പാടും ടെലിഫോണിലൂടെയും, കേട്ടുകൊണ്ടിരിക്കുന്നവർ, പ്രാർത്ഥിയ്ക്കപ്പെടാനായി, പ്രാർത്ഥിക്കാനായി ഇപ്പോൾ തയ്യാറാകുക, ഇവിടെ ഈ തുവാലകൾ കൊണ്ടുവന്നിരിക്കുന്നവരും. ഇപ്പോൾ ദൈവത്തോടു എന്തു ചെയ്യേണമെന്നു എനിക്കു പറയാനാകില്ല. ഇല്ല, അതിനു ശ്രമിക്കുന്നതിനു പോലും ഞാൻ ദൂരമായിരിക്കട്ടെ. അവൻ പരമാധികാരിയാണ്; അവൻ ആഗ്രഹിക്കുന്ന എന്തും അവൻ ചെയ്യുന്നു. എനിക്കു അവൻ പറയുന്നതിനെ പറയാനും അനുസരിക്കാനും മാത്രമേ കഴിയൂ.

162 ഇപ്പോൾ അവർ ചുവരിനു ചുറ്റും നില്ക്കുന്നു, ഞെരുങ്ങിയിട്ട്, അവരെ അത്രമാത്രം പൊതിഞ്ഞു കെട്ടിയിരിക്കുന്നു. "ഈ ആകർഷണം എന്താണ്?" എന്ന വാക്കിന്മേൽ നമുക്കു ദൈവത്തോടു ചോദിച്ചുകൂടേ എന്നു ഞാൻ ആശ്ചര്യപ്പെടുകയാണ്. ദൈവം നമ്മുടെ മദ്ധ്യേ വീണ്ടും പ്രയാണം ചെയ്താൽ (ഒരുപക്ഷേ ഇവിടെ അപരിചിതർ ഉണ്ടായേക്കാം), നമ്മുടെ ഇടയിലൂടെ നീങ്ങി അവന്റെ അനുഗ്രഹീത മുഖം നമ്മെ കാണിച്ചേക്കാം, അവന്റെ ആത്മാവിനെ ഇവിടെ കാണിച്ചേക്കാം, അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും, അനന്യൻ എന്നു കാണിച്ചിട്ട്, അതിനാൽ നാം ഓരോരുത്തരും (ഈ രണ്ടു ശക്തമായ സന്ദേശങ്ങൾക്കും ശേഷം) അതു അങ്ങനെ തന്നെ ആകുന്നു എന്നു വിശ്വസിക്കുമോ? നിങ്ങൾ അതു ചെയ്യുമോ? ശരി.

163 ഒരു പ്രാർത്ഥനാ നിര വിളിക്കുന്നതിനു പകരം, പിന്നെ; ചുട്ടും, ഞെക്കി ഞെരുങ്ങിയും, ചുവരിന്റെ മറുവശത്തായും നില്ക്കുന്നു. പ്രാർത്ഥനാ നിര വിളിക്കാനായി, ഞാൻ *ഈ* വിധത്തിൽ നോക്കി, നിങ്ങൾക്കു അതു ചെയ്യാൻ കഴിയില്ല; നോക്കൂ അവിടെ നില്ക്കുന്നു. എനിക്ക് അതു *ഈ* വഴിയായി വിളിക്കാനാകുമോ? നിങ്ങളുടെ രോഗികളും, കിടക്കകളും, മറ്റുള്ളവയും, കിടക്കുന്നു; നിങ്ങൾക്ക് അതു ചെയ്യാനാകില്ല. അതുകൊണ്ട് നിങ്ങൾ ഇരിക്കുന്നിടത്തു തന്നെ ഇരുന്നുകൊണ്ട്, ദൈവത്തിൽ വിശ്വസിക്കുക. നിങ്ങൾക്കു ഒരു പ്രാർത്ഥന കാർഡുണ്ടെങ്കിൽ, അതിനെ പിടിച്ചുകൊള്ളുക, അതു നല്ലതാണ്. നിങ്ങൾ ഒരു നിരയായി വരാൻ ആഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ നിങ്ങളുടെ അടുക്കൽ വരുന്നതാണ്. എന്നാൽ നിങ്ങൾക്ക് ഒരു നിരയിലൂടെ വരേണ്ടതില്ല.

164 ശ്രീമാൻ. ഷെഫേർഡ്, കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ, നിരയിലൂടെ വന്നിരുന്നില്ല. അവനു ഒരു പ്രാർത്ഥന കാർഡ് ഉണ്ടായിരുന്നു എന്നും ഞാൻ—ഞാൻ ഊഹിക്കുന്നില്ല. ശ്രീമാൻ. ഷെഫേർഡ് ഇന്നു രാത്രിയിൽ ഇവിടെയുണ്ടോ? അവൻ എവിടെയാണ്? അവൻ ഇവിടെയുണ്ടോ? അവൻ പുറകെയുണ്ട്. ശ്രീമാൻ. ഷെഫേർഡ് താങ്കൾക്കു ഒരു പ്രാർത്ഥനാ കാർഡ് ഉണ്ടായിരുന്നോ? നിങ്ങൾക്കു ഇല്ലായിരുന്നല്ലോ? അവനു ഇല്ലായിരുന്നു. അവൻ ഇന്നു രാത്രിയിലും, വീണ്ടും അവിടെ ഇരിക്കുകയാണ്. അതൊരു നല്ല സ്ഥാനമായിരിക്കും, സഹോദരൻ ഷെഫേർഡ്.

165 നിങ്ങൾ ഇവിടെ ആയിരിക്കേണം എന്നുപോലുമില്ല, വിശ്വാസം ഉണ്ടായിരുന്നാൽ മാത്രം മതി. കാരണം, ഓർക്കൂ, ഒരു ചെറിയ മഹിള അവനെ തൊട്ടപ്പോൾ അവനതു അനുഭവപ്പെട്ടു. അവൻ ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യനാകുന്നു. പുതിയ നിയമത്തിലെ എബ്രായരുടെ ലേഖനത്തിൽ, അവൻ ഇന്നു രാത്രിയിൽ മഹാപുരോഹിതനായി "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയുന്നവനാണ്," എന്നു പറഞ്ഞിരിക്കുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നോ? പിന്നെ വിശ്വസിക്കുക! അതിനെ സംശയിക്കരുത്. അതു വിശ്വസിക്കുക, അതു തന്നെ സംഭവിക്കും. നിങ്ങൾക്കതു വിശ്വസിക്കാനായാൽ, നിങ്ങൾ ചോദിക്കുന്നതു എന്തും നിങ്ങൾക്കു ലഭിക്കും. എന്നാൽ നിങ്ങൾക്ക് അതു വിശ്വസിക്കേണ്ടതുണ്ട്. നിങ്ങൾ അതു ചെയ്യുമോ? നിങ്ങൾ എല്ലാവരും അതു വിശ്വസിക്കുമോ? അതു ഇപ്പോൾ വിശ്വസിക്കുന്ന എത്രപേരുണ്ട്? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

166 ആർ ആരെന്നു എനിക്കറിയില്ല. എനിക്ക് നിങ്ങളെ ആരെയും അറിയില്ല. നിങ്ങളെ ആരെയും അറിയുന്നതു എന്റെ ജോലിയല്ല. ഈ വക കാര്യങ്ങൾ അറിയേണ്ടതു ദൈവത്തിന്റെ ചുമതലയാണ്. എന്നാൽ നിങ്ങൾ അതു വിശ്വസിക്കുമെങ്കിൽ അവൻ അതു ചെയ്യും. ഇപ്പോൾ നിങ്ങൾ അതു വിശ്വസിക്കുമോ?

167 ഇപ്പോൾ, പ്രിയ ദൈവമേ, ഞങ്ങൾ സങ്കരം ചെയ്യപ്പെട്ട ഒരു കൂട്ടം ക്രിസ്ത്യാനികളെപ്പോലെയല്ല, തീർച്ചയായും ഞങ്ങൾ അങ്ങനെയാകാൻ പാടില്ല, താലോലിക്കേണ്ടി വരുന്ന കുഞ്ഞുങ്ങളെപ്പോലെയുള്ളവർ. നിനക്കു അത്തരത്തിലുള്ളവർ ഇല്ല, കർത്താവെ. നിനക്കുള്ളതു കർക്കശക്കാരായ വിശ്വാസികളാണ്. ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെ ഒരു മനുഷ്യന്റെ ഹൃദയത്തിൽ തീ പിടിപ്പിക്കുന്നു. അബ്രഹാമിനെപ്പോലെ, അവൻ ദൈവത്തിൽ വിശ്വസിച്ചു. അവൻ നിന്നെ തിരിച്ചറിയാൻ തക്കവണ്ണം നീ നിന്നെ ഉരുവാക്കി, നീ അവനു പ്രത്യക്ഷനായി, ഒരു അടയാളം ചെയ്തുകാണിച്ചു, അവൻ നിന്നെ വിശ്വസിച്ചു. നീ അവന്റെയും, അവന്റെ ഭാര്യയുടെ ശരീരത്തെയും, ചെറുപ്പക്കാരുടെ ശരീരത്തെപ്പോലെ തിരികെ കൊണ്ടുവന്നു, അവന്റെ ഭാര്യ അവന്റെ സ്വന്ത ശരീര ഭാഗമായിരുന്നു. പിന്നെ ഒരു പുതിയ കുഞ്ഞു പുറപ്പെട്ടു വന്നു, അതു വാഗ്ദത്ത സന്തതിയായിരുന്നു.

168 ദൈവമേ, നീ ഈ ദിവസത്തും അതു അതേ കാര്യം തന്നെയായിരിക്കും എന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. നീ ഈ വചനത്തെ തീർച്ചപ്പെടുത്തേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞങ്ങൾ ജാതീയ ലോകത്തിനു, അവിടെയുള്ള ആ ഒരു വാഗ്ദത്തവുമായി ഇടപെട്ടുകൊണ്ട്, അതു സൊദോമിന്റെ നാൾക്കളിൽ എന്നപോലെ, ന്യായവിധി സൊദോമിൽ പതിച്ച് സൊദോമിനെ കത്തിയെരിക്കുന്നതിനു തൊട്ടു മുമ്പായിരുന്നു. അങ്ങനെ തന്നെ ന്യായവിധി ജാതീയ ലോകത്തിൽ ആഞ്ഞടിക്കാൻ പോകുന്നു, ദാനീയേലിന്റെ എഴുപതു ആഴ്ചകളുടെ തുടർച്ചയായി, യഹൂദന്മാർക്ക്, യാക്കോബിന്റെ കഷ്ടകാലം, മഹാ ഉപദ്രവത്തിന്റെ നാൾക്കളിലൂടെ മൂന്നര വർഷ കാലയളവു കൂടെ ലഭിക്കാൻ പോകുന്നു. എന്നാൽ, ജാതികളുടെ കാലം എണ്ണപ്പെട്ടിരിക്കുന്നു, അതു പോകാനുള്ള സമയം ആയിരിക്കുന്നു. മാത്രമല്ല നീ ആ അടയാളവും നൽകിയിരിക്കുന്നു, അതു വീണ്ടും സംഭവിക്കും എന്നു നീ പറഞ്ഞിരിക്കുന്നു. ദൈവമേ, ഇതു അനുവദിച്ചാലും. അവർ, ഞങ്ങൾ നിന്റെ കൈകളിലാണ്, നിനക്കിഷ്ടമുള്ളതുപോലെ ഞങ്ങളോടു ചെയ്താലും. യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

169 ഇപ്പോൾ വികാരഭരിതരാകരുത്. ഞാൻ വികാരഭരിതനായാൽ അതു എന്താകും? ഇപ്പോൾ, അത് അവിടെ ദൈവത്തിന്റെ പരമാധികാരം ആയിരിക്കേണ്ടതിനു ഞാൻ ഒരു കാര്യത്തെ ഇവിടെ ഉണ്ടാക്കുന്നു എന്നു മാത്രം. എന്നാൽ ഞാൻ എന്തുകൊണ്ടാണ് ഇതു ചെയ്യുന്നത്? അതു സംഭവിക്കും എന്നു അവൻ പറഞ്ഞിരിക്കുന്നു. അതു അതിനെ സ്ഥിരമാക്കുന്നു. നിങ്ങളുടെ മുന്നിൽ മുമ്പ് തീർച്ചപ്പെടുത്തിയതുപോലെ, അവൻ തന്നെ സ്വയം അതു ചെയ്യുമെങ്കിൽ, അതെ, നിങ്ങൾക്ക് അവനെ വിശ്വസിക്കാനാകില്ലേ? തീർച്ചയായും. ഇപ്പോൾ നിങ്ങൾക്ക് വിശ്വാസിക്കാനായിട്ട് വിശ്വസിക്കുക.

പരിശുദ്ധാത്മാവ് എവിടേയ്ക്ക് നയിക്കുന്നു എന്നും, അവൻ എന്തു ചെയ്യാൻ പോകുന്നു എന്നും കാണേണ്ടതിനു, ഞാൻ ഒന്നു ചുറ്റും നോക്കട്ടെ. അവൻ എന്തു ചെയ്യും എന്നു എനിക്കറിയില്ല, അതു അവനിൽ നിക്ഷിപ്തമാകുന്നു. എന്നാൽ നിങ്ങൾക്കു വിശ്വാസം മാത്രം ഉണ്ടായിരുന്നാൽ, വിശ്വസിച്ചാൽ, "വിശ്വസിക്കുന്നവരാൽ സകലതും സാദ്ധ്യമാണ്." നിങ്ങൾ എല്ലാവരും അതു വിശ്വസിക്കുന്നോ, നിങ്ങളുടെ കൈകളെ ഉയർത്തിക്കൊണ്ടു പറയൂ, "ഞാൻ അതു വിശ്വസിക്കുന്നു." [കൂട്ടായ്മ പറയുന്നു, "ഞാൻ അതു വിശ്വസിക്കുന്നു."—Ed.] എന്റെ പൂർണ്ണ ഹൃദയത്തോടും കൂടെ, ഞാൻ അതു വിശ്വസിക്കുന്നു.

170 അതു ശരിയാണെന്നു നിങ്ങൾക്കു തെളിയിച്ചു തരേണ്ടതിനു, അവൻ മൂന്നു പ്രാവശ്യം ഒരേ കാര്യം ചെയ്യുന്നെങ്കിൽ, മൂന്നു ഒരു തീർച്ചപ്പെടുത്തലായിരിക്കും. നിങ്ങൾ എവിടെ ആയിരിക്കുന്നു എന്നോ, നിങ്ങൾ ആരാണെന്നോ ഞാൻ കാര്യമാക്കുന്നില്ല, നിങ്ങൾക്കു വിശ്വാസമുണ്ടായിട്ട്, വിശ്വസിക്കേണം. ഇപ്പോൾ, ചെയ്യരുത്—ചലിക്കരുത്. ഈ വഴിയായി.

171 മഹിള, പ്രാർത്ഥിക്കുകയാണ്, എനിക്കു നിങ്ങളെ അറിയില്ല. നിങ്ങൾ ഇരിക്കുന്നിടത്തു തന്നെ ഇരിക്കുക; നിങ്ങൾക്കു വരേണ്ട ആവശ്യമില്ല. എനിക്ക് നിങ്ങളെ അറിയില്ല, എന്നാൽ നിങ്ങളുടെ കയ്യിലോ അതല്ല നിങ്ങളുടെ മടിത്തട്ടിലോ ഒരു ചെറിയ പെൺകുഞ്ഞിനെ വെച്ചിരിക്കുന്നു. ഞാൻ നിങ്ങൾക്കു തീർത്തും ഒരു അപരിചിതനാണ്. പെൺകുഞ്ഞിനു കുഴപ്പം ഒന്നും കാണുന്നില്ല, അവൾ നന്നായി കാണപ്പെടുന്നു. കുറച്ചു ചുവന്ന തിലമുടിയോടു കൂടി അവൾ അവിടെ മനോഹരിയായി കാണപ്പെടുന്നു. ഞാൻ ഇവിടെ അവളെ കാണുന്നു, അവൾക്കു മുടന്തോ അങ്ങനെയോ മറ്റോ ഉള്ളതായി കാണുന്നില്ല. അവളുടെ കുഴപ്പം എന്താണെന്നു എനിക്കറിയില്ല. അതു ഒരുപക്ഷേ കുഞ്ഞിനു വേണ്ടി ആയിരിക്കില്ല;

അതു നിങ്ങൾക്കു വേണ്ടിയാകാം. എന്നാൽ നിങ്ങൾ അവിടെ ആ കുഞ്ഞുമായി ഇരിക്കുന്നതു ഞാൻ കാണാൻ ഇടയായി, പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. നിങ്ങളുടെ ആത്മാവുമായി സമ്പർക്കം ചെയ്യാൻ, "എനിക്ക് കുടിപ്പാൻ തരിക," എന്നു യേശു സ്ത്രീയോടു പറഞ്ഞതുപോലെ, എനിക്ക് നിങ്ങളോടു ഒരു നിമിഷം സംസാരിക്കേണ്ടതുണ്ട്, നോക്കൂ, ഒരു വ്യക്തിയെ തീർച്ചയാക്കാൻ—തിട്ടപ്പെടുത്താൻ വേണ്ടിയിട്ടാണ്. സഹോദരൻ ബ്രെയന്റും മറ്റും ഇവിടെ ഇരിക്കുന്നു, ഈ ജനങ്ങൾ ഇരിക്കുന്നതു എനിക്കറിയാം. അവരും, കൂടെ ആവശ്യക്കാരായിരിക്കാം, എന്നാൽ നിങ്ങൾ ഒരു അപരിചിതയാകുന്നു.

172 നിങ്ങൾ എന്നെ ദൈവത്തിന്റെ പ്രവാചകനെന്നു വിശ്വസിക്കുന്നോ? ഈ രാത്രിയിൽ നിങ്ങൾ കേട്ട ഈ എല്ലാ കാര്യങ്ങളും സത്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്നോ? ഇപ്പോൾ, നിങ്ങൾ ചെയ്തിരിക്കുന്ന എന്തെങ്കിലും ദൈവം എനിക്കു വെളിപ്പെടുത്തിയാലോ അതല്ല നിങ്ങൾ ചെയ്യേണ്ട എന്തെങ്കിലും ആയാലോ, അതല്ല നിങ്ങളിലുള്ള എന്തെങ്കിലും കുഴപ്പമോ, അതല്ല ആഗ്രഹം എന്തായിരുന്നാലും, അതു സത്യമാണോ അല്ലേ എന്നു നിങ്ങൾക്ക് അറിയാനാകും. നിങ്ങൾക്ക് അറിയാനാകില്ലേ? അവൻ അതു ചെയ്യുമെങ്കിൽ, അവൻ ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യൻ എന്നും, വിശുദ്ധ ലൂക്കൊസ് 17:30 പ്രത്യക്ഷമായി വന്നിരിക്കുന്നു എന്നുള്ള അവന്റെ വചനത്തെ തീർച്ചപ്പെടുത്തുമോ? നിങ്ങൾ അതു വിശ്വസിക്കുമോ?

173 ഇപ്പോൾ, കൈ ഉയർത്തിയിരിക്കുന്ന ആ മഹിള ഞങ്ങൾ അപരിചിതരാണ്. എനിക്ക് നിങ്ങളെ അറിയില്ല, എന്നാൽ ഒരു വ്യക്തിയുമായി, ഞാൻ അവളുടെ ആത്മാവുമായി ബന്ധം വെയ്ക്കാൻ ശ്രമിക്കുകയാണ്. അനേകർ വലിക്കുന്നുണ്ട്. ഇപ്പോൾ, ഇതു നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടും കൂടെ നിങ്ങൾ വിശ്വസിക്കുമോ?

ഇപ്പോൾ, അതു ആ ചെറിയ പെൺകുഞ്ഞിനു വേണ്ടിയാണ്. അതു നിങ്ങളല്ല. നിങ്ങൾ തളർന്നിരിക്കുന്നു, നിങ്ങളെ വിഷമിപ്പിക്കുന്ന ആ വിഷമത നിങ്ങളുടെ പ്രശ്നമല്ല. നിങ്ങളുടെ ഹൃദയത്തിലുള്ള ആ വലിയ കാര്യം ഈ പെൺകുഞ്ഞാണ്. അത് എന്താണെന്ന് ദൈവത്തിനു എന്നോടു പറയാനാകുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങൾ അതു വിശ്വസിക്കുമോ? അതു നിങ്ങളെ സഹായിക്കുമോ, അപ്പോൾ നിങ്ങൾ വിശ്വസിക്കുമോ? അത് തലച്ചോറിന്റെ ഒരു ക്ഷതമാണ്. അതു ശരിയല്ലേ? ഇപ്പോൾ നിങ്ങളുടെ കൈ ആ ചെറിയ കുഞ്ഞിന്റെ തലമേൽ വെയ്ക്കൂ; നിങ്ങളുടെ കൈ.

174 പ്രിയ ദൈവമേ, നീ പറഞ്ഞു, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. അവർ രോഗികളുടെ മേൽ കൈ വെയ്ക്കും, അവർ സുഖം പ്രാപിക്കും." ആ സ്ത്രീ ഒരു വിശ്വാസിയാണ്. അവളുടെ കൈ കുഞ്ഞിന്മേൽ വെച്ചിരിക്കുന്നു. അതു സുഖപ്പെടാൻ ഇടവരട്ടെ. യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

175 ഇപ്പോൾ നിങ്ങൾ, നിങ്ങൾ എല്ലാവരും വിശ്വസിക്കുന്നോ? നിങ്ങൾക്കു വിശ്വസിക്കാൻ കഴിഞ്ഞാൽ സകലതും സാദ്ധ്യമാണ്. തീർച്ചയായും.

176 അവളുടെ അടുത്തിരിക്കുന്ന സ്ത്രീയെ എനിക്കറിയാം, അവൾ വളരെ ആത്മാർത്ഥമായി ഈ വിധത്തിൽ നോക്കിക്കൊണ്ടിരിക്കുന്നു. എനിക്ക് അവളുടെ പേർ പറയാൻ കഴിയില്ല, എന്നാൽ ഞാൻ...ഞാൻ അവളെ ഒരു നിമിഷം നോക്കിയാൽ, എനിക്കത് അറിയാനാകും. കാഴ്ചയിൽ എനിക്ക് ആ സ്ത്രീയെ അറിയാമെന്നു തോന്നുന്നു, എന്നാൽ നിങ്ങളുടെ വിഷമത എന്താണെന്നു എനിക്കറിയില്ല. നിങ്ങൾ വിശ്വസിക്കുന്നോ ഞാൻ...നിങ്ങളുടെ വിഷമത എന്താണെന്നു ദൈവം എന്നെ അറിയിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങളെ... അതു നിങ്ങളെ സഹായിക്കുമോ? പഞ്ചസാര മൂലമുള്ള പ്രമേഹമാണ്. ഇപ്പോൾ, അതു ശരിയെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തിക്കാട്ടൂ. തീർച്ചയായും!

177 നിങ്ങളുടെ അടുത്തിരിക്കുന്ന മഹിള...കിടക്കുന്നതു കാണാൻ ഇടയായി, അവൾക്കും അതേ വിഷമത തന്നെ. അവൾ ഒരു അപരിചിതയാണ്. അടുത്ത മഹിള മറ്റാർക്കോ വേണ്ടി പ്രാർത്ഥിക്കുന്നു, ഒരു മുടന്തുള്ള കുഞ്ഞിനു വേണ്ടിയാണ്. ദൈവം അതു അനുവദിക്കുമെന്നു, നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ നിങ്ങൾ വിശ്വസിക്കുന്നോ?

178 ഇവിടെ പിന്നിലിരിക്കുന്ന ആരെങ്കിലും. അവിടെ ഇരിക്കുന്ന മനുഷ്യൻ, സിഗരേറ്റ് വലി ഉപേക്ഷിക്കാൻ ശ്രമിക്കുന്നു. താങ്കളിൽ നിന്നും അതു ദൈവം എടുത്തുകളയുമെന്നു വിശ്വസിക്കുന്നുവോ? ശരി. നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങൾക്ക് അതു എടുക്കാവുന്നതാണ്. എന്റെ ജീവിതത്തിൽ ഒരിക്കലും ആ മനുഷ്യനെ ഞാൻ കണ്ടിട്ടില്ല.

179 ഇവിടെ ഒരു മനുഷ്യൻ. ഒരു കസേരയോ അതോ കട്ടിൽ പോലെയുള്ള ഒന്നിൽ ഇവിടെ കിടക്കുന്ന ആ മനുഷ്യനു മേൽ ഒരു കറുത്ത നിഴൽ തൂങ്ങിക്കിടക്കുന്നില്ലേ? അവൻ മരിച്ചു കൊണ്ടിരിക്കുന്നു. അവൻ നിഴലിൻ കീഴിലാണ്. അവനു ക്യാൻസറാണ്. എനിക്ക് ആ മനുഷ്യനെ അറിയില്ല, ഒരിക്കലും അവനെ കണ്ടിട്ടുമില്ല.

നിങ്ങളെപ്പറ്റിയുള്ളതെല്ലാം ദൈവം അറിയുന്നു. അതു സത്യമാണ്, സർ. നിങ്ങളെപ്പറ്റി എന്തെങ്കിലും ദൈവത്തിനു എന്നോടു പറയാനാകും എന്നു നിങ്ങൾ വിശ്വസിക്കുന്നോ? അതു നിങ്ങളുടെ സൌഖ്യം സ്വീകരിക്കുന്നതിനു നിങ്ങളെ സഹായിക്കുമോ? [ആ സഹോദരൻ പറയുന്നു, "അതെ, എന്നെ സഹായിക്കും."—Ed.] നിങ്ങളെ ഇവിടെ കൊണ്ടുവന്നതു ഒരു സ്നേഹിതനാണ്. നിങ്ങൾ ഇവിടെ നിന്നുമല്ല, വളരെ ജനങ്ങൾ മീൻ പിടിക്കുന്ന ഒരു ജലാശയമുള്ളടുത്തു നിന്നു നിങ്ങൾ വന്നിരിക്കുന്നു. ["അതെ."] അതെ, അൽബേനി, കെന്റക്കി. ["അതു ശരിയാണ്."] അതു ശരിയാണ്. വിശ്വസിച്ചാൽ, നിങ്ങൾക്കു സുഖമായി, വീട്ടിലേക്ക് പോകാം. അതു പോയ്ക്കഴിഞ്ഞു എന്നു വിശ്വസിക്കുക. നിങ്ങൾ അതു വിശ്വസിക്കുമെങ്കിൽ! നിങ്ങൾ അതു തികച്ചും വിശ്വസിക്കേണം, അതു നിങ്ങൾക്കായി ചെയ്തിരിക്കുന്നു എന്നും വിശ്വസിക്കേണം. നിങ്ങൾ വിശ്വസിക്കുന്നോ?

180 നിങ്ങൾ, ടെന്നെസ്സെയിൽ നിന്നുമാണ്, ആസ്മ ബാധിച്ച ഒരു ബാലനുണ്ട്. ഇവിടെ ഇല്ല, എന്നാൽ അവൻ സുഖമായിരിക്കുന്നു നിങ്ങൾ വിശ്വസിക്കുന്നോ? എങ്കിൽ നിങ്ങളുടെ തുവാല എടുക്കു, നിങ്ങൾ...നിങ്ങളുടെ കയ്യിൽ ഇപ്പോഴുള്ളത്, അവനിലിടുക. നിങ്ങൾ അതു വിശ്വസിക്കുമെങ്കിൽ അവൻ സുഖം പ്രാപിക്കും.

181 ഡോക്ടർ വെയിലിന്റെ നേരെ എതിരെ അവിടെ ഇരിക്കുന്ന ആ മഹിള കരയുകയാണ്. അവളും കൂടെ, നിഴലിൻ കീഴിലാകുന്നു, ഒരു കറുത്ത നിഴലിനാൽ. എന്റെ ജീവിതത്തിൽ ഒരിക്കലും ഞാൻ ആ സ്ത്രീയെ കണ്ടിട്ടില്ല, എന്നാൽ അവൾക്കു ക്യാൻസറാണ്. അവൾക്കായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ അവൾ മരിച്ചുപോകും. മഹിളെ, അവൻ നിങ്ങളെ സൌഖ്യമാക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങൾക്കു കഴിയുമോ? നിങ്ങൾക്കു വിശ്വസിക്കാനായാൽ, നിങ്ങൾക്കു നിങ്ങളുടെ സൌഖ്യം സ്വീകരിക്കാം.

182 അവളുടെ തൊട്ടു പിന്നിൽ ഒരു മഹിള അവളുടെ വായിൽ ഒരു തുവാല വെച്ചുകൊണ്ട് ഇരിക്കുന്നു. അവൾക്കും കൂടെ കുടൽപ്പുണ്ണുള്ള, വയറുണ്ട്, രോഗിയാണ്. നിങ്ങൾക്കു ബോധക്കേടുണ്ടായിട്ട് നിലത്തു വീണുപോകുകയും ചെയ്യാറുണ്ട്. നിങ്ങളെ ഇവിടെ ആരോ കൂട്ടിക്കൊണ്ടു വന്നതാണ്. നിങ്ങൾക്കു സ്ത്രീസഹജമായ വിഷമതകളുണ്ട്. നിങ്ങൾ വിശ്വസിക്കുമെങ്കിൽ, നിങ്ങൾക്ക് സുഖം പ്രാപിച്ചു വീട്ടിലേക്ക് പോകാം.

183 ചെറുപ്പക്കാരനായ, നീ, നീ എനിക്കു ഒരു അപരിചിതനാണ്; എന്നെ നോക്കിക്കൊണ്ട്, നേരെ എന്റെ മുന്നിൽ തന്നെ ഇരിക്കുന്നു. എന്താണ് നീ, പ്യൂട്ടോറിക്കൻ അങ്ങനെയുള്ള എന്തെങ്കിലുമാണോ? അതെ, ഞാൻ അർത്ഥമാക്കിയതു,...?...! ഞാൻ നിനക്കു ഒരു

അപരിചിതനാണ്. നീ അത് അറിയുന്നു; നീ എന്റെ രാജ്യത്തിൽ നിന്നു പോലുമല്ല. എന്നാൽ നിന്റെ ഹൃദയാഭിലാഷം ദൈവം നിനക്കു തരുമെന്നു നീ വിശ്വസിക്കുന്നോ? നിന്റെ ആഗ്രഹം എന്താണെന്നു ഞാൻ പറഞ്ഞാൽ, നീ അതു സ്വീകരിക്കുമോ? നീ പരിശുദ്ധാത്മാഭിഷേകത്തിനായി ആരായുന്നു. അതു സത്യമാണ്. എന്റെ സഹോദരാ, പരിശുദ്ധാത്മാവ് സ്വീകരിച്ചു കൊള്ളുക.

184 ഇവിടെ വളരെ പിന്നിലായി ഒരു നിറക്കാരനായ മനുഷ്യൻ ഇരിക്കുന്നു, അവന്റെ ഹൃദയത്തിൽ ഒരു ഭാരമുണ്ട്. അതു അവന്റെ ഭാര്യയ്ക്കു വേണ്ടിയാണ്. അവൾ ഇവിടെപ്പോലും ആയിരിക്കുന്നില്ല. അവളുടെ കാലിന്റെ വിഷമതയാൽ കഷ്ടപ്പെടുന്നു. അവൻ അവളെ സൌഖ്യമാക്കുമെന്നു നീ വിശ്വസിക്കുന്നോ? നീ വിശ്വസിക്കുമോ? നീ ഇവിടെ ഒരു അപരിചിതനാണ്. നീ കടലിനപ്പുറത്തു നിന്നുമാണ്. നീ ജെമൈക്കയിൽ നിന്നും വന്നിരിക്കുന്നു. നീ ആരാണെന്നു ദൈവത്തിനു എന്നോടു പറയാനാകുമെന്നു നീ വിശ്വസിക്കുന്നുവോ? ശ്രീമാൻ. ബ്രാഡി. നീ വിശ്വസിക്കുന്നോ? യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ.

185 ശ്രീമതി. റൈറ്റിന്റെ അടുത്ത്, പിന്നിൽ ഈ അവസാനത്തിരിക്കുന്ന മഹിളയ്ക്ക്, തന്റെ ഹൃദയത്തിൽ ഒരു ഭാരമുണ്ട്. അവൾ ഒരു മകൾക്കായി പ്രാർത്ഥിക്കുന്നു. അവൾ ഒരു ശസ്ത്രക്രിയ നേരിടാൻ പോകുന്നു. അവൾക്കു വേണ്ടി, നിങ്ങളുടെ മുഴു ഹൃദയത്താലും നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങൾക്ക് അവളെ വിശ്വസിപ്പിക്കാൻ കഴിഞ്ഞാൽ അവൾക്കു അതിന്റെ ആവശ്യം വേണ്ടിവരില്ല. സൌഖ്യമാക്കാൻ എനിക്ക് കഴിയില്ല.

186 ഏറ്റവും പിന്നിലായി ശിശുപരിപാലനസ്ഥലത്ത്, കർത്താവിന്റെ ആത്മാവിനെ ഞാൻ കാണുന്നു, ഒരു ദൂതൻ, ശിശുപരിപാരനസ്ഥലത്തു ഒരു വെളിച്ചം നീങ്ങിക്കൊണ്ടിരിക്കുന്നു. അതൊരു ചെറുപ്പക്കാരി സ്ത്രീയുടെ മേലാണ്, അവൾക്ക് ആത്മീയമായ ഒരു വിഷമതയുണ്ട് അവൾ അതിനെപ്പറ്റി ആശ്ചര്യപ്പെടാറുണ്ട്. എങ്ങനെയോ, ഞാൻ ആ സ്ത്രീയെ അറിയുന്നതുപോലെ ഞാൻ കാണുന്നു. ചെറുപ്പക്കാരിയായ മഹിള. അവൾക്കു സ്ത്രീസഹജമായ ഒരു ക്രമഭംഗമുണ്ട്. അതെ. അവളുടെ പേർ ശ്രീമതി. വെസ്റ്റ് എന്നാണ്, അലാബാമായിൽ നിന്നുള്ള, ശ്രീമതി. ഡേവിഡ് വെസ്റ്റ്. വിശ്വസിക്കു; ദൈവം നിനക്ക് അതു അനുവദിക്കും.

187 "മനുഷ്യ പുത്രൻ വെളിപ്പെടുന്ന ആ നാളിൽ, വെളിച്ചമുണ്ടാകും." അതു യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനല്ല എങ്കിൽ, പിന്നെ അതിനെപ്പറ്റി എനിക്ക് ഒന്നും അറിയില്ല. നിങ്ങൾ

അതു വിശ്വസിക്കുന്നോ? അതു വിശ്വസിക്കുന്ന ഏവർക്കും അതു സാദ്ധ്യമാണ്.

188 ഇപ്പോൾ രാജ്യത്തെമ്പാടും ഉച്ചഭാഷണികൾക്കു ചുറ്റിനും, ഈ ടെബർണക്കിളിലും ഇരിക്കുന്നവരിൽ, എത്രപേർ അവരവരുടെ കൈകളെ ഉയർത്തിക്കൊണ്ടു "ഞാൻ ഒരു വിശ്വാസിയാണ്," എന്നു പറയും? ഇപ്പോൾ, പുറം ദേശത്തും, ഇവിടെയും ഇരിക്കുന്നവർ, കൈകൾ ഉയർത്തിയിരിക്കുന്ന ഓരോരുത്തരും. വളരെ ദൂരെയായി, രാജ്യത്ത് എവിടെ ആയിരുന്നാലും, നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തിയിരിക്കുന്നവർ, സംശയവും പാടില്ല. ഇപ്പോൾ നിങ്ങളുടെ കണ്ണുകൾ അടച്ചുകൊണ്ട്, അടുത്തിരിക്കുന്ന ആരുടെയെങ്കിലും മേൽ നിങ്ങളുടെ കൈകളെ വെച്ചാലും. അവരുടെ ഒരു കയ്യിൽ പിടിച്ചിട്ട്, നിങ്ങളുടെ കൈ അവരുടെ തോളിൽ വെയ്ക്കു. ഞാൻ എന്റെ കൈ തുവാലകളിന്മേൽ വെച്ചിരിക്കുന്നു. ഇന്നു എന്തു ചെയ്തിരിക്കുന്നു എന്നു നോക്കു! ഇപ്പോൾ എന്തു ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നു നോക്കു!

അവന്റെ പരിപാവനമായ മുഖം ദർശിപ്പിൻ
ദിവ്യ സ്നേഹത്താൽ ജ്വലിക്കുന്നു;
അവന്റെ കൃപയുടെ ധന്യ പങ്കാളികളായി,
അവന്റെ കിരീടത്തിന്റെ തിളങ്ങുന്ന മുത്തുകളായി.

ഇപ്പോൾ പ്രാർത്ഥിക്കാം. എല്ലായിടത്തുമുള്ളവരും, നമുക്ക് പ്രാർത്ഥിക്കാം.

189 പ്രിയ ദൈവമേ, ആ മണിക്കൂർ ആഗതമായിരിക്കുന്നു. ഇതു അർത്ഥമാക്കുന്നതു എന്താണ്? ദൈവം തന്റെ വചനം നിറവേറ്റുന്നു! ആകർഷണം എന്താണ്, കർത്താവെ? അതു ദൈവം തന്റെ വചനം നിറവേറ്റുന്നതാകുന്നു. ടെലിഫോണിന്റെ മാദ്ധ്യമത്തിലൂടെ, ഈ രാജ്യത്തിൽ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്നതു എന്താണ്? ഒരു തീരം മുതൽ മറ്റെ തീരം വരെ നൂറു കണക്കിനു ജനങ്ങൾ ഒരാൾ മറ്റെയാളിന്റെ മേൽ കൈകൾ വെച്ചിരിക്കുന്നു, വടക്കു മുതൽ തെക്കു വരെയും, കിഴക്കു മുതൽ പടിഞ്ഞാറുവരെയും ആകുന്നുവല്ലോ? ഇവിടെ ഇതാ വിദേശത്തെ ജനങ്ങൾ പോലും ഇരിക്കുന്നു, മെക്സിക്കോയിലും, കാനഡയിലും, അനേക സംസ്ഥാനങ്ങളിൽ ഉള്ളവരായി ഞങ്ങൾ തമ്മിൽ തമ്മിൽ കൈകളെ വെച്ചിരിക്കുന്നു. ദൈവം തന്റെ വചനത്തെ നിറവേറ്റുന്നു!

190 ഒരു വ്യക്തിയ്ക്കു ഇവിടെ നിന്നുകൊണ്ട് പരിശുദ്ധാത്മാവിനാൽ അവൻ ശിമോൻ പത്രോസിനോടു ചെയ്തതുപോലെ ഒരു മനുഷ്യനെ വിളിക്കാൻ കഴിയുന്നത് എങ്ങനെ? "നിന്റെ പേർ ശിമോൻ, നീ യോനായുടെ മകൻ."

“പോയി നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടു വരൂ.”

“എനിക്ക് ഭർത്താവില്ല.”

“സത്യം തന്നെ. നിനക്കു അഞ്ചുണ്ടായിരുന്നു.”

191 അവൾ പറഞ്ഞു, “ഇതു ചെയ്യാനായി മശീഹാ വരുന്നു എന്നു ഞാൻ അറിയുന്നു, എന്നാൽ നീ ആരാണ്?”

അവൻ പറഞ്ഞു, “ഞാൻ തന്നെ അവൻ.”

192 നീ ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാകുന്നു. നീ വാഗ്ദത്തം ചെയ്തിരിക്കുന്നു, “ഞാൻ ചെയ്യുന്ന പ്രവർത്തികൾ നിങ്ങളും ചെയ്യും. ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ അവയിൽ കൂടുതലും ചെയ്യും.” “ഇതാ, അവസാന നാളിൽ, പ്രവാചകനായ, ഏലീയാവിനെ ഞാൻ നിങ്ങളുടെ അടുക്കൽ അയയ്ക്കും, അവൻ ജനങ്ങളുടെ വിചാരങ്ങളെ മാറ്റും, ബൈബിളിലെ അപ്പോസ്തലിക ഉപദേശത്തിലേക്ക് മക്കളുടെ ഹൃദയത്തെ അവൻ തിരികെ കൊണ്ടുപോകും.” “സന്ധ്യാ സമയം ആകുമ്പോഴേക്കും വെളിച്ചമുണ്ടാകും.”

193 സ്വർഗ്ഗത്തിലെ മഹാനായ ദൈവമേ, ഞങ്ങൾ ഇവിടെയാകുന്നു! ആ മണിക്കൂർ ഇവിടെയാകുന്നു! കരങ്ങൾ ജനങ്ങളുടെ മേൽ വെയ്ക്കപ്പെട്ടിരിക്കുന്നു.

194 സാത്താനെ, നീ തോറ്റിരിക്കുന്നു. നീ ഒരു കളവു പറയുന്നവനാണ്. ദൈവത്തിന്റെ ഒരു ദാസനായും, ദാസന്മാരുമായി, യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇതു കല്പിക്കുന്നു, “അവർ എന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കും,” എന്നു എഴുതിയിരിക്കുന്നതിനാൽ, നീ ദൈവ വചനത്തെ അനുസരിച്ച്, ജനങ്ങളിൽ നിന്നും പുറത്തു പോകുക.

195 സകല ജനങ്ങളും സ്വതന്ത്രരായി തീരട്ടെ. ഇതു അനുവദിക്കേണം, പ്രിയ ദൈവമേ. കാൽവരി മലയിലെ ആകർഷണമായ ആ ദിവസം, എല്ലാ രോഗങ്ങളെയും പിശാചിന്റെ സകല പ്രവർത്തികളെയും, സ്വർഗ്ഗത്തിലെ ദൈവമായി നീ തോല്പിച്ചു. നീ ദൈവമാകുന്നു. ജനങ്ങൾ നിന്റെ അടിപ്പിണരിനാൽ സൌഖ്യം പ്രാപിച്ചിരിക്കുന്നു. അവർ സ്വതന്ത്രരാകുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

196 ദൈവമേ, ഇവിടെ കിടക്കുന്ന ഓരോ തുവാലയും, ദൈവത്തിന്റെ ആത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുമ്പോൾ, യേശുക്രിസ്തുവിന്റെ അഭിഷേകം ജനങ്ങളിൽ ഉണ്ടായിരിക്കുമ്പോൾ, തന്റെ മഹത്തായ വാഗ്ദത്തങ്ങൾ നിറവേറും എന്നു വാഗ്ദത്തം ചെയ്തിരുന്ന വേളയിൽ, ഭൂമി കിടുകിടുക്കുന്നു, ഭൂമികുലുക്കങ്ങൾ ഉണ്ടാകുന്നു, അവൻ പറഞ്ഞിരുന്ന മഹത്തായ അടയാളങ്ങളും, തിരുവെഴുത്തുകളും നിറവേറുകയും,

സന്ധ്യാ സമയ വെളിച്ചവും വന്നിരിക്കുകയും ചെയ്തിരിക്കുന്നു. വടക്കു മുതൽ തെക്കു വരെയും, കിഴക്കു മുതൽ പടിഞ്ഞാറു വരെയും ഉള്ള സകല വിശ്വാസികളുടെ മുഴുവൻ ശരീരത്തെയും പ്രതിനിധാനം ചെയ്തുകൊണ്ട്, തുവാലകൾക്കു കുറുകെ ഞാൻ എന്റെ ശരീരത്തെ ഇടുന്നു; ദൈവ വചനത്തിന്റെ മഹത്വത്തിനും പുകഴ്ച്ചയ്ക്കുമായി, പിശാചിനോടു "യേശുക്രിസ്തുവിന്റെ നാമത്തിൽ, ഈ തുവാലകൾ ഇടുന്ന ഓരോ രോഗിയിൽ നിന്നും പുറത്തു വരിക," എന്നു കല്പിക്കുന്നു. ദൈവ വചനത്തിന്റെ നാമമായ, നസ്സറേയനായ യേശുക്രിസ്തുവിൻ നാമത്തിൽ. ആമേൻ.

197 ഇപ്പോൾ, ശാന്തമായി, സ്വബോധത്തോടെ, ഗൌരവത്തോടെ, വിശ്വാസികളായി, നിങ്ങളുടെ നേരായ മനസ്സുകളിൽ, യേശുക്രിസ്തുവിന്റെ നാമത്തിൽ, സർവ്വശക്തനായ ദൈവത്തെ നിങ്ങൾ വിശ്വസിക്കുകയും നിങ്ങളുടെ രോഗ സൌഖ്യത്തെ നിങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നോ? നിങ്ങൾ ചെയ്യുന്നെങ്കിൽ, നിങ്ങളുടെ കൈകളെ ഉയർത്തിപ്പിടിക്കുക. സകല ദേശത്തും ആയിരിക്കുന്നവർ, അവിടെ വെച്ചു തന്നെ നിങ്ങളുടെ കൈകളെ ഉയർത്തിപ്പിടിക്കുവിൻ. ഇവിടെയുള്ള ഓരോ വ്യക്തിയും, എനിക്ക് കാണാൻ കഴിയുന്നിടത്തോളം ആയിരിക്കുന്നവർ, തങ്ങളുടെ കൈകളെ ഉയർത്തി പിടിച്ചിരിക്കുന്നു; അകത്തും, പുറത്തും, ജനാലയുടെ മറുവശത്തും, വാതിലുകളിലും, ശിശുപരിപാലന സ്ഥലത്തും, ചുറ്റിനും എല്ലായിടത്തും, ജനങ്ങൾ അവരുടെ കൈകളെ ഉയർത്തിപ്പിടിച്ചിരിക്കുന്നു. അവർ അതു സ്വീകരിച്ചിരിക്കുന്നു. സാത്താൻ തോറ്റിരിക്കുന്നു! യേശുക്രിസ്തുവിന്റെ അടിപ്പിണർ നിങ്ങളെ സുഖമാക്കിയിരിക്കുകയും, യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം അവൻ ഇന്നും ജീവിക്കുന്നു എന്നും, അവൻ വാഗ്ദത്തം ചെയ്തിരിക്കുന്ന വാഗ്ദാനത്തെ എപ്പോഴും കാക്കുന്നു എന്ന സത്യത്തെ ദൃഢീകരിക്കുകയും ചെയ്യുന്നു. ആമേൻ! ഞാൻ അവനെ വിശ്വസിക്കുന്നു. നിങ്ങളും വിശ്വസിക്കുന്നില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]

198 ഇപ്പോൾ നമുക്ക് നമ്മുടെ കാലുകളിൽ എഴുന്നേറ്റു നിൽക്കാം. കർത്താവായ യേശുവിന്റെ നാമത്തിൽ, പറഞ്ഞതോ ചെയ്തതോ ആയ സകലത്തെയും സ്വീകരിക്കാം. നമ്മുടെ മുഴു ഹൃദയങ്ങളാലും നാം അവനെ സ്നേഹിക്കുന്നു. നമ്മിലുള്ള എല്ലാമായി നാം അവനെ വിലപ്പെട്ടതായി കരുതുന്നു. ഇപ്പോൾ ഇന്നു രാത്രി ഇവിടെ നിന്നും നിങ്ങളുടെ വ്യത്യസ്ത വീടുകളിലേയ്ക്ക് പോകുമ്പോൾ, ദൈവം നിങ്ങളോടൊപ്പം പോകാൻ ഇടയാകട്ടെ. നിങ്ങൾക്കു

പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ ദൈവം നിങ്ങൾക്കു പരിശുദ്ധാത്മാവ് നൽകാനിടയാകട്ടെ.

199 ഇവിടെയുള്ള, പുരുഷനോ, സ്ത്രീയോ, ബാലനോ അതോ ബാലികയോ, ആരായാലും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏറ്റിട്ടില്ലെങ്കിൽ, വസ്ത്രങ്ങളും, കുളവും തയ്യാറാണ്. ഇന്നു ചെയ്യാനാകുന്ന കാര്യങ്ങൾ നാളെയ്ക്ക് മാറ്റി വെയ്ക്കരുത്. ഒരുപക്ഷേ നാളെ വളരെ താമസിച്ചുപോയെന്നുവരാം. "അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി." അവിടെ ധർമ്മോപദേശികളും, വസ്ത്രങ്ങളും, കാത്തു നില്ക്കുന്നു. ഒരു ഒഴികഴിവുമില്ല. നിങ്ങൾ കാത്തിരിക്കുകയാണോ? നിങ്ങൾ വിശ്വസിച്ച്, നിങ്ങൾ തയ്യാറാണെങ്കിൽ, നിങ്ങൾ എങ്ങനെ സ്നാനമേറ്റു എന്നു കണക്കാക്കുന്നില്ല, തളിക്കപ്പെട്ടുകയോ, ഒഴിക്കപ്പെട്ടുകയോ, അതു എന്തായാലും, അതു ശരിയായ രീതിയല്ല. വെളിച്ചം വന്നിരിക്കുന്നു. വരൂ, വിശ്വസിച്ചുകൊണ്ടു സ്നാനമേല്ക്കൂ.

200 പരിശുദ്ധാത്മാവിനെ കൂടാതിരിക്കുന്ന ഓരോരുത്തരും, നിങ്ങൾ ഓരോരുത്തരും, പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഇടയാകട്ടെ, പൂർണ്ണമായ ദിവ്യ ശക്തിയാലും അധികാരത്തിലും, അവൻ നിങ്ങളെ അവനിൽ ഒരു പുതിയ സൃഷ്ടിയാക്കും, എന്ന് നിങ്ങൾക്കു വാഗ്ദത്തം തന്നിരിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

201 ഇപ്പോൾ, അടുത്ത ഞായറാഴ്ച രാവിലെ ഒമ്പതു മുപ്പതു വരെ, വളരെ വർഷങ്ങൾക്ക് മുമ്പു നാം പാടിയിരുന്ന ആ ചെറിയ പാട്ടു നമുക്ക് പാടാം.

കുടുംബ പ്രാർത്ഥന മറക്കരുത്,
യേശു നിങ്ങളെ അവിടെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നു;
അവൻ നിങ്ങളുടെ സകല ആവശ്യവും നിറവേറ്റും,
കുടുംബ പ്രാർത്ഥന മറന്നുപോകരുത്.

ഇപ്പോൾ നമുക്ക് അതു ഒരുമിച്ചു പാടാം.

കുടുംബ പ്രാർത്ഥന മറക്കരുത്,
യേശു നിങ്ങളെ അവിടെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നു;
അവൻ നിങ്ങളുടെ സകല ആവശ്യവും നിറവേറ്റും,
കുടുംബ പ്രാർത്ഥന മറന്നുപോകരുത്.

202 ഇപ്പോൾ നമ്മൾ അതു വീണ്ടും പാടുമ്പോൾ, നിങ്ങളുടെ അടുത്തു നില്ക്കുന്ന ഒരു തീർത്ഥയാത്രിയുമായി നിങ്ങൾ കൈ പിടിച്ചു കുലുക്കുക, നോക്കു, നാം അതു പാടുമ്പോൾ.

കുടുംബ പ്രാർത്ഥന മറക്കരുത്,
യേശു നിങ്ങളെ അവിടെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നു;
അവൻ നിങ്ങളുടെ സകല ആവശ്യവും നിറവേറ്റും,
കുടുംബ പ്രാർത്ഥന മറന്നുപോകരുത്.

203 നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ? ഞാൻ അവനെ സ്നേഹിക്കുന്നു. ഞാൻ അവനെ സ്നേഹിക്കുന്നത് എന്തുകൊണ്ടെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു എൻ രക്ഷയെ വിലയ്ക്കു വാങ്ങി, കാൽവരി മലയിൽ (അതായിരുന്നു ആ ആകർഷണം). അതേ ആകർഷണം തന്നെ സൺസെറ്റ് മലയിലും, നെബോ മലയിലും, സീനായ് മലയിലും, എല്ലാ വ്യത്യസ്ത മലമുകളിലുള്ള പ്രവർത്തിപരിചയങ്ങളിലും ആയിരുന്നു. എങ്കിൽ, ശരി, ഇപ്പോൾ നമുക്കതു പാടാം.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
  സ്നേഹിക്കുന്നു
കാരണം അവൻ എന്നെ മുൻസ്നേഹിച്ചു
വിലയ്ക്കു...രക്ഷയെ
കാൽവരി മരത്തിന്മേൽ.

204 അവനെ സ്നേഹിക്കുന്ന സകലരും പറയൂ, "ആമേൻ" [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] അത് അങ്ങനെ ആകട്ടെ! ഇപ്പോൾ അവൻ നിങ്ങൾക്കായി എന്തു ചെയ്തിരിക്കുന്നു എന്നു ചിന്തിച്ചുനോക്കൂ; ചിന്തിക്കൂ, നിങ്ങൾ ഇന്നു രാത്രിയിൽ അവിടെ മദ്യശാലയിൽ ആയിരിക്കാമായിരുന്നു. ഒരുപക്ഷേ നിങ്ങൾ ഇന്നു ദൈവത്തിന്റെ കൃപ കൂടാതെ, ഞാൻ ആയിരിക്കേണ്ടിയിരുന്ന ശവക്കല്ലറയിൽ ആയിരിക്കാമായിരുന്നു. അവൻ നിങ്ങൾക്കായി എന്തു ചെയ്തിരിക്കുന്നു? ഓ, നമുക്ക് എങ്ങനെ അവനെ സ്നേഹിക്കാതിരിക്കാനാകും? ആർ എന്തു പറഞ്ഞാലും ഒരു വ്യത്യാസവും വരുത്തുന്നില്ല, അവൻ ആദ്യമാകുന്നു.

205 ഇപ്പോൾ അവനായി നാം പാടുമ്പോൾ, നമുക്ക് നമ്മുടെ കണ്ണുകളെ അടച്ച്, നമ്മുടെ തലകളെ കുമ്പിട്ടുകൊണ്ട് നില്ക്കാം. അവൻ പാട്ടുകൾ, സ്തുതിഗീതങ്ങൾ പാടുന്നതു ഇഷ്ടപ്പെടുന്നു. ഇപ്പോൾ നമുക്ക് അവനായി പാടാം.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
  സ്നേഹിക്കുന്നു
കാരണം അവൻ എന്നെ മുൻസ്നേഹിച്ചു
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

206 അവന്റെ സന്നിധിയിൽ നമ്മുടെ തലകളും ഹൃദയങ്ങളും കുമ്പിട്ടിരിക്കുമ്പോൾ, നമ്മുടെ കണ്ണുകൾ കണ്ടതിനും, നമ്മുടെ കാതുകൾ കേട്ടതിനും കൃതജ്ഞതയുണ്ട്, ദൈവത്തിന്റെ വചനത്തിൽ ആലേഖനം ചെയ്തിരിക്കുന്നതു എന്തെല്ലാം, ഇന്നേയ്ക്ക് നമുക്കുള്ള അവന്റെ വാഗ്ദത്തങ്ങൾ എന്തെല്ലാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

207 ഇന്നു രാത്രിയിൽ നമ്മോടൊപ്പം ഒരു—ഒരു അതിഥിയുണ്ട്, ഒരു സഹോദരൻ, നെഡ് ഇവേർസൻ, മുമ്പ് ഒരു പ്രിസ്ബിറ്റേറിയൻ ധർമ്മോപദേശിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവും, അദ്ദേഹത്തിന്റെ സഹോദരന്മാരും, പ്രിസ്ബിറ്റേറിയൻ ധർമ്മോപദേശികളാണ്. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു, അദ്ദേഹം, യേശുക്രിസ്തുവിന്റെ നാമത്തിൽ, ഇന്നു വീണ്ടും, സ്നാനമേറ്റു എന്നാണ്. ഒരു ധർമ്മോപദേശിയായി, അദ്ദേഹം അതു ചെയ്തതു ഒരു നല്ല കാര്യമാണ്. ഇപ്പോൾ അദ്ദേഹം ദൈവത്തിന്റെ ദാസന്മാരോടൊപ്പം ആയിരിക്കുന്നതിനാൽ, നിങ്ങൾ നിങ്ങളുടെ വീട്ടിലേക്ക് പോകുന്നേരം ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുമോ എന്നു, ഞാൻ അദ്ദേഹത്തോടു ചോദിക്കാൻ പോകുന്നു.

208 സഹോദരൻ ഇവേർസൻ, പ്രാർത്ഥനക്കായി ഞങ്ങളുടെ തലകളെ കുമ്പിട്ടിരിക്കുമ്പോൾ, മുന്നോട്ടു കടന്നു വരൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരാ.

***മലയിലെ ആകർഷണം എന്താണ്?*** MAL65-0725E

(What Is The Attraction On The Mountain?)

ഈ സന്ദേശം ബ്രദർ വില്യം മാരിയൻ ബ്രൺഹാം, 1965, ജൂലായ് 25-ാം തീയതി, ഞായറാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ, ഇൻഡ്യാനയിലുള്ള, ജെഫെർസൺവില്ലെ ബ്രൺഹാം ടെബർണക്കിളിൽ വെച്ചു പ്രസംഗിച്ചു. ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക്, അതിൽ നിന്നും ചുരുക്കാതെ കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാള പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2019 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org